# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

**2024-2025**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**കോട്ടയം-686001**

**ഇ-മെയിൽ: doktm.ksad@kerala.gov.in**
**ഫോൺ : 0481-2564886**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ്എകെടിഎം പി 8-965/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 11/09/2025
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ്എകെടിഎം പി 8-965/2025 തീയ്യതി: 11/09/2025

# കോട്ടയം ജില്ലയിലെ തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 02-10-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2024 മുതൽ 31-03-2025 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 31 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 22 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമ്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 13-06-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ മാത്യു ജേക്കബ് | ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.) | 04-06-2025 | 13-06-2025 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 04-06-2025 | 13-06-2025 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീമതി സുലത ഡി., ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീമതി സുധ ജേക്കബ്, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീമതി സജിമോൾ.വി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ യോഗേഷ് ആർ., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ ജോഷി തോമസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ഷാജിമോൾ എൻ | പ്രസിഡന്റ് | 01-04-2024 | 30-11-2024 |
| ശ്രീമതി ഷിജി വിൻസന്റ് | പ്രസിഡന്റ് | 20-12-2024 | 31-03-2025 |
| ശ്രീമതി ഷാലിനി വർഗ്ഗീസ് | സെക്രട്ടറി | 01-04-2024 | 03-09-2024 |
| ശ്രീമതി വിദ്യ പി.വി. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 04-09-2024 | 24-09-2024 |

| | | | |
|---|---|---|---|
| ശ്രീ രാജേഷ് ജോസ് | സെക്രട്ടറി | 25-09-2024 | 31-03-2025 |
| ശ്രീമതി ലിസമ്മ ജോസഫ് | പ്രസിഡൻ്റ് | 01-12-2024 | 19-12-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ഗ്രീഷ്മ വിജയൻ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2024 | 31-03-2025 |
| ഡോ.മിനി ജോസഫ് | വെറ്ററിനറി സർജൻ | 01-04-2024 | 31-03-2025 |
| ഡോ.ബിജു ജോൺ | മെഡിക്കൽ ഓഫീസർ സി എച്ച് സി | 01-04-2024 | 09-09-2024 |
| ഡോ. വിനീത സൈമൺ | മെഡിക്കൽ ഓഫീസർ സി എച്ച് സി | 10-09-2024 | 27-10-2024 |
| ഡോ. രേഖ | മെഡിക്കൽ ഓഫീസർ സി എച്ച് സി | 28-10-2024 | 31-03-2025 |
| ശ്രീമതി ബീനാ റഹ്മാൻ | അസിസ്റ്റൻ്റ് എഞ്ചിനീയർ | 01-04-2024 | 11-09-2024 |
| ശ്രീമതി സൗമ്യ | അസിസ്റ്റൻ്റ് എഞ്ചിനീയർ | 12-09-2024 | 31-03-2025 |
| ശ്രീമതി സിന്ധ്യ എൽ കെ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീ ഹരികുമാർ വി കെ | വി ഇ ഓ തലയോലപ്പറമ്പ് | 01-04-2024 | 31-03-2025 |
| ശ്രീമതി സൂര്യ കെഎസ് | വി ഇ ഓ പൊതി | 01-04-2024 | 03-02-2025 |
| ഡോ.ഹേമ ജി നായർ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2024 | 31-03-2025 |
| കുമാരി അനഘ ആർ. | കൃഷി ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീമതി സന്ധ്യ എസ് സി | അസിസ്റ്റൻ്റ് സെക്രട്ടറി | 01-04-2024 | 03-09-2024 |
| ശ്രീമതി വിദ്യ പി.വി. | അസിസ്റ്റൻ്റ് സെക്രട്ടറി | 04-09-2024 | 01-11-2024 |
| ശ്രീ വേണു വി.പി. | അസിസ്റ്റൻ്റ് സെക്രട്ടറി | 02-11-2024 | 31-03-2025 |
| ശ്രീ ഹരികുമാർ വി കെ | വി ഇ ഓ പൊതി (വി ഇ ഓ ഇൻ ചാർജ്) | 04-02-2025 | 31-03-2025 |
| ശ്രീമതി ബിന്ദു എൽ | ഹെഡ്മിസ്ട്രസ്സ് (ജി.എൽ.പി.എസ് തലയോലപ്പറമ്പ്) | 01-04-2024 | 31-05-2024 |
| ശ്രീമതി ആൽഫി ജോസഫ് എം | ഹെഡ്മിസ്ട്രസ്സ് (ജി.എൽ.പി.എസ് തലയോലപ്പറമ്പ്) | 01-06-2024 | 17-06-2024 |
| ശ്രീമതി ജയറാണി | ഹെഡ്മിസ്ട്രസ്സ് (ജി.എൽ.പി.എസ് തലയോലപ്പറമ്പ്) | 18-06-2024 | 31-03-2025 |

(01.12.2024 മുതൽ 19.12.2024 വരെ ശ്രീമതി ലിസമ്മ ജോസഫ് പ്രസിഡൻ്റിൻ്റെ അധിക ചുമതല വഹിച്ചിരുന്നു.)

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ടിന്റെ കൃത്യത വ്യക്തമല്ല | 1-1-1 |
| 2 | ഓഡിറ്റ് സർട്ടിഫിക്കറ്റ് 2024-25 | 1-1 |
| 3 | ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ വിശദാംശം ലഭ്യമല്ല | 1-1-2 |
| 4 | ആസ്തി മൂല്യനിർണ്ണയം നടത്തിയിട്ടില്ല | 1-1-3 |
| 5 | സ്ഥിരനിക്ഷേപത്തിന്റെ നീക്കിയിരിപ്പ് വാർഷികകണക്കുകളുമായി പൊരുത്തപ്പെടുന്നില്ല | 1-1-4 |
| 6 | സഞ്ചിത മൂല്യശോഷണം ആസ്തിയേക്കാൾ അധികരിച്ചു | 1-1-5 |
| 7 | 31/03/2025 വരെയുള്ള ചെലവുകൾ 2024-25 വർഷം Payable ആയി അക്കൗണ്ട് ചെയ്തില്ല | 1-1-6 |
| 8 | തൊഴിലുറപ്പ് പദ്ധതി വരവ് ചെലവ് കണക്കുകൾ കൃത്യമായി അക്കൗണ്ട് ചെയ്തിട്ടില്ല | 1-1-7 |
| 9 | Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല | 1-1-8 |
| 10 | ബജറ്റ് | 1-2 |
| 11 | സാമ്പത്തിക വിശകലനം | 1-3 |
| 12 | ഗ്രാന്റ് വിനിയോഗം | 1-4 |
| 13 | വാർഷികപദ്ധതി | 1-5 |
| 14 | മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി | 1-6 |
| 15 | സാമൂഹ്യസുരക്ഷ പദ്ധതികൾ | 1-7 |
| 16 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 17 | ആഭ്യന്തരനിയന്ത്രണസംവിധാനം | 1-9 |
| 18 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 19 | പലിശരഹിത സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ തനത്ഫണ്ട് സൂക്ഷിക്കുന്നു -പലിശയിനത്തിൽ ഗണ്യമായ തുക വരുമാന നഷ്ടം | 1-11 |
| 20 | ധനകാര്യകമ്മീഷൻ ഗ്രാന്റ് (അൺടൈഡ്)- ഒന്നാം ഗഡുവായ 1458500/- രൂപ ബാങ്ക് അക്കൗണ്ടിൽ ക്രഡിറ്റായില്ല | 1-12 |
| 21 | സ്ഥിരനിക്ഷേപ പലിശയിൽ നിന്നും കിഴിവ് ചെയ്ത ആദായനികുതി തിരികെ ലഭ്യമായില്ല | 1-13 |
| 22 | സ്ഥാപനങ്ങളുടെ ലിസ്റ്റ് പൂർണ്ണമല്ല-തൊഴിൽ നികുതി സ്റ്റേറ്റ്മന്റിൽ ശരിയായ രീതിയിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല - വരുമാന നഷ്ടം ഉണ്ടാക്കുന്നു. | 1-14 |
| 23 | ഓഡിറ്റ് ഇംപാക്ട് -ജീവനക്കാരുടെ തൊഴിൽ നികുതി ഇനത്തിൽ കുറവുവന്ന 2600/- രൂപ ഒടുക്കി - | 1-15 |
| 24 | തൊഴിൽ നികുതി – സ്വയം തൊഴിലിൽ ഏർപ്പെടുന്നവരിൽ നിന്ന് നികുതി ഈടാക്കുന്നില്ല | 1-16 |
| 25 | വിനോദനികുതി സെസ് സർക്കാരിലേക്ക് തിരിച്ചടച്ചില്ല. | 1-17 |
| 26 | IFTE & OS ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. | 1-18 |
| 27 | ജിംനേഷ്യം 1963 ലെ കേരള പ്ലയ്സ് ഓഫ് പബ്ലിക് റിസോർട്ട് ആക്റ്റ് പ്രകാരമുള്ള ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു | 1-19 |
| 28 | ബാരൽവിലയും ജിഎസ് റ്റിയും പ്രത്യേകമായി കണക്കാക്കി നിശ്ചിത ശീർഷകങ്ങളിൽ അടവാക്കിയിട്ടില്ല. | 1-20 |
| 29 | ഗുണഭോക്തൃ വിഹിതം ഉറപ്പു വരുത്താതെ വിവിധ പ്രോജക്ടുകൾക്ക് വാങ്ങൽ-1.23 ലക്ഷം വികസന ഫണ്ട് സർക്കാരിലേക്ക് അടച്ചു | 1-21 |
| 30 | അനർഹമായി കൈപ്പറ്റിയ പെൻഷൻ തുക തിരികെ ഈടാക്കിയിട്ടില്ല | 1-22 |
| 31 | എം.സിഎഫ് നിർമ്മാണം - കെട്ടിടത്തിന് സ്ഥലപരിമിതിയും അടിസ്ഥാനസൗകര്യങ്ങളുടെ അഭാവവും നിലനിൽക്കുന്നു , പ്രോജക്ട് ലക്ഷ്യം കൈവരിച്ചിട്ടില്ല. | 1-23 |
| 32 | പ്രോജക്ട്പ്രകാരം പഞ്ചായത്ത് വാങ്ങിയ സ്കൂൾ വാഹനം കത്തിനശിച്ചത് - നഷ്ടപരിഹാരം ലഭ്യമായിട്ടില്ല | 1-24 |
| 33 | അഗതിരഹിതകേരളം പദ്ധതി- സി.ഡി.എസ് അക്കൗണ്ടിൽ 42 ലക്ഷത്തിലധികം രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നു | 1-25 |
| 34 | പൊതുടാപ്പുകളുടെ വെള്ളക്കരമടവാക്കൽ – രേഖകൾ പൂർണമല്ല-കൃത്യമായ കുടിശ്ശികകണക്ക് ലഭ്യമല്ല- | 1-26 |

| | | |
|---|---|---|
| 35 | തെരുവ് വിളക്ക് പരിപാലനം- രേഖകൾ കൃത്യമായി സൂക്ഷിയ്ക്കുന്നില്ല- | 1-27 |
| 36 | ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്ന് വാങ്ങൽ-85485/-രൂപയുടെ മരുന്ന് ലഭ്യമായിട്ടില്ല | 1-28 |
| 37 | പാലിന് സബ്സിഡി- ഗുണഭോക്താവിന് ആനുകൂല്യം ലഭ്യമാകുന്നതിന് തുടർനടപടികൾ സ്വീകരിച്ചില്ല | 1-29 |
| 38 | ലൈഫ് ഭവനപദ്ധതി- അഡ്വാൻസ് കൈപ്പറ്റിയ ഗുണഭോക്താക്കൾ നാളിതുവരെ ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ല | 1-30 |
| 39 | ലൈഫ് ഭവന പദ്ധതി- വിവിധ ഘട്ടങ്ങളിലുള്ള വീടുകളുടെ നിർമ്മാണം പൂർത്തിയാക്കുവാൻ അവശേഷിക്കുന്നു | 1-31 |
| 40 | തനതുഫണ്ട് ചെലവുകൾ- അനുബന്ധ രേഖകൾ / ക്രമീകരണവിവരം ലഭ്യമാക്കിയില്ല- | 1-32 |
| 41 | വനിതാവസ്ത്രനിർമ്മാണയൂണിറ്റ്- മിച്ചതുക തിരിച്ചടച്ചിട്ടില്ല | 1-33 |
| 42 | സുരക്ഷിതമല്ലാത്ത ലൈബ്രറികെട്ടിടത്തിന്റെ നവീകരണത്തിനായുള്ള പ്രോജക്റ്റ് ഉപേക്ഷിച്ചു- പുതിയ പ്രോജക്റ്റ് ആവിഷ്ക്കരിച്ചിട്ടില്ല. | 1-34 |
| 43 | അങ്കണവാടികൾക്കുവേണ്ടി 21-22-ൽ ആവിഷ്ക്കരിച്ച പ്രോജക്ടുകൾ 3 വാർഷികപദ്ധതികൾ കഴിഞ്ഞിട്ടും നടപ്പാക്കിയിട്ടില്ല | 1-35 |
| 44 | ജൽജീവൻമിഷൻ പദ്ധതി - അവലോകനം | 1-36 |
| 45 | ഹെൽത്ത് ഗ്രാന്റ് - അവലോകനം | 1-37 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | മെഡിസെപ് പ്രീമിയം ഒടുക്ക് | 4-1 |
| 2 | വാർഷിക ധനകാര്യ പത്രിക-ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 4-2 |
| 3 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-3 |
| 4 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-4 |
| 5 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-5 |
| 6 | വായ്പ/വായ്പ തിരിച്ചടവ് | 4-6 |
| 7 | സ്ഥിരനിക്ഷേപം | 4-7 |
| 8 | ഓഡിറ്റ് റിക്കവറി | 4-8 |
| 9 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-9 |
| 10 | ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം | 4-10 |
| 11 | ഓഡിറ്റ് പ്രത്യവലോകനം | 4-11 |
| 12 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-12 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1
## പൊതു അവലോകനം

**1-1-1 ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ടിന്റെ കൃത്യത വ്യക്തമല്ല**

31/03/2025 തീയതിയിലെ ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ടിന്റെ കൃത്യത അനുബന്ധരേഖകളുടെ അഭാവത്തിൽ വ്യക്തമല്ല. 01/04/2011 ൽ പഞ്ചായത്ത് ജനറൽ ഫണ്ട് (കണക്ക് ശീർഷകം-310100101) നിർണ്ണയിച്ചപ്പോഴുള്ള ആധികാരിക ആസ്തി-ബാധ്യത രേഖകൾ (OBRP Data) സൂക്ഷിച്ചിട്ടില്ല. 31.03.2025 വരെയുള്ള ആകെ ജനറൽ ഫണ്ട് കണക്കാക്കിയതിന്റെ വിശദാംശം തയ്യാറാക്കി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

**1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ് 2024-25**

1.തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2025 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 13/05/2025 തീയതിയിലെ 01(1) നം. തീരുമാനം പ്രകാരം അംഗീകരിച്ച് 13/05/2025 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോട് കൂടിയ അഭിപ്രായം**

**അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31/03/2025-ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31/03/2025 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.**

**തീയതി : 11-09-25** **ഡെപ്യൂട്ടി ഡയറക്ടർ**

**1-1-2 ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ വിശദാംശം ലഭ്യമല്ല**

2024-25 വർഷം വിവിധ ഫണ്ട് തിരിച്ച് അക്കൗണ്ട് ചെയ്യപ്പെട്ട ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ പ്രസ്തുത ഫണ്ടുകൾ ചെലവഴിച്ച ആസ്തികൾക്ക് തുല്യമായ തുകയാണോ എന്നതിൽ വ്യക്തതയില്ല. വിവിധ ഗ്രാന്റുകളുടെ ചെലവ്, ആസ്തി-റവന്യൂ തിരിച്ച് രേഖപ്പെടുത്തിയ വിശദമായ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ രജിസ്റ്റർ/വിശദാംശം പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ വിശദാംശങ്ങൾ തയ്യാറാക്കി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

**1-1-3 ആസ്തി മൂല്യനിർണ്ണയം നടത്തിയിട്ടില്ല**

26/07/2011-ലെ ജി.ഒ (എം.എസ്) 152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ 31/03/2025 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്റെയും മൂല്യത്തിന്റെയും ആധികാരികതയും കൃത്യതയും വ്യക്തമല്ല. പഞ്ചായത്തിന്റെ ആസ്തി വിവരങ്ങൾ ക്രോഡീകരിച്ച് ഡിജിറ്റലൈസേഷൻ പൂർത്തിയാക്കി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

**1-1-4 സ്ഥിരനിക്ഷേപത്തിന്റെ നീക്കിയിരിപ്പ് വാർഷികകണക്കുകളുമായി പൊരുത്തപ്പെടുന്നില്ല**

ഗ്രാമ പഞ്ചായത്ത് സൗത്ത് ഇൻഡ്യൻ ബാങ്ക് തലയോലപ്പറമ്പ് ശാഖയിൽ 31.05.2022 ൽ ആരംഭിച്ച സ്ഥിരനിക്ഷേപം (അക്കൗണ്ട് നം.0802101000002253) 2023-24 വർഷം പുതുക്കി നിക്ഷേപിച്ചപ്പോൾ ലഭ്യമായ പലിശയിൽ നിന്നും 16823/- രൂപ ആദായനികുതി റ്റി.ഡി.എസ് ഇനത്തിൽ ബാങ്ക് കുറവ് ചെയ്തിരുന്നു. എന്നാൽ പ്രസ്തുത തുകയുടെ കുറവ് വാർഷികകണക്കിൽ അക്കൗണ്ട് ചെയ്യാത്തതിനാൽ സ്ഥിരനിക്ഷേപ രജിസ്റ്ററും വാർഷികകണക്കിലെ ബി-12 ഷെഡ്യൂളും തമ്മിൽ നീക്കിയിരിപ്പിൽ 16823/- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു. അപാകത പരിഹരിക്കേണ്ടതാണ്. ബാങ്കുമായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ട നടപടികൾ ഖ. 1-13ൽ വിവരിച്ചിട്ടുണ്ട്.

**1-1-5 സഞ്ചിത മൂല്യശോഷണം ആസ്തിയേക്കാൾ അധികരിച്ചു**

വാർഷിക കണക്കുകളിൽ 18,38,770/- രൂപ മൂല്യമുള്ള Vehicles വിഭാഗം ആസ്തികളുടെ സഞ്ചിത മൂല്യശോഷണം 31-03-2025 ൽ ആസ്തിയിൽ അധികരിച്ചതായും 18,97,910/- രൂപ മൂല്യം എത്തിയതായും കാണുന്നു. അപാകത പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

**1-1-6 31/03/2025 വരെയുള്ള ചെലവുകൾ 2024-25 വർഷം Payable ആയി അക്കൗണ്ട് ചെയ്തില്ല**

ജനപ്രതിനിധികളുടെ മാർച്ച്-2025 ലെ ഹോണറേറിയം, 31/03/2025 വരെയുള്ള കണ്ടിജന്റ് ചെലവുകൾ (ഉദാ: ഇലക്ട്രിസിറ്റി-വാട്ടർ ചാർജുകൾ) എന്നിവ 2024-25 ൽ Payable ആയി ക്രമീകരിച്ച് അക്കൗണ്ട് ചെയ്തില്ല. 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം-27 പ്രകാരം സാമ്പത്തിക വർഷ കാലയളവിലെ ചെലവുകൾ എല്ലാം വർഷാവസാനവും Payable ആയി ക്രമീകരിക്കേണ്ടതായിരുന്നു. തുടർവർഷം മുതൽ സാമ്പത്തിക വർഷാവസാനം വരെയുള്ള ചെലവുകൾ Payable ആയി അക്കൗണ്ട് ചെയ്യേണ്ടതാണ്.

**1-1-7 തൊഴിലുറപ്പ് പദ്ധതി വരവ് ചെലവ് കണക്കുകൾ കൃത്യമായി അക്കൗണ്ട് ചെയ്തിട്ടില്ല**

തൊഴിലുറപ്പ് പദ്ധതിയുടെ കാഷ് ബുക്ക് പ്രകാരമുള്ള വരവ് ചെലവ് കണക്കുകൾ വാർഷികകണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. I-14 (F) ഷെഡ്യൂൾ പ്രകാരം തൊഴിലുറപ്പ് പദ്ധതിയുടെ ഭരണ ചെലവ് 21,929,781/- രൂപയാണ്. ഭരണ ചെലവും EFMS മുഖേന നേരിട്ടുള്ള ചെലവും ഒരേ ശീർഷകത്തിൽ അക്കൗണ്ട് ചെയ്തതിനാലാണോ തുക കൂടി നിൽക്കുന്നതെന്ന് വ്യക്തമല്ല. വരവ് ചെലവ് കണക്കുകൾ കൃത്യമായി അക്കൗണ്ട് ചെയ്ത് അപാകത പരിഹരിക്കേണ്ടതാണ്.

**1-1-8 Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല**

സർക്കാർ/മറ്റു സ്ഥാപനങ്ങൾ തുടങ്ങിയവയ്ക്ക് ഒടുക്കാനുള്ള തുകകളുടെ കൃത്യത വ്യക്തമാക്കുന്ന Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ബി-9 ഷെഡ്യൂളിലെ തുകകളുടെ കൃത്യത ഉറപ്പാക്കുവാൻ സാധിച്ചില്ല. രജിസ്റ്റർ വിശദാംശങ്ങൾ ഉൾപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

**1-2 ബജറ്റ്**

ഗ്രാമപഞ്ചായത്തിന്റെ 2024-25 സാമ്പത്തിക വർഷത്തെ ബജറ്റ് ഭരണസമിതിയുടെ 9.02.2024 ലെ 3 -ാംനമ്പർ തീരുമാനപ്രകാരവും പരിഷ്കരിച്ച ബജറ്റ് 12.02.2025 -ലെ 3-ാം നമ്പർ തീരുമാന പ്രകാരവും അംഗീകരിച്ചു. ബജറ്റിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് |
|---|---|

| | ആദ്യത്തേത് | പുതുക്കിയത് |
|---|---|---|
| മുന്നിരിപ്പ് | 10233463 | 10233463 |
| വരവ് | 230500975 | 246474173 |
| ആകെ | 240734438 | 256707636 |
| ചെലവ് | 236192410 | 246466265 |
| നീക്കിയിരിപ്പ് | 4542028 | 10241371 |

ബജറ്റ് പ്രകാരം 24.64 കോടി രൂപ വരവും 24.64 കോടി രൂപ ചെലവുമാണ് പ്രതീക്ഷിച്ചത്. 2024-25 വർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരുമാനം 14.75 കോടി രൂപയും ചെലവ് 14.98 കോടി രൂപയുമാണുള്ളത്. ബജറ്റ് പ്രകാരം പ്രതീക്ഷിത ചെലവുകൾ മേഖലാടിസ്ഥാനത്തിൽ നിശ്ചയിക്കുന്നത് മാത്രമാണ് ചെയ്യുന്നത്. വിവിധ സ്റ്റാന്റിങ്ങ് കമ്മിറ്റികളുടെയും പഞ്ചായത്തിന് വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെയും ബജറ്റ് ശുപാർശകൾ പരിഗണിച്ച് മേഖലാടിസ്ഥാനത്തിലുള്ള വിഹിതം വിഭജിച്ച് വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് കൃത്യമായ വിഹിതം ക്യാപ്പിറ്റൽ-റവന്യൂ തിരിച്ച് നിശ്ചയിച്ചിട്ടില്ല. ബജറ്റ് നടപടികളിൽ 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ്-214, 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം-71 എന്നിവയിലെ വ്യവസ്ഥകൾ എല്ലാം പാലിക്കുന്നുണ്ട് എന്ന് ഭരണസമിതി ഉറപ്പാക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തെ റസീറ്റ് & പേമെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ പത്രിക എന്നിവയിലെ കണക്കുകളുടെ വിശദാംശവും ഓഡിറ്റ് ചെയ്ത ശേഷം വരവ്, ചെലവ് നഷ്ടം, തടസ്സപ്പെടുത്തിയ തുക എന്നിവയും ചുവടെ ചേർക്കുന്നു.

**റസീറ്റ് & പേമെന്റ് പത്രിക 2024-25**

| | |
|---|---|
| മുന്നിരിപ്പ് (01/04/2024) | 3,25,08,760.05/- |
| ഓഡിറ്റ് വർഷത്തെ വരവ്(Receipt) | 6,03,81,076/- |
| ആകെ | 9,28,89,836.05/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ്(Payment) | 5,80,04,642/- |
| നീക്കിയിരിപ്പ് (31/03/2025) | 3,48,85,194.05/- |

**ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് 2024-25**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ വരുമാനം (Income) | 14,75,06,330/- |
| ഓഡിറ്റ് വർഷത്തെ ചെലവ് (Expenditure) | 14,98,16,997/- |
| പ്രവർത്തന നഷ്ടം (Gross Deficit) | 2310667/- |
| ആകെ മുൻകാല അക്കൗണ്ടിങ്ങ് ക്രമീകരണം | (-)233401/- |
| അറ്റ പ്രവർത്തന നഷ്ടം (Net Deficit) | 2544068/- |

**2024-25 ഓഡിറ്റ് പ്രത്യവലോകനം സംക്ഷിപ്തം**

| | |
|---|---|
| വരവിനങ്ങളിലുള്ള വ്യക്തമായ നഷ്ടം (ചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ചെലവിനങ്ങളിലുള്ള വ്യക്തമായ നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (സർച്ചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1648860/- |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ്(സ്രോതസിൽ കുറവ് ചെയ്ത തുക ഉൾപ്പെടെ) | ആകെ | ചെലവ് | നീക്കിയിരിപ്പ് /ലാപ്സായ തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 17317000 (-173170) | 17143830 | 16979121 | 164709 | 99 |
| വികസനഫണ്ട് എസ്.സി.പി. | 0 | 6682000 | 6682000 | 5279602 | 1402398 | 79 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 12037000 | 12037000 | 7835431 | 4201569 | 65 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 6372000 | 6372000 | 3154861 | 3217139 | 49.5 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് -ടൈഡ് | 7618366 | 9383654 | 17002020 | 3919632 | 13082388 | 23 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് – അൺടൈഡ് | 4175501 | 1792843* | 5968344 | 3152920 | 2815424 | 52.8 |
| ഐ.സി.ഡി.എസ് | 1717998 | 1968347 | 3686345 | 803728 | 2882617 | 21.8 |
| ശുചിത്വമിഷൻ ഗ്രാന്റ് | 10130 | 0 | 10130 | 0 | 10130 | 0 |
| ലൈബ്രറി ഗ്രാന്റ് | 17361 | 14380 | 31741 | 29760 | 1981 | 94 |
| സമ്പൂർണ്ണ ശുചിത്വം | 286015 | 949562 | 1235577 | 949562 | 286015 | 76.8 |
| ലൈഫ്- സംസ്ഥാന വിഹിതം | 1131173 | 1507345 | 2638518 | 2000000 | 638518 | 76 |
| ഹെൽത്ത് ഗ്രാന്റ് (ഡയഗനോസ്റ്റിക് ഇൻഫ്രാസ്ട്രക്ചർ) | 15226 | 356783 | 372009 | 0 | 372009 | 0 |
| ഹെൽത്ത് ഗ്രാന്റ് (ഹെൽത്ത്& വെൽനെസ് സെന്ററ്റേഴ്സ്) | 9600 | 576570 | 586170 | 0 | 586170 | 0 |
| ഹെൽത്ത് ഗ്രാന്റ് (ബിൽഡിംഗ് ലെസ് സബ്സെന്ററ്റേഴ്സ്) | 5611000 | 185094 | 5796094 | 4476515 | 1319579 | 77 |

* അലോട്ട്മെന്റ് തുകയോടൊപ്പം ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റായ പലിശ 311795/- രൂപ ഉൾപ്പെടെ

വിവിധ ഗ്രാന്റുകളുടെ അലോട്ട്മെന്റ്, ചെലവ് എന്നിവ അക്കൗണ്ട് ചെയ്തതിലേയും വിനിയോഗത്തിലെയും അപാകതകളും വിശദാംശങ്ങളും ചുവടെ ചേർക്കുന്നു.

1. വികസനഫണ്ടിന്റെ പൊതുവിഭാഗം, എസ്.സി.പി വിഹിതങ്ങളിൽനിന്ന് യഥാക്രമം 12423321/- രൂപ, 128510/- രൂപ വീതം KURDFC വായ്പ തിരിച്ചടവ്, അങ്കണവാടി ഹോണറേറിയം ഇനങ്ങളിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്തതിന് ശേഷമാണ് ഗ്രാമപഞ്ചായത്തിന് ലഭിച്ചത്. ഗ്രാന്റ് പത്രികയിൽ വിവിധ സർക്കാർ ഗ്രാന്റുകളുടെ അലോട്ട്മെന്റിൽ ഇത്തരത്തിൽ സ്രോതസ്സിൽ കുറവ് ചെയ്ത തുകകൾ ഉൾപ്പെട്ടിട്ടില്ല. എന്നാൽ ചെലവ് , സ്രോതസ്സിൽ കുറവ് ചെയ്യപ്പെട്ട തുകകൾ ജി.ഒ. പ്രോജക്ടായി ക്രമീകരിച്ചത് ഉൾപ്പെടെയാണ്. ആയതിനാൽ ഫണ്ടുകളുടെ യഥാർത്ഥ നീക്കിയിരിപ്പ് ഗ്രാന്റ് പത്രികയിൽ പ്രതിഫലിക്കുന്നില്ല.
2. 08.08.2024 ലെ GO(Rt)6085/2024/Fin. നമ്പർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തിന് അനുവദിച്ച ധനകാര്യകമ്മീഷൻ ഗ്രാന്റ്(അൺടൈഡ്) ഫണ്ടിന്റെ ഒന്നാംഗഡു തുകയായ 1458500/- രൂപ

സൗത്ത് ഇൻഡ്യൻ ബാങ്ക് തലയോലപ്പറമ്പ് ശാഖയിലെ 0802053000002195 നമ്പർ അക്കൗണ്ടിൽ ക്രഡിറ്റായില്ല (വിശദാംശങ്ങൾക്ക് ഖണ്ഡിക 1-12 കാണുക). ആയതിനാൽ പ്രസ്തുത തുക വരവിൽ ഉൾപ്പെടുത്തിയിട്ടില്ല. ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ തൻവർഷത്ത മറ്റ് അലോട്ട്മെന്റുകൾ കൂടാതെ 2023-24 വർഷം ലഭിക്കാതിരുന്ന ടൈഡ് ഫണ്ട് രണ്ടാം ഗഡു ബാങ്ക് അക്കൗണ്ടിലേക്കും 2020-21 മുതൽ 2022-23 വരെ ചെലവഴിക്കാതെ ലാപ്സായ ടൈഡ്-അൺടൈഡ് ഫണ്ടുകൾ രണ്ട് ഗഡുക്കളായി ട്രഷറിയിലും അലോട്ട്മെന്റ് ലഭിച്ചിട്ടുണ്ട്.

3. ഡിമാൻഡ് ചെയ്യുന്ന തനത് നികുതിയുടെ 90% എങ്കിലും ശേഖരിക്കാത്ത തദ്ദേശ സ്ഥാപനങ്ങളുടെ 1% വികസന ഫണ്ട് സ്രോതസ്സിൽ കുറവ് ചെയ്യണമെന്ന സർക്കാർ ഉത്തരവ് പ്രകാരം (സ.ഉ (കൈ) നം. 179/2022/ധന. തീ. 18.10.2022) തൻ വർഷം വികസനഫണ്ട് പൊതുവിഭാഗത്തിൽ നിന്നും 173170/- രൂപ സ്രോതസ്സിൽ കുറവ് ചെയ്തതിന് ശേഷമാണ് ഗ്രാമപഞ്ചായത്തിന് ലഭിച്ചത്.
4. ധനകാര്യകമ്മീഷൻ ഗ്രാന്റിനത്തിൽ ബാങ്ക് അക്കൗണ്ടിലെ തുകയ്ക്ക് തൻ വർഷം ലഭിച്ച പലിശ 311795/- രൂപ അൺടൈഡ് ഗ്രാന്റിനത്തിലാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്. എന്നാൽ പ്രസ്തുത പലിശ തുക ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ പ്രതിഫലിച്ചിട്ടില്ല.

മേൽ അപാകതകൾക്കും വിശദീകരണങ്ങൾക്കും വിധേയമായാണ് ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം (അനുബന്ധം 2) നൽകിയിരിക്കുന്നത്.

## 1-5 വാർഷികപദ്ധതി

14-ാം പഞ്ചവത്സരപദ്ധതിയുടെ മൂന്നാം വർഷമായ 2024-25 വാർഷികപദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ പതിനാലാം പഞ്ചവത്സരപദ്ധതിയുടെ ആദ്യവർഷമായ 2022-23 മുതലുള്ള വാർഷികപദ്ധതികൾ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 19-4-22ലെ സ.ഉ(കൈ) നം 84/2022 നമ്പർ ഉത്തരവിലെ നിർദ്ദേശങ്ങൾക്കനുസൃതമായി നടപടിക്രമങ്ങൾ പാലിച്ചിട്ടുള്ളതായി കാണുന്നു. എന്നാൽ പ്രസ്തുത നടപടിക്രമങ്ങളുടെ ഭാഗമായുള്ള പല യോഗങ്ങളിലേയും ചർച്ചകളും തീരുമാനങ്ങളും യഥാവിധി എഴുതി പൂർത്തീകരിച്ച് മിനിറ്റ്സ് രേഖകൾ ആധികാരികമാക്കുന്നതിൽ വേണ്ടത്ര ശ്രദ്ധ ചെലുത്തിക്കാണുന്നില്ല. പദ്ധതി ആസൂത്രണത്തിന്റെ പ്രാഥമികഘട്ടമായി നിലവിലുണ്ടായിരുന്ന ആസൂത്രണസമിതിയും വർക്കിംഗ് ഗ്രൂപ്പുകളും പുനസംഘടിപ്പിക്കേണ്ടതില്ല എന്ന് തീരുമാനമെടുത്തതിനാൽ മുൻവാർഷികപദ്ധതിയുടെ ഭാഗമായി രൂപീകരിക്കപ്പെട്ട ആസൂത്രണസമിതിയും വർക്കിംഗ് ഗ്രൂപ്പുകളുമാണ് 2024-25 പദ്ധതി രൂപീകരണത്തിലും പ്രവർത്തിച്ചിരുന്നത്. വികസനരേഖ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ലഭ്യമാക്കിയ രേഖകൾ പ്രകാരം പദ്ധതി ആസൂത്രണവും/രൂപീകരണവുമായി ബന്ധപ്പെട്ടുള്ള നടപടിക്രമങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവർത്തനഘട്ടം | തീയതി/ |
|---|---|
| ആസൂത്രണസമിതിയോഗം | 18-12-23 |
| വർക്കിംഗ് ഗ്രൂപ്പ് യോഗം | 21-12-23 --Do-- 23/07/2025 |
| ഭിന്നശേഷി ഗ്രാമസഭ | 15-1-24 |
| വയോജനഗ്രാമസഭ | 15-1-24 |
| സ്ത്രീകളുടേയും കുട്ടികളുടേയും ഗ്രാമസഭ | --Do-- 23/07/2025 15-1-24 |
| ആസൂത്രണസമിതിയുടേയും വർക്കിംഗ് ഗ്രൂപ്പിന്റെയും സംയുക്തയോഗം | 16-1-24 |
| വികസനസെമിനാർ | 19-1-24 |
| കരട് പദ്ധതി രേഖ അംഗീകരിച്ചത് | 16-1-24-ലെ അജണ്ട- 1, തീരുമാനം -1 |
| ഊരുകൂട്ടയോഗം | 18-1-24 |
| വികസനസെമിനാർ | 19-1-24 |
| അന്തിമപദ്ധതിരേഖ അംഗീകരിച്ചത് | 23-1-24-ലെ അജണ്ട- 2 |
| ഗുണഭോക്തൃലിസ്റ്റ് അംഗീകാര ഗ്രാമസഭ | 30-9-24 |

| | |
|---|---|
| ഭരണസമിതി വാർഷികപദ്ധതി അംഗീകരിച്ചു | 23.01.2024 അജണ്ട-2 തീരുമാനം -1 |
| ആസൂത്രണസമിതി അംഗീകാരം | ഉത്തരവ് നം 83898/24/DPC/DPO/KTM/ 6-3-25 |

വികസനസെമിനാറിൽ പദ്ധതിരൂപീകരണവുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ചചെയ്യുകയും കരട് നിർദ്ദേശങ്ങൾ ക്രോഡീകരിക്കുയും ചെയ്തിട്ടുണ്ട്.

**(എ) ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.**

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 220 | 16,95,67,571 | 131 | 5,88,88,894 | 89 | 59.54 |

2024-25 വാർഷികപദ്ധതിക്ക് വിവിധ ഫണ്ടുകളിൽ നിന്നായി ആകെ 16,95,67,571/-രൂപ വകയിരുത്തിയിരുന്നതിൽ 5,88,88,894/-രൂപ മാത്രമാണ് തൻവർഷം ചെലവഴിച്ചിട്ടുള്ളത്. പദ്ധതിചെലവ് 34.7%. പട്ടികവർഗ്ഗ വിഭാഗക്കാരുടെ സാമ്പത്തികവികസനം, സാമൂഹ്യവികസനം, പശ്ചാത്തലസൗകര്യവികസനം എന്നിവ കൈവരിക്കുന്നതിലേക്കായി സംസ്ഥാന ബജറ്റിലൂടെ പട്ടികവർഗ്ഗ ഉപപദ്ധതിവിഹിതം ഓരോ തദ്ദേശഭരണസ്ഥാപനത്തിനും ലഭ്യമാക്കുന്നത്. പദ്ധതിമാർഗ്ഗരേഖയിൽ പ്രത്യേക വിഭാഗങ്ങൾക്കും പ്രത്യേകമേഖലകൾക്കുമുള്ള പദ്ധതികൾ 6-ാം അദ്ധ്യായം ഖണ്ഡിക 6.2.32 പ്രകാരം അർഹരായ പട്ടികവർഗ്ഗ ഗുണഭോക്താക്കളുണ്ടായിരിക്കെ അവർക്കായി ഏറ്റെടുക്കേണ്ട ഏതെങ്കിലും പ്രവർത്തനങ്ങൾ പട്ടികവർഗ്ഗ ഉപപദ്ധതിവിഹിതം ലഭിക്കുന്നില്ലെന്ന കാരണത്താൽ തദ്ദേശഭരണസ്ഥാപനങ്ങൾ ഏറ്റെടുക്കാതിരിക്കാൻ പാടില്ല. പൊതുവിഭാഗം വികസനഫണ്ടോ തനതുഫണ്ടോ വിനിയോഗിച്ച് അത്തരം പ്രവർത്തനങ്ങൾ പട്ടികവർഗ്ഗവിഭാഗങ്ങൾക്കായി നിർബന്ധമായും ഏറ്റെടുക്കേണ്ടതാണെന്നും വ്യവസ്ഥചെയ്യുന്നുണ്ട്. എന്നാൽ പട്ടികവർഗ്ഗ വിഭാഗത്തിനായി സാമൂഹ്യവികസനം, പശ്ചാത്തലവികസനം എന്നിവ ലക്ഷ്യമാക്കി പ്രോജക്ടുകൾ ഏറ്റെടുത്തിട്ടില്ല. തൻവർഷം തനതുഫണ്ട് 40000/- രൂപ മാത്രം വകയിരുത്തി എസ്.റ്റി കുടുംബങ്ങൾക്ക് സെപ്റ്റിക് ടാങ്ക് (228/25) എന്നഒരു പ്രോജക്ട് മാത്രമാണ് ആവിഷ്ക്കരിച്ചിരുന്നത്. പ്രസ്തുത പ്രോജക്ട് നടപ്പാക്കിയിട്ടുമില്ല. വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലും ഊരുകൂട്ട യോഗത്തിലും പട്ടികവർഗ്ഗ വിഭാഗ മേഖലയിൽ ശുപാർശ ചെയ്യപ്പെടുന്ന പ്രോജക്ടുകൾ ആവശ്യകത/അർഹതാമാനദണ്ഡങ്ങൾ കൂടി കണക്കിലെടുത്ത് ആവിഷ്ക്കരിച്ചു നടപ്പിലാക്കേണ്ടതാണ്.

**ധനകാര്യക്കമ്മീഷൻ ഗ്രാന്റ് 1.58 കോടിയിലധികം രൂപ ചെലവഴിക്കാതെ ബാങ്ക് അക്കൗണ്ടിൽ നിലനിർത്തിയിരിക്കുന്നു**

ധനകാര്യക്കമ്മീഷൻ ഗ്രാന്റ് ടൈഡ്, അൺടൈഡ് ഗ്രാന്റിനങ്ങളിലായി മുൻവർഷം ലഭിച്ച തുകയുൾപ്പെടെ ആകെ 1,58,97,812/-രൂപ ബാങ്ക് അക്കൗണ്ടിൽ നീക്കിയിരിപ്പ് കാണുന്നു. മാലിന്യനിർമ്മാർജ്ജനം, ശുചിത്വം, കുടിവെള്ള വിതരണം മുതലായ അനിവാര്യചുമതലയിൽപ്പെടുന്ന കാര്യങ്ങൾക്കുവേണ്ടി പോലും വേണ്ടത്ര പ്രോജക്ടുകൾ ആവിഷ്ക്കരിച്ച് നടപ്പാക്കിയിട്ടില്ലാത്തതിനാലാണ് ഈ കാര്യങ്ങൾക്ക് വിനിയോഗിക്കുന്നതിനു വേണ്ടി ലഭ്യമാക്കിയ ടൈഡ് ഫണ്ടിൽ ഗണ്യമായ തുക ബാങ്ക് അക്കൗണ്ടിലവശേഷിക്കുന്നത്. വികസനഫണ്ട് പോലെ കണക്കാക്കി വിനിയോഗിക്കാവുന്ന ഉപാധിരഹിതഫണ്ടിനത്തിലുള്ള തുകയും ഇപ്രകാരം ചെലവഴിച്ചിട്ടില്ലാത്തതാണ്. ജില്ലയിലെ തന്നെ ഏറ്റവും പഴക്കമുള്ളതും ചരിത്രപ്രാധാന്യമുള്ളതുമായ തലയോലപ്പറമ്പ് മാർക്കറ്റ് നിലവിലും അസൗകര്യങ്ങളുടെ നടുവിലാണ്. മാർക്കറ്റിന്റെ ഇന്നത്തെ ശോചനീയാവസ്ഥയും ആഴ്ച ചന്തയ്ക്കുവേണ്ട സൗകര്യങ്ങളുടെ പരിമിതിയും, ടോൾപിരിവിലുള്ള പോരായ്മയും പരിഹരിച്ച് പുരോഗതിയിലേക്ക് കാൽവയ്ക്കാനുള്ള ആഗ്രഹം ഗ്രാമസഭയോഗങ്ങളിൽ ഉണ്ടാകുന്നുണ്ടെന്ന് ഗ്രാമപഞ്ചായത്തിന്റെ വികസനരേഖയിൽത്തന്നെ പ്രതിപാദിച്ചിട്ടുണ്ട്. മേൽസാഹചര്യങ്ങൾ ഗൗരവമായി കാണേണ്ടതും മാർക്കറ്റിന്റെ അടിസ്ഥാനസൗകര്യവികസനത്തിനും മാലിന്യനിർമ്മാർജ്ജനത്തിനും പ്രോജക്ടുകൾ ആവിഷ്ക്കരിക്കേണ്ടതും അക്കൗണ്ടിലവശേഷിക്കുന്ന തുക യഥോചിതം മാർഗ്ഗരേഖാനിർദ്ദേശങ്ങൾ പാലിച്ച് വിനിയോഗിക്കേണ്ടതുമാണ്.

**നിർവ്വഹണോദ്യോഗസ്ഥരുടെ ചെലവുവിവരങ്ങൾ**

പദ്ധതിനിർവ്വഹണച്ചുമതല 11 നിർവ്വഹണോദ്യോഗസ്ഥർക്കായി വിഭജിച്ചുനൽകിയിരുന്നു. നിർവ്വഹണോദ്യോഗസ്ഥരുടെ ചെലവുവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകാരം കിട്ടിയ പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകൾ | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവു ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 12 | 12 | 6077266 | 5050347 | 83.1 |
| വെറ്ററിനറി സർജൻ | 11 | 11 | 22,96,240 | 10,26,945 | 44.72 |
| മെഡിക്കൽ ഓഫീസർ, സിഎച്ച് സി | 9 | 4 | 1882352 | 1067212 | 56.69 |
| മെഡിക്കൽ ഓഫീസർ ഹോമിയോ | 4 | 3 | 582080 | 400987 | 68.88 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 14 | 7 | 92867686 | 17330217 | 18.66 |
| ഐസിഡിഎസ് സൂപ്പർവൈസർ | 11 | 8 | 5737450 | 4882550 | 85 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 3 | 3 | 1029253 | 774453 | 75.24 |
| സെക്രട്ടറി, ഗ്രാമപഞ്ചായത്ത് | 55 | 27 | 1,86,96,631 | 97,80,014 | 52.3 |
| ഹെഡ്മിസ്ട്രസ്, ഗവ.എൽപിഎസ് തലയോലപ്പറമ്പ് | 8 | 2 | 1422273 | 1,16,105 | 8.16 |
| അസിസ്റ്റന്റ് എൻജിനീയർ | 85 | 48 | 3,71,72,340 | 1,71,43,869 | 46.1 |
| അസിസ്റ്റന്റ് സെക്രട്ടറി | 8 | 6 | 1804000 | 1316195 | **72.95** |
| ആകെ | 220 | 131 | 16,95,67,571 | 5,88,88,894 | **34.72** |

**വാർഷികപദ്ധതി -വിലയിരുത്തൽ**

* വാർഷികപദ്ധതിക്കായി വകയിരുത്തിയ 16.95 കോടി രൂപയിൽ 5.88 രൂപയേ തൻവർഷം ചെലവഴിച്ചിട്ടുള്ളൂ. ആയതിനാൽ പദ്ധതിച്ചെലവ് 34.72% മാത്രമാണ്. അംഗീകാരം കിട്ടിയ 89 പ്രോജക്ടുകൾക്കുവേണ്ടി വകയിരുത്തിയിരുന്ന തുക ചെലവഴിച്ചിട്ടില്ലാത്തതാണ്. ബ്ലോക്ക് വിഹിതം 85.22 ലക്ഷം രൂപയും ജില്ലാപഞ്ചായത്ത് വിഹിതം 1.1കോടി രൂപയും വാർഷികപദ്ധതിക്കായി വകയിരുത്തിയിരുന്നുവെങ്കിലും വകയിരുത്തിയ തുകയുടെ യഥാക്രമം 17.42ശതമാനവും 1.42 ശതമാനവും വീതമേ യഥാർത്ഥത്തിൽ ലഭ്യമായിട്ടുള്ളൂ. കൂടാതെ മറ്റുള്ളവ എന്ന വിഭാഗത്തിൽപ്പെടുത്തി ചെലവഴിക്കപ്പെട്ട തുക 11.2ലക്ഷം രൂപ മാത്രമാണെന്നിരിക്കെ വകയിരുത്തിയ തുക 1.87കോടി രൂപയാണ്. ഇപ്രകാരം ഇതര സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാകാവുന്ന തുക സംബന്ധിച്ച് വസ്തുതാപരമായ കണക്കുകൂട്ടൽ നടത്താതെ ഗണ്യമായ തുക വകയിരുത്തുകയും എന്നാൽ തുക ലഭിക്കാതെവന്നതും വാർഷികപദ്ധതിയുടെ ചെലവുശതമാനം കുറയുന്നതിനിടയായി.

* പതിനാലാം പദ്ധതിയുടെ ആദ്യവർഷങ്ങളിൽത്തന്നെ ഖര, ദ്രവ മാലിന്യ സംസ്ക്കരണത്തിന് ശാസ്ത്രീയ പ്രോജക്ടുകൾ നടപ്പിലാക്കി സമ്പൂർണ്ണ ശുചിത്വപദവി ആർജ്ജിക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കഴിയണമെന്ന് മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നാൽ മാലിന്യനിർമ്മാർജ്ജനവും മാലിന്യസംസ്ക്കരണവും ലക്ഷ്യമാക്കി എം സി എഫ് നിർമ്മാണത്തിനായി ആവിഷ്ക്കരിച്ചിരുന്ന പ്രോജക്ടുകൾ തൻവർഷവും പൂർത്തീകരിച്ചിട്ടില്ലാത്തതാണ്. ടേക്ക് എ ബ്രേക്ക് പദ്ധതിയുടെ ഭാഗമായി ടോയ് ലറ്റ് കെട്ടിടം പണിപൂർത്തീകരിച്ചുവെങ്കിലും പ്രവർത്തനക്ഷമമാക്കിയിട്ടില്ല.

*അനിവാര്യവും പൊതുവായതുമായ ചുമതലയിൽപ്പെട്ട കാര്യങ്ങൾക്കുവേണ്ടി

ചെലവഴിക്കാവുന്ന ധനകാര്യകമ്മീഷൻ ഗ്രാന്റ് തുക മുൻവർഷത്തെയുൾപ്പെടെ ചെലവഴിക്കാതെ 1.57 കോടി രൂപ ബാങ്ക് അക്കൗണ്ടിൽ അവശേഷിക്കുന്നു.

*തെരുവുവിളക്കുകളുടെ പരിപാലനവും ശുദ്ധജലവിതരണവും ഗ്രാമപഞ്ചായത്തിന്റെ അനിവാര്യചുമതലയിൽപ്പെടുന്ന കാര്യങ്ങളാണെന്നിരിക്കെ വാർഷികപദ്ധതിയിൽ ഈ മേഖലയിൽ പരമാവധി പ്രോജക്റ്റുകൾ ആവിഷ്ക്കരിച്ച് നടപ്പാക്കാനുള്ള നടപടികളുണ്ടായില്ല.

* എം.സി.എഫിനായി നിർമ്മിച്ച കെട്ടിടത്തിന് വേണ്ടത്ര സ്ഥലസൗകര്യമില്ലാത്തതും അടിസ്ഥാനസൗകര്യങ്ങൾ സജ്ജമാക്കി പ്രോജക്റ്റ് ലക്ഷ്യം നേടിയിട്ടില്ലാത്തതും അപാകതയായി നിലനിൽക്കുന്നു. എംസിഎഫിലേക്ക് വാങ്ങിയ വെയിംഗ് മെഷീൻ നാളിതുവരേയും പ്രയോജനപ്പെടുത്താതെ പഞ്ചായത്ത് ഓഫീസിൽ സൂക്ഷിച്ചിരിക്കുന്നു.

* അഗതിരഹിത കേരളം പദ്ധതിയുടെ ഭാഗമായി പാവപ്പെട്ടവർക്ക് ഭവനനിർമ്മാണത്തിനായി വകയിരുത്തിയ 40 ലക്ഷത്തിലധികം രൂപയുടെ വികസനഫണ്ട് വിഹിതം ചെലവഴിക്കാതെ സിഡിഎസ് അക്കൗണ്ടിൽ നിലനിർത്തിയിരിക്കുന്നു.

*4-ാം വാർഡിൽ കുട്ടികളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനും അങ്കണവാടി കെട്ടിടം സംരക്ഷിക്കുന്നതിനുമായി ചുറ്റുമതിൽ കെട്ടുന്നതിന് പ്രോജക്റ്റ് ആവിഷ്ക്കരിച്ചുവെങ്കിലും പ്രദേശവാസികളുടെ എതിർപ്പുകാരണം പണി പൂർത്തീകരിക്കാനായിട്ടില്ല.

മേൽഅപാകതകൾ പരിഹരിക്കപ്പെടുന്നതിനുള്ള നടപടികളുണ്ടാകേണ്ടതാണ്.

<u>മോണിറ്ററിംഗ്</u>

അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്റ്റുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ വർക്കിംഗ് ഗ്രൂപ്പുകൾ പ്രസ്തുത ചുമതല നിറവേറ്റിയിട്ടില്ല. മോണിറ്ററിംഗ് കാര്യക്ഷമമായിരുന്നില്ല. മോണിറ്ററിംഗ് റിപ്പോർട്ട് പ്രോജക്റ്റ് ഫയലുകളോടൊപ്പം സൂക്ഷിച്ചിട്ടുമില്ല.

## 1-6 മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി

ഗ്രാമപഞ്ചായത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി പ്രകാരം 2024-25 വർഷം 131 പേർക്ക് പുതുതായി തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ 15 വാർഡിലെയും ലേബർ ഗ്രാമസഭ ചേർന്ന് ലേബർ ബജറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഓഡിറ്റ് വർഷത്തെ ലേബർ ബജറ്റ് പ്രകാരം 613 പ്രവൃത്തികളാണ് വിഭാവനം ചെയ്തത്. 158 പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭിച്ചതിൽ 88 പ്രവൃത്തികൾ പൂർത്തിയാക്കി. 58640 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. പഞ്ചായത്തിൽ ആകെയുള്ള 232 അയൽക്കൂട്ടങ്ങളിൽ 220 എണ്ണം തൊഴിലുറപ്പ് പദ്ധതിയുമായി സഹകരിച്ചിട്ടുണ്ട്. 970 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. 63.53 തൊഴിൽ ദിനങ്ങൾ ശരാശരി സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. പ്രകൃതി വിഭവ സംരക്ഷണത്തിന് മുൻഗണന നല്കി തരിശ് ഭൂമി കൃഷി യോഗ്യമാക്കൽ, മഴക്കുഴി, തോടുകൾ ആഴം കൂട്ടി സംരക്ഷിക്കൽ തുടങ്ങിയ പ്രോജക്റ്റുകളാണ് ഏറ്റെടുത്ത് നടപ്പിലാക്കിയത്. തൊഴിലുറപ്പു പദ്ധതി കാഷ് ബുക്ക് പ്രകാരമുള്ള 2024-25 വർഷത്തെ വരവ്-ചെലവു കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| വരവ് | | ചെലവ് | |
|---|---|---|---|
| **മുന്നിരിപ്പ് (01/04/2024)** | 1550.25 | Skilled Labour (DBT) | 57000 |
| അഡ്മിനിസ്ട്രേറ്റീവ് വരവ് | 1111777 | Unskilled Labour (DBT) | 19708647 |
| പലിശ വരവ് | 3420 | Material (DBT) | 1052356 |
| മറ്റ് നേരിട്ടുള്ള വരവ് | 6879 | | |
| **ആകെ നേരിട്ടുള്ള വരവ്** | **1123626.25** | **ആകെ DBT ചെലവ്** | **20818003** |
| Skilled Labour | 57000 | ശമ്പളം | 1018960 |
| Unskilled Labour | 19708647 | പ്രിന്റിങ്ങ് & സ്റ്റേഷനറി | 40379 |
| Material | 1052356 | മറ്റു ചെലവുകൾ | 7506 |
| **ആകെ DBT വരവ്** | **20818003** | **ആകെ നേരിട്ടുള്ള ചെലവ്** | **1066845** |
| പഞ്ചായത്ത് തനത് ഫണ്ടിൽ നിന്ന് മുൻകൂർ | 1059339 | പഞ്ചായത്ത് തനത് മുൻകൂർ തിരിച്ചടവ് | 1115199 |

| | | | |
|---|---|---|---|
| മറ്റ് സ്കീം വരവ് | 3422 | | |
| | - | **നീക്കിയിരിപ്പ്(31/03/2025)** | 4343.25 |
| **ആകെ** | **23004390.25** | **ആകെ** | **23004390.25** |

തൊഴിലുറപ്പ് വരവ്-ചെലവ് കണക്കുകൾ ധനകാര്യ പത്രികയിലുള്ളത് ക്യാഷ് ബുക്കുമായി വ്യത്യാസപ്പെട്ടിരിക്കുന്നു

## 1-7 സാമൂഹ്യസുരക്ഷ പദ്ധതികൾ

2024-25 വർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശം, ഗുണഭോക്താക്കളുടെ എണ്ണം എന്നിവ താഴെ ചേർത്തിരിക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | ഇല്ല | --- |
| വാർദ്ധക്യകാലപെൻഷൻ | 30446600 | 2198 |
| കർഷകതൊഴിലാളി പെൻഷൻ | 5232000 | ഇല്ല328 |
| വിധവാപെൻഷൻ | 9223100 | 612 |
| 50 വയസിലധികം പ്രായമുള്ള അവിവാഹിത പെൻഷൻ | 782800 | 51 |
| വികലാംഗപെൻഷൻ | 3899600 | 250 |
| വിവാഹ ധനസഹായം | 90000 | 3 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 04.06.2025 തീയതിയിൽ 4.00 പി എം-ന് അസിസ്റ്റന്റ് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 11536/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണസംവിധാനം

ഓഫീസ് ഉത്തരവിലൂടെ ജീവനക്കാർക്ക് ചുമതലകൾ കൃത്യമായി വിഭജിച്ച് നൽകിയിട്ടുണ്ട്. അഡ്വാൻസ്/ ഡെപ്പോസിറ്റ് രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നുണ്ട്. കാലഹരണപ്പെട്ട തുകകൾ തനതുഫണ്ടിലേയ്ക്ക് മുതൽകൂട്ടിയിട്ടില്ല. പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. തെരുവുവിളക്കുകൾ സംബന്ധിച്ച സ്റ്റോക്ക് രജിസ്റ്ററും സൂക്ഷിയ്ക്കുന്നില്ല. നികുതി - നികുതിയേതര വരവുകളുടെ DCB, ബന്ധപ്പെട്ട രജിസ്റ്ററുകളിൽ കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ട്. KURDFC ലോൺ വരവ് ചെലവ് വിശദാംശങ്ങൾ രജിസ്റ്ററിൽ കൃത്യമാക്കി രേഖപ്പെടുത്തി സൂക്ഷിയ്ക്കുന്നുണ്ട്. വസ്തു നികുതിയിനത്തിൽ 17 ലക്ഷത്തിലധികം തുക പിരിച്ചെടുക്കുവാൻ ശേഷിയ്ക്കുന്നു. അറവുശാലാ കുടിശ്ശികയിനത്തിലും 2 ലക്ഷത്തിലധികം നിലനിൽക്കുന്നു. നിക്ഷേപ പ്രവൃത്തികളിൽ മുൻവർഷങ്ങളിൽ കെഎസ് ഇ ബിയിൽ നിക്ഷേപിച്ചതിൽ 11 ലക്ഷത്തിലധികം ക്രമീകരിയ്ക്കാൻ ശേഷിയ്ക്കുന്നുണ്ട്. തൻവർഷം ഐ എൽ ജി എം എസ് സോഫ്റ്റ് വെയറിലൂടെയാണ് ഫയലുകൾ കൈകാര്യം ചെയ്തിട്ടുള്ളത്. എന്നാൽ മാന്വലായും ചെലവ് വൌച്ചറുകൾ മാസം തിരിച്ച് സൂക്ഷിച്ചിട്ടുണ്ട്. ചില ചെലവുകളുടെ സബ് വൌച്ചറുകൾ പൂർണമായും സോഫ്റ്റ്വെയറിൽ സ്കാൻ ചെയ്ത് ഉൾപ്പെടുത്തിയിരുന്നില്ല എന്നതൊഴിച്ചാൽ വൌച്ചറുകളുടെ സൂക്ഷിപ്പ് തൃപ്തികരമാണ്. സ്റ്റാന്റിംഗ് കമ്മിറ്റികൾ എല്ലാ മാസങ്ങളിലും ചേർന്നിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്ന് പദ്ധതി നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ പ്രോജക്ടുകളുടെ നടത്തിപ്പ് വർക്കിംഗ് ഗ്രൂപ്പുകൾ കൃത്യമായി മോണിറ്റർ ചെയ്ത് പദ്ധതി പൂർത്തീകരണസാക്ഷ്യപത്രം തയ്യാറാക്കിയതായി ഒരു ഫയലിലും കാണുന്നില്ല. പ്രോജക്ടുകളുടെ നിർവ്വഹണത്തിൽ മേൽനോട്ടസംവിധാനം ഫലപ്രദമായിരുന്നില്ലെന്ന് ഇതു സൂചിപ്പിക്കുന്നു. ഇക്കാര്യം ഭരണസമിതിയുടെയും സ്റ്റാന്റിംഗ്കമ്മിറ്റികളുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 03.05.2021-04.05.2021 | 01.04.2020 മുതൽ 31.03.2021 | റിപ്പോർട്ട് ലഭിച്ചില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22/03/2014 – 25/04/2014 | 2008/09 – 2012/13 | LBA(HQ)11/8A-2144/84 Dt 03/06/2014 |

## 1-11 പലിശരഹിത സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ തനത്ഫണ്ട് സൂക്ഷിക്കുന്നു -പലിശയിനത്തിൽ ഗണ്യമായ തുക വരുമാന നഷ്ടം

ഗ്രാമപഞ്ചായത്തിലെ തനത് ഫണ്ട് സൂക്ഷിക്കുകയും ദൈനംദിന ഇടപാടുകൾ നടത്തുകയും ചെയ്യുന്നത് കേരള ബാങ്കിന്റെ തലയോലപ്പറമ്പ് ശാഖയിലെ 133212322000034 നമ്പർ സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലൂടെയാണ്. എന്നാൽ രേഖകൾ പരിശോധിച്ചതിൽ 17.12.2004 ൽ ആരംഭിച്ച പ്രസ്തുത സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ പലിശ ക്രഡിറ്റാകുന്നില്ലായെന്ന് ബോദ്ധ്യമായി. ബാങ്ക് അക്കൗണ്ട് സ്റ്റേറ്റ്മെന്റിൽ "SB Without Interest "എന്ന് രേഖപ്പെടുത്തിയിട്ടുള്ള പ്രസ്തുത അക്കൗണ്ടിൽ 31.03.2025 ൽ 71,74,753/- രൂപ നീക്കിയിരിപ്പുണ്ട്. ഇപ്രകാരം പലിശ ലഭ്യമാകാത്ത സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ തനത് ഫണ്ട് സൂക്ഷിച്ചിരിക്കുന്നതിനാൽ ഗ്രാമപഞ്ചായത്തിന് പലിശയിനത്തിൽ വലിയ തുക നഷ്ടമാകുന്നുണ്ട്. ഗണ്യമായ തുകയുടെ വരുമാനനഷ്ടമുണ്ടാകുന്ന തരത്തിൽ ഗ്രാമപഞ്ചായത്തിന്റെ തനതുവരുമാനം പലിശരഹിതമായ അക്കൗണ്ടിൽ സൂക്ഷിച്ചുപോരുന്ന സാഹചര്യം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (01/05.06.25) ഇത് സംബന്ധിച്ച് ബാങ്കിന് കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ 2024-25 വർഷത്തെ പലിശ നൽകുന്നതിന് തയ്യാറാണെന്നും തുടർന്ന് ടി അക്കൗണ്ട് പലിശ നൽകുന്ന രീതിയിൽ മാറ്റം വരുത്തുന്നതാണെന്നും ബാങ്ക് മാനേജർ അറിയിച്ചിട്ടുള്ളതായി മറുപടി ലഭ്യമാക്കി. എന്നാൽ ദൈനംദിന ഇടപാടുകൾക്കുള്ള സേവിംഗ്സ് ബാങ്ക് അക്കൗണ്ട് പലിശ രഹിതമായി തുടങ്ങുവാനുണ്ടായ സാഹചര്യം സംബന്ധിച്ചോ മേൽ വിഷയത്തിന്മേൽ ഭരണസമിതി തീരുമാനം എടുത്തിട്ടുള്ളതായോ മറുപടിയിൽ വ്യക്തമാക്കിയിട്ടില്ല.

20 വർഷം മുമ്പ് ആരംഭിച്ച പ്രസ്തുത അക്കൗണ്ട് പലിശരഹിതമാണെന്ന് കണ്ടെത്തി നാളിതുവരെ തുടർനടപടികൾ സ്വീകരിക്കാതിരുന്നത് പഞ്ചായത്ത് അധികൃതരുടെ ഭാഗത്തുനിന്നുമുണ്ടായ ഗുരുതരമായ കൃത്യവിലോപമായി വിലയിരുത്തുന്നു. 2024-25 വർഷം 50 ലക്ഷത്തിനടുത്ത് ശരാശരി നീക്കിയിരിപ്പുണ്ടായിരുന്ന മേൽ അക്കൗണ്ടിൽ 4% പലിശ കണക്കാക്കിയാൽ (നിലവിൽ കേരള ബാങ്കിൽ സേവിംഗ്സ് ബാങ്ക് അക്കൗണ്ടിന് പലിശ 4% ആണെന്ന് അന്വേഷണത്തിൽ മനസ്സിലാക്കുന്നു) പ്രസ്തുത വർഷം മാത്രം 2 ലക്ഷം രൂപയോളം ഗ്രാമപഞ്ചായത്തിന് പലിശയിനത്തിൽ വരുമാന നഷ്ടം സംഭവിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ ബാങ്ക് അക്കൗണ്ട് പലിശരഹിതമായി തുടങ്ങിയത് മൂലം 20 വർഷത്തോളം പലിശയിനത്തിലുള്ള വരുമാന നഷ്ടം സംഭവിച്ച സാഹചര്യം അന്വേഷണവിധേയമാക്കേണ്ടതും ഇത് സംബന്ധിച്ച് ബാങ്ക് അധികൃതരുമായി ചർച്ച നടത്തി ഗ്രാമപഞ്ചായത്തിന് പലിശയിനത്തിൽ ലഭിക്കുവാൻ അർഹതയുള്ള മുഴുവൻ തുകയും നേടിയെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. കൂടാതെ മേൽ സേവിംഗ്സ് ബാങ്ക് അക്കൗണ്ട് അടിയന്തിരമായി പലിശ ലഭ്യമാകുന്ന തരത്തിൽ മാറ്റേണ്ടതാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി, ഭരണസമിതി എന്നിവയുടെ അടിയന്തിര ശ്രദ്ധ മേൽ വിഷയത്തിലേക്ക് ക്ഷണിക്കുന്നു. തുടർനടപടികളുടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-12 ധനകാര്യകമ്മീഷൻ ഗ്രാന്റ് (അൺടൈഡ്)- ഒന്നാം ഗഡുവായ 1458500/- രൂപ ബാങ്ക് അക്കൗണ്ടിൽ ക്രഡിറ്റായില്ല

08.08.2024 ലെ GO(Rt)6085/2024/Fin. നമ്പർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തിന് അനുവദിച്ച 2024-25 വർഷത്തെ ധനകാര്യകമ്മീഷൻ ഗ്രാന്റ് (അൺടൈഡ്) ഫണ്ടിന്റെ ഒന്നാംഗഡു തുകയായ 1458500/- രൂപ ഇതിനായി ആരംഭിച്ച സൗത്ത് ഇൻഡ്യൻ ബാങ്ക് തലയോലപ്പറമ്പ് ശാഖയിലെ 0802053000002195 നമ്പർ അക്കൗണ്ടിൽ ക്രഡിറ്റായിട്ടില്ല. പ്രസ്തുത തുക ഗ്രാമപഞ്ചായത്തിന് ലഭ്യമാകാത്തത് സംബന്ധിച്ച വിശദീകരണവും തുക ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും ലഭ്യാമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.06/09.06.25) ധനകാര്യ കമ്മീഷൻ ബേസിക് ഗ്രാന്റ് 2020-21 അഡീഷണൽ അലോക്കേഷൻ ഇനത്തിൽ 11128 രൂപ അനുവദിച്ചിരിക്കെ 2024-25 സാമ്പത്തിക വർഷത്തിലെ സ്പിൽ ഓവർ പദ്ധതിക്കായി അസി. എഞ്ചിനീയർ 15044 രൂപ പ്രകാരമുള്ള ബില്ല് ട്രഷറിയിലേക്ക് സമർപ്പിച്ചുവെന്നും അനുവദിച്ച

തുകയേക്കാൾ 3916 രൂപ അധികരിച്ചിട്ടുള്ള ബില്ലായിരുന്നിട്ടും അതേ ഹെഡ് ഓഫ് അക്കൌണ്ടിൽ ബേസിക് ഗ്രാന്റിന്റെ ഒന്നാം ഗഡുവായി 1458500/- രൂപ ലഭിച്ച സാഹചര്യത്തിൽ സ്വാഭാവിക നടപടി ക്രമമനുസരിച്ച് ബിൽ പാസ്സാവുകയും ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് തുക പോകുകയും ചെയ്തുവെന്നും ബാങ്ക് അക്കൗണ്ടിലേക്ക് ക്രഡിറ്റാകാതിരുന്ന ഒന്നാം ഗഡു തുക ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് ധനകാര്യ വകുപ്പിന് കത്ത് നൽകിയിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കി. ധനകാര്യകമ്മീഷൻ ബേസിക് ഗ്രാന്റിനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭ്യമാകുവാൻ അർഹതയുള്ള തുക ലഭിക്കുന്നതിനായി ഭരണതലത്തിൽ നടപടികൾ സ്വീകരിക്കേണ്ടതും തുക ലഭ്യമാക്കി വിവരം അറിയിക്കേണ്ടതുമാണ്.

## 1-13 സ്ഥിരനിക്ഷേപ പലിശയിൽ നിന്നും കിഴിവ് ചെയ്ത ആദായനികുതി തിരികെ ലഭ്യമായില്ല

ഗ്രാമപഞ്ചായത്തിന്റെ സൗത്ത് ഇൻഡ്യൻ ബാങ്ക് തലയോലപ്പറമ്പ് ശാഖയിൽ 31.05.2022 ൽ ആരംഭിച്ച സ്ഥിരനിക്ഷേപം(അക്കൗണ്ട് നം.0802101000002253) 2023-24, 2024-25 വർഷങ്ങളിൽ പുതുക്കി നിക്ഷേപിച്ചപ്പോൾ ലഭ്യമായ പലിശയിൽ നിന്നും ആദായനികുതി റ്റി.ഡി.എസ് ഇനത്തിൽ തുക കുറവ് ചെയ്തതായി സ്ഥിരനിക്ഷേപ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സ്ഥിരനിക്ഷേപം പുതുക്കിയ തിയതി | നിക്ഷേപിച്ചിരുന്ന തുക | ലഭ്യമായ പലിശ | ആകെ പുതുക്കി നിക്ഷേപിക്കേണ്ടിയിരുന്ന തുക | റ്റി.ഡി.എസ് ആയി കുറവ് ചെയ്ത തുക | പുതുക്കി നിക്ഷേപിച്ച തുക |
|---|---|---|---|---|---|
| 31.05.2023 | 834780 | 59351 | 894131 | 16823 | 877308 |
| 31.05.2024 | 877308 | 59351 | 936659 | 5706 | 930953 |
| **ആകെ** | | | | **22529** | |

1961 ലെ ആദായനികുതി നിയമം സെക്ഷൻ 10 (20) പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വരുമാനത്തെ ആദായനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ആയതിനാൽ ഗ്രാമപഞ്ചായത്തിന് ഇത്തരത്തിൽ കുറവ് ചെയ്ത തുക തിരികെ ലഭ്യമാകുവാൻ അർഹതയുള്ളതായി കാണുന്നു. ബാങ്ക് റ്റി.ഡി.എസ് ആയി കുറവ് ചെയ്ത തുക തിരികെ ലഭ്യമാക്കുവാൻ സ്വീകരിച്ച തുടർനടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.05/09.06.25) ആദായനികുതിയിൽ കുറവ് ചെയ്ത തുക തിരികെ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് കൊണ്ട് സൗത്ത് ഇൻഡ്യൻ ബാങ്ക് മാനേജർക്ക് കത്ത് നൽകിയിട്ടുണ്ടെന്നും ടി തുക തിരികെ ലഭിക്കുന്ന മുറയ്ക്ക് അറിയിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി.ആദായനികുതി റ്റി.ഡി.എസ് ഇനത്തിൽ ബാങ്ക് കുറവ് ചെയ്ത 22529/- രൂപ തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-14 സ്ഥാപനങ്ങളുടെ ലിസ്റ്റ് പൂർണ്ണമല്ല-തൊഴിൽ നികുതി സ്റ്റേറ്റ്മെന്റിൽ ശരിയായ രീതിയിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല - വരുമാന നഷ്ടം ഉണ്ടാക്കുന്നു.

(1) ഗ്രാമപഞ്ചായത്ത് പരിധിയിൽ തൊഴിൽ നികുതി ചുമത്തുന്നതിനുള്ള അടിസ്ഥാന രേഖയായ സ്ഥാപന ലിസ്റ്റ്(Institution List) , ട്രേഡേഴ്സ് ലിസ്റ്റ് എന്നിവ പൂർണ്ണമല്ല.തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിൽ 181 സ്ഥാപനങ്ങളും ട്രേഡേഴ്സ് ലിസ്റ്റിൽ ഒന്നും രണ്ടും അർദ്ധ വർഷങ്ങളിൽ യഥാക്രമം 581 ഉം 642 ഉം സ്ഥാപനങ്ങളും ഉൾപ്പെടുത്തിയിരിക്കുന്നു. എന്നാൽ പഞ്ചായത്ത് പരിധിയിലുള്ളതും ധാരാളം ജീവനക്കാർ ജോലി ചെയ്യുന്നതുമായ നിരവധി സ്ഥാപനങ്ങൾ പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല എന്ന് കാണുന്നു. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1) പ്രകാരം പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷം 60 ദിവസത്തിൽ കുറയാതെ തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടവർക്ക് തൊഴിൽ നികുതി ചുമത്തേണ്ടതാണ്. തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്നതും നികുതിയിൽ നിന്നും ഒഴിവായതുമായ വിവിധ മേഖലകളിലുള്ള സ്ഥാപനങ്ങളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | എ.ബി.ഇൻഡസ്ട്രീസ് |
| 2 | അൻസിലി റോഡ്രിഗസ് ആൻഡ് അസോസിയേറ്റ്സ് |
| 3 | ഏഷ്യൻ ഇൻഡസ്ട്രീസ് |
| 4 | അമൃത ഫിനാൻസ് |
| 5 | കൊറിയർ സർവ്വീസ് ഓഫീസുകൾ |

| | |
|---|---|
| 6 | അമ്മ ഹോം നേഴ്സിംഗ് |
| 7 | എമർ സോൺ എച്ച്.ആർ.ഇന്ററർനാഷണൽ |
| 8 | ഫെയ്ത്ത് എയർ കണ്ടീഷനിംഗ് സർവ്വീസസ് |
| 9 | ജിജി ക്രിയേഷൻസ് ബിൽഡിംഗ് |
| 10 | എൽ.ഐ.സി |
| 11 | എം.ജെ കൺസ്ട്രക്ഷൻസ് |
| 12 | ദേവി സാറ്റ് വിഷൻ |
| 13 | ജാവ സർവ്വീസ് സെന്റർ |
| 14 | ന്യൂ ഇൻഡ്യ എഞ്ചിനീയേഴ്സ് |
| 15 | പുതുക്കാട്ട് ഫിനാൻസിയേഴ്സ് |
| 16 | ഡ്രൈവിംഗ് സ്കൂൾസ് |
| 17 | Vaw ഡിജിടെക് പ്രൈവറ്റ് ലിമിറ്റഡ് |
| 18 | വലവേലിൽ കൺസ്ട്രക്ഷൻ വർക്ക് |
| 19 | സാധന പഥം യോഗ&ടൂഴ്സ് |
| 20 | നമ്പൂതിരി&Co. |

മേൽപറഞ്ഞ സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി തദ്ദേശ സ്ഥാപനങ്ങളിൽ ഒടുക്കേണ്ട അക്രുവൽ ചെയ്യാത്ത നികുതി വരുമാനമാണ്.

ഓരോ സ്ഥാപനത്തിനും പ്രത്യേകം പേജുകൾ അനുവദിച്ചുകൊണ്ട് വാർഡ് തലത്തിൽ ഉള്ള ഡിമാൻഡ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. മേൽ സ്ഥാപനങ്ങളെ പഞ്ചായത്തിന്റെ Institution List-ൽ ഉൾപ്പെടുത്തി ടേണോവർ അടിസ്ഥാനത്തിലുള്ള നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്. ഈ വിഷയത്തിൽ രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം31/13.06.2025) നൽകിയതിന് ലഭിച്ച മറുപടിയിൽ ട്രേഡ്സ് ലിസ്റ്റും ഇൻസ്റ്റിറ്റ്യൂഷൻ ലിസ്റ്റും കാലികമാക്കി കൊണ്ടിരിക്കുന്നതായി മറുപടി നൽകിയിട്ടുണ്ട്.
(2) തൊഴിൽ നികുതി റിട്ടേണുകളിൽ അർദ്ധവാർഷിക വരുമാനം കൃത്യമായി രേഖപ്പെടുത്താത്തതും വരുമാന നഷ്ടത്തിന് ഇടയാക്കുന്നു.

ഉദാ:

എ) ഓറഞ്ച് ഹൈപ്പർ മാർട്ട്, തിരുവനന്തപുരം.-8 ജീവനക്കാർ

ബി) കേശവാസ് ഹോസ്പിറ്റാലിറ്റി പ്രൈവറ്റ് ലിമിറ്റഡ്ജ്,(പുഴയോരം)-2 ജീവനക്കാർ

സി) SACHH ഫുഡ് ബേക്കേഴ്സ് Ltd.-35 ജീവനക്കാർ

ഡി) മിനി മുത്തൂറ്റ് നിധി കേരള ലിമിറ്റഡ്-3 ജീവനക്കാർ

ഇ) ICL FINCORP LTD.ലെ -4 ജീവനക്കാർ Etc
ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് 13/06/2025 ലെ 31-ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

ശരിയായ രീതിയിൽ അർദ്ധവാർഷിക വരുമാനം രേഖപ്പെടുത്തി റിട്ടേണുകൾ സമർപ്പിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതും വരുമാന ചോർച്ച ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

**1-15 ഓഡിറ്റ് ഇംപാക്ട് -ജീവനക്കാരുടെ തൊഴിൽ നികുതി ഇനത്തിൽ കുറവുവന്ന 2600/- രൂപ ഒടുക്കി -**

ടെറാക്കൂൾബ്രിക്സ്,തലയോലപ്പറമ്പ് എന്ന സ്ഥാപനത്തിലെ ജീവനക്കാരുടെയും റിനെയ് സോഫ്റ്റ് സൊലൂഷൻസ് എന്ന സ്ഥാപനത്തിലെയും ജീവനക്കാരുടെ 2024-25 രണ്ടാം അർദ്ധവർഷം ഹാജരാക്കിയ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ ഏതാനും ജീവനക്കാരുടെ തൊഴിൽ നികുതി 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി ) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം അർദ്ധവാർഷിക വരുമാനത്തിന് ആനുപാതികമായ നിരക്കിൽ( സ.ഉ.സാധാ.നം. 1149/2024എൽ.എസ്.ജി.ഡി തീയതി.27/06/24 ) അല്ല തൊഴിൽ നികുതി ഈടാക്കിയത് എന്ന് കണ്ടു. ഇതു സംബന്ധിച്ച് (9/10.6.25)-ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് മേൽ സ്ഥാപനത്തിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഇനത്തിൽ കുറവുവന്ന 2600/- രൂപ 18/06/25-ലെ R-G050205-25001125-ാം നമ്പർ രസീത് പ്രകാരം 2150/-രൂപയും R-G050205-25001914-ാം നമ്പർ രസീത് പ്രകാരം 450/-രൂപയും ഒടുക്കി രേഖകൾ ഹാജരാക്കിയിട്ടുണ്ട്. ഭാവിയിൽ തൊഴിൽ നികുതി ഈടാക്കുമ്പോൾ

നിയമാനുസൃതമായ സ്ലാബ് പ്രകാരമാണ് ഈടാക്കുന്നതെന്ന് ബന്ധപ്പെട്ടവർ ഉറപ്പുവരുത്തേണ്ടതാണ്.

**1-16 തൊഴിൽ നികുതി – സ്വയം തൊഴിലിൽ ഏർപ്പെടുന്നവരിൽ നിന്ന് നികുതി ഈടാക്കുന്നില്ല**

1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി ചട്ടങ്ങൾ) പ്രകാരം തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായതും ഗ്രാമപഞ്ചായത്ത് പരിധിയിൽ ഒരു അർദ്ധവർഷത്തിൽ 60 ദിവസത്തിൽ കുറയാതെ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കാവുന്നതാണ്. എന്നാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്വയംതൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന അഭിഭാഷകർ, പ്രൈവറ്റ് പ്രാക്ടീസ് ചെയ്യുന്ന ഡോക്ടർമാർ, അഭിഭാഷകർ, വൈദ്യൻമാർ, പാരാമെഡിക്കൽ വിദഗ്ധർ, ബ്യൂട്ടി പാർലർ ജീവനക്കാർ, ചാർട്ടേഡ് അക്കൗണ്ടന്റുമാർ , എഞ്ചിനീയർമാർ, കൂടാതെ ഗ്രാമപഞ്ചായത്തിന്റെ ഉൾപ്പെടെ മരമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാർ, ആധാരം എഴുത്ത് ഓഫീസുകളിലെ ജീവനക്കാർ, അബ്കാരി ഷാപ്പ് ജീവനക്കാർ, റേഷൻ വ്യാപാരികൾ എന്നിവരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നില്ല. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019-ലെ (സി.എസ്) എ-9-7664/2019-ാം നമ്പർ കത്തിൽ എല്ലാ റേഷൻ കടകളും ലൈസൻസ് ഫീസും തൊഴിൽ നികുതിയും ഒടുക്കണമെന്ന് സ്പഷ്ടീകരണം ലഭിച്ച സാഹചര്യത്തിൽ റേഷൻ കടകൾ ഉൾപ്പെടെ മേൽപ്പറഞ്ഞവരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-17 വിനോദനികുതി സെസ് സർക്കാരിലേക്ക് തിരിച്ചടച്ചില്ല.**

2024-25 വർഷത്തെ വാർഷികകണക്കുകളിലെ ബി-9 ഷെഡ്യൂളിലെ 350400107-Refunds Payable-Entertainment Tax എന്ന ശീർഷകത്തിൽ വിനോദ നികുതി സെസ് ഇനത്തിൽ പിരിച്ചിട്ടുള്ള 1802292/- രൂപ തിരിച്ചടയ്ക്കുവാൻ ബാദ്ധ്യതയുള്ളതായി കാണുന്നു.പ്രസ്തുത തുക നാളിതുവരെ തിരിച്ചടയ്ക്കാത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.02/05.06.25) സർക്കാരിൽ നിന്നും വിനോദ നികുതിയുടെ ജി.എസ്.റ്റി കോമ്പൻസേഷൻ ഇനത്തിൽ കിട്ടുവാനുള്ള തുക ലഭിക്കുന്ന മുറയ്ക്ക് തുക അടവാക്കുന്നതിന് പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കി. പ്രസ്തുത ബാദ്ധ്യതാ ഹെഡ്ഡിൽ അവശേഷിക്കുന്ന തുക നിശ്ചിത ശീർഷകത്തിലേക്ക് അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

**1-18 IFTE & OS ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.**

ഗ്രാമപഞ്ചായത്തിലെ IFTE & OS ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ നിരവധി സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നതായി കാണുന്നു.

ഉദാ:

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | എ.ബി.ഇൻഡസ്ട്രീസ് |
| 2 | അൻസിലി റോഡ്രിഗസ് ആൻഡ്അസോസിയേറ്റ്സ് |
| 3 | ഏഷ്യൻ ഇൻഡസ്ട്രീസ് |
| 4 | അമൃത ഫിനാൻസ് |
| 5 | കൊറിയർ സർവ്വീസ് ഓഫീസുകൾ |
| 6 | അമ്മ ഹോം നഴ്സിംഗ് |
| 7 | എമർ സോൺഎച്ച്.ആർ ഇന്റർനാഷണൽ |
| 8 | ഫെയ്ത്ത് എയർകണ്ടീഷനിംഗ് സർവ്വീസസ് |
| 9 | ജിജി ക്രിയേഷൻസ് ബിൽഡിംഗ് |
| 10 | എൽ.ഐ.സി |
| 11 | എം.ജെ.കൺസ്ട്രക്ഷൻസ് |
| 12 | ദേവി സാറ്റ് വിഷൻ |

| | |
|---|---|
| 13 | ജാവ സർവ്വീസ് സെന്റർ |
| 14 | ന്യൂ ഇൻഡ്യ എഞ്ചിനീയേഴ്സ് |
| 15 | പുതുക്കാട്ട് ഫിനാൻസിയേഴ്സ് |
| 16 | ഡ്രൈവിംഗ് സ്കൂൾസ് |
| 17 | Vaw ഡിജിടെക്ക് പ്രൈവറ്റ് ലിമിറ്റഡ് |
| 18 | വലവേലിൽ കൺസ്ട്രക്ഷൻ വർക്ക് |
| 19 | സാധന പദം യോഗ&ടൂഷ്സ് |
| 20 | നമ്പൂതിരി&Co. |

കൂടാതെ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കള്ളുഷാപ്പുകൾ, റേഷൻ കടകൾ, തുടങ്ങിയ സ്ഥാപനങ്ങൾ 2024-25 വർഷങ്ങളിൽ ലൈസൻസ് എടുത്തതായി കാണുന്നില്ല. വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (30/13.06.25) ലഭ്യമാക്കിയ മറുപടിയിൽ ഫീൽഡ് പരിശോധന ഉൾപ്പെടെ നടത്തി ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. പഞ്ചായത്തിന്റെ തനത് വരുമാനം കുറഞ്ഞു വരുന്ന സ്ഥിതി ഉള്ളതിനാൽ അടിയന്തിരമായി ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി ലൈസൻസ് ഇല്ലാത്ത കടകൾക്ക് ലൈസൻസ് നൽകുന്നത് സംബന്ധിച്ച് ധനകാര്യസ്റ്റാൻഡിംഗ് കമ്മറ്റി ചർച്ചചെയ്ത് തീരുമാനമെടുത്തിരുന്നതായി മിനിറ്റ്സ് രേഖകളിൽനിന്നും വ്യക്തമാകുന്നു. (14/6/24-ലെ 1/2-ാം നം. തീരുമാനം). ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന IFTE & OS ലൈസൻസ് ആവശ്യമായ എല്ലാ സ്ഥാപനങ്ങളും ബന്ധപ്പെട്ട ചട്ടങ്ങൾ പ്രകാരമുള്ള ലൈസൻസോടെയാണ് പ്രവർത്തിക്കുന്നതെന്ന് ഉറപ്പാക്കാൻ ധനകാര്യസ്റ്റാൻഡിംഗ് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധ ഉണ്ടാവേണ്ടതാണ്.

## 1-19 ജിംനേഷ്യം 1963 ലെ കേരള പ്ലെയ്സസ് ഓഫ് പബ്ലിക് റിസോർട്ട് ആക്റ്റ് പ്രകാരമുള്ള ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു

ബഹു. ഹൈക്കോടതിയുടെ WP(C) 22937/2021 തീയതി- 11.07.2022 വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എല്ലാ ജിംനേഷ്യങ്ങളും 1963 ലെ കേരള പ്ലെയ്സസ് ഓഫ് പബ്ലിക് റിസോർട്ട് ആക്റ്റ് പ്രകാരമുള്ള ലൈസൻസ് നേടിയിരിക്കേണ്ടതാണെന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ ജിംനേഷ്യങ്ങളും 1963 ലെ കേരള പ്ലെയ്സസ് ഓഫ് പബ്ലിക് റിസോർട്ട് ആക്റ്റ് പ്രകാരമുള്ള ലൈസൻസ് നേടിയിട്ടുണ്ടോ എന്ന് കൃത്യമായി പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണെന്നും ലൈസൻസ് കൂടാതെ പ്രവർത്തിക്കുന്ന ജിംനേഷ്യങ്ങൾക്ക് മൂന്ന് മാസത്തിനുള്ളിൽ നിർബന്ധമായും ലൈസൻസ് നേടുവാൻ നിർദ്ദേശിച്ച് നോട്ടീസ് നൽകേണ്ടതുമാണെന്നും LSGD/RD1/47/2022/01.08.2022 നമ്പർ സർക്കുലറിൽ നിർദ്ദേശിച്ചിരുന്നു. എന്നാൽ തലയോലപ്പറമ്പ് പഞ്ചായത്ത് പരിധിയിൽ ഒന്നാം വാർഡിൽ പ്രവർത്തിക്കുന്ന പ്രണവ് .കെ.എസ് ന്റെ ഉടമസ്ഥതയിലുള്ള Fitness Mob എന്ന സ്ഥാപനം മേൽ ലൈസൻസ് ഇല്ലാതെയാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ഇത് സംബന്ധിച്ച് നൽകിയ 12/06/25ലെ 23 -ാം നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക് നൽകിയ മറുപടിയിൽ D&O ലൈസൻസ് എടുത്തിട്ടുള്ളതായാണ് മറുപടി നൽകിയിരിക്കുന്നത്. മേൽ ഉത്തരവ് പ്രകാരമുള്ള നിർദ്ദേശങ്ങൾ നിർബന്ധമായും പാലിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ ജിംനേഷ്യങ്ങളും മേൽപ്പറഞ്ഞ ലൈസൻസ് എടുക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-20 ബാരൽവിലയും ജിഎസ് റ്റിയും പ്രത്യേകമായി കണക്കാക്കി നിശ്ചിത ശീർഷകങ്ങളിൽ അടവാക്കിയിട്ടില്ല.

തദ്ദേശ സ്വയംഭരണവകുപ്പിന്റെ 30-10-17-ലെ 59827/എഫ്.എം /07 നമ്പർ സർക്കുലർ പ്രകാരം ടാറിംഗ് പ്രവൃത്തികളിൽ ഉപയോഗിക്കുന്ന ടാർ വീപ്പകളുടെ വില ഏത് ഫണ്ടിൽനിന്നാണോ ടാർ വാങ്ങിയത് അഥവാ ഏത് ഫണ്ട് വിനിയോഗിച്ചാണോ പ്രവൃത്തി നടത്തിയത് അതേ ഫണ്ടിലേക്ക് ധനകാര്യവകുപ്പിന്റെ 12-4-06-ലെ ജി.ഓ.(പി)177/06/ നമ്പർ ഉത്തരവിലെ ഖണ്ഡിക 10.3 പാലിച്ച് സർക്കാരിലേക്ക് തിരിച്ചടയ്ക്കേണ്ടതാണ്. ഓഡിറ്റിന് ലഭ്യമാക്കിയ റോഡ് ടാറിംഗ് പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ ബാരൽവില ഉൾപ്പെടെയുള്ള തുക ട്രഷറിയിൽനിന്നും പിൻവലിച്ചിട്ടുണ്ടെങ്കിലും ആയത് നിശ്ചിത ശീർഷകത്തിൽ സർക്കാരിലേക്ക് തിരിച്ചടയ്ക്കാതെ പഞ്ചായത്തിന്റെ തനതുഫണ്ടിലേക്ക് ട്രാൻസ്ഫർക്രഡിറ്റ് ചെയ്തിട്ടുള്ളതായി കാണുന്നു. കൂടാതെ വർക്ക് ബില്ലിൽ ബാരലിന്റെ വിലയും ആയതിന്റെ ജിഎസ് റ്റിയും വേർതിരിച്ച് കാണിച്ചില്ലാത്തതിനാൽ ബാരൽവിലയും ജിഎസ് റ്റിയും ഉൾപ്പെടുന്ന മുഴുവൻ തുകയുമാണ് പഞ്ചായത്തിന്റെ റവന്യൂവരവായി തനതുഫണ്ടിലേക്ക് ക്രഡിറ്റ് ചെയ്തിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | പ്രോജക്ട് | ഫണ്ട് | ബാരൽവില (ജിഎസ്ടി ഉൾപ്പെടെ) |
|---|---|---|---|
| 1 | 99/25 കരിവത്തറ -മുല്ലോത്ത് റോഡ് നവീകരണം | മെയിന്റനൻസ് ഗ്രാന്റ് | 5056 /- |
| 2 | 65/24 ഈരേത്ത് ലക്ഷംവീട് -പാറയ്ക്കൽ റോഡ് നവീകരണം | ,, | 2528/- |
| 3 | 182/25 പള്ളിപ്പാറ-തലപ്പാറ റോഡ് നവീകരണം | ,, | 3371/- |
| 4 | 174/25 അയ്യൻകോവിൽ -ഉമ്മാങ്കുന്ന് റോഡ് | ,, | 1966/- |
| 5 | 204/25 ഭൂതപുരം കോളനിറോഡ് നവീകരണം | ,, | 2247 |
| 6 | 191/25 കോലത്താർ-തിരുപുരം റോഡ് നവീകരണം | ,, | 2247 |
| 7 | 82/25 മഞ്ഞിപ്പുഴ-കുന്നിമംഗലം റോഡ് നവീകരണം | ,, | 2809 |
| 8 | 235/25 കൂർക്കത്തറ-കുമ്പളത്താക്കൽ ക്ഷേത്രം റോഡ് നവീകരണം-വാർഡ്- 13 | ,, | 3090 |
| 9 | 179/25 പൊട്ടൻചിറ-വാതപ്പള്ളി റോഡ് നവീകരണം വാർഡ്-15 | | 2247 |
| 10 | 183/25 ഇല്ലിത്തൊണ്ട് തലപ്പാറ റോഡ് നവീകരണം വാർഡ്-9 | ,, | 3090 |
| 11 | 198/ -തലയോലപ്പറമ്പ്-കോലത്താർറോഡ് നവീകരണം വാർഡ്- 11 | | 3651 |
| 12 | 178/25കോലത്താർ-പാറപ്പുറം റോഡ് നവീകരണം | | 2809 |
| 13 | 175/25 കുറുന്തറ-കോരിക്കൽറോഡ് നവീകരണം-വാർഡ് -11 | | 2247 |
| 14 | 200/25 ഇളങ്കാവ്-മണലേൽപ്പഠി റോഡ് നവീകരണം വാർഡ്-15 | | 2618 |
| 15 | 101/25നെടിയടി-പൈനാമിറ്റം റോഡ് | | 6179 |

| | | | |
|---|---|---|---|
| | നവീകരണം വാർഡ്-12 | | |
| 16 | 100/25 തേവലക്കാട് കടത്തുകടവ് റോഡ് ടാറിംഗ്-12 | ,, | 5056 |
| 17 | 205/25വെട്ടുകുഴി സെന്റ്. ജോസഫ് ചാപ്പേൽ-കീഴേടം റോഡ് വാർഡ്-8 | | 2528 |
| 18 | 90/25-8അസ്സീസ്സി കോൺനെന്റ്-സെന്റ്. ജോസഫ് ചാപ്പേൽറോഡ് | | 3932 |
| 19 | 97/25തലപ്പാറ-വാര്യത്തുകവല റോഡ് നവീകരണം വാർഡ്-7 | | 2809 |
| 20 | 84/25 ഇല്ലിത്തൊണ്ട് തലപ്പാറ റോഡ് നവീകരണം വാർഡ്-9 | | 3090 |
| 21 | 81/25 മഴുവിന്മേൽ-ഒട്ടാറശ്ശേരി റോഡ് നവീകരണം വാർഡ്-14 | | 3371 |
| | | ആകെ | 61,604/- |

രേഖാമൂലം വിശദീകരണം ലഭ്യമാക്കുന്നതിനും പരിഹാരനടപടികൾ സ്വീകരിക്കുന്നതിലേക്കുമായി അപാകത ശ്രദ്ധയിൽപ്പെടുത്തി എൻക്വയറി (നം- 10/12-6-25) നൽകിയതിന് ലഭ്യമാക്കിയ മറുപടിയിൽ തുക നിശ്ചിത ശീർഷകത്തിൽ സർക്കാരിലേക്ക് തിരിച്ചടയ്ക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. തനതുഫണ്ടിലേക്ക് ക്രഡിറ്റ് ചെയ്യപ്പെട്ട തുകയിൽ ബാരൽവിലയിനത്തിലുള്ള തുകയും ജി.എസ്.റ്റിയും പ്രത്യേകമായി കണക്കാക്കി നിശ്ചിത ശീർഷകങ്ങളിൽ അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. നടപടികളുടെ വിശദാംശം മറുപടിയിൽ അറിയിക്കേണ്ടതാണ്.

**<u>1-21 ഗുണഭോക്തൃ വിഹിതം ഉറപ്പു വരുത്താതെ വിവിധ പ്രോജക്ടുകൾക്ക് വാങ്ങൽ- 1.23 ലക്ഷം വികസന ഫണ്ട് സർക്കാരിലേക്ക് അടച്ചു</u>**

കൃഷി ഓഫീസർ നിർവഹണം നടത്തിയ ജൈവപച്ചക്കറി കൃഷി വികസനം ജനറൽ വനിത (പ്രൊജക്ട് നം. 28/25), ജൈവപച്ചക്കറി കൃഷി വികസനം എസ് സി പി വനിത (പ്രൊജക്ട് നം. 29/25), കുറ്റിക്കുരുമുളക് തൈ വിതരണം (പ്രൊജക്ട് നം. 31/25) എന്നീ പ്രൊജക്ടുകൾക്ക് താഴെ കൊടുത്തിരിക്കും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നം | പ്രൊജക്ടിന്റെ പേര്, നം. | അടങ്കൽ,ഫണ്ടിനം | ചെലവ് തുക , ബിൽ നം |
|---|---|---|---|
| 1 | ജൈവപച്ചക്കറി കൃഷി വികസനം ജനറൽ വനിത (പ്രൊജക്ട് നം. 28/25) | 869546, വികസന ഫണ്ട് പൊതുവിഭാഗം. 289900, ഗുണഭോക്തൃ വിഹിതം | 112500-257/7.3.25<br>112500-258/7.3.25<br>112500-260/7.3.25, 112500-261/7.3.25, 112500-312/18.3.25, 112500-313/18.3.25, 148350-334/22.3.25<br>ആകെ-823350<br>87500-Voucher No. 22401433/30.3.25, 71350- |

| | | | |
|---|---|---|---|
| | | | 22401279/13.3.25, 72600-22401365/26.3.25, 24450-22401367/26.3.25 ആകെ-255900 |
| 2 | ജൈവപച്ചക്കറി കൃഷി വികസനം എസ് സി പി വനിത (പ്രൊജക്റ്റ് നം. 29/25) | 360750, വികസന ഫണ്ട് (എസ് സിപി.) 120250, ഗുണഭോക്തൃ വിഹിതം | 112500-221/24.2.25 137100-335/22.3.25 ആകെ-249600 53750-22401428/30.3.25 12000-22401435/30.3.25 ആകെ-65750 |
| 3 | കുറ്റിക്കുരുമുളക് തൈ വിതരണം (പ്രൊജക്റ്റ് നം. 31/25) | 200000, വികസന ഫണ്ട് പൊതുവിഭാഗം 66667, ഗുണഭോക്തൃ വിഹിതം | 94875-259/7.3.25, 35588-297/14.3.25, 26568-383/25.3.25 ആകെ-157031 11308-22401434/30.3.25 11200-22401368/26.3.25 11200-22401369/26.3.25 8848-22401427/29.3.25, 5600-22401280/13.3.25 ആകെ-48156 |

ജൈവപച്ചക്കറി കൃഷി വികസനം ജനറൽ വനിത (പ്രൊജക്റ്റ് നം. 28/25), ജൈവപച്ചക്കറി കൃഷി വികസനം എസ് സി പി വനിത (പ്രൊജക്റ്റ് നം. 29/25) പ്രൊജക്റ്റുകൾക്ക് Hdpe UV Protected Veg Pots ഉം Growing Media With Vegtable Seedings ഉം ലഭ്യമാക്കുന്നതിന് കാവേരി ഫെർട്ടിലൈസേഴ്സ് ഇൻഡസ്ട്രീസ് എന്ന സ്ഥാപനത്തിന് മേൽ പട്ടികയിൽ കാണിച്ചിരിക്കുന്ന പ്രകാരം തുക നൽകിയിരുന്നു. പ്രൊജക്റ്റ് നം. 28/25 ന് 5489 Hdpe പോട്ടുകൾ (ഒരു പോട്ടിന് 200 നിരക്കിൽ) സ്ഥാപനം ലഭ്യമാക്കിയെങ്കിലും വിതരണ രജിസ്റ്റർ പ്രകാരം 5118 പോട്ടുകൾ മാത്രമാണ് വിതരണം ചെയ്തിട്ടുള്ളത്. പ്രൊജക്റ്റ് നം. 29/25 പ്രകാരം 1664 Hdpe പോട്ടുകൾ (ഒരു പോട്ടിന് 200 നിരക്കിൽ) സ്ഥാപനം ലഭ്യമാക്കിയെങ്കിലും വിതരണ രജിസ്റ്റർ പ്രകാരം 1315 പോട്ടുകൾ മാത്രമാണ് വിതരണം ചെയ്തിട്ടുള്ളത്. കുറ്റിക്കുരുമുളക് തൈ വിതരണം (പ്രൊജക്റ്റ് നം. 31/25) പ്രൊജക്റ്റിൽ 110/ രൂപ നിരക്കിൽ 1915 തൈകൾ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡിൽ നിന്നും ലഭ്യമായി. ആയതിൽ 1720 എണ്ണം മാത്രമാണ് വിതരണ രജിസ്റ്റർ പ്രകാരം ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തത്. കൃത്യമായി ഗുണഭോക്താക്കളുടെ എണ്ണം പരിഗണിക്കാതെ വാങ്ങൽ നടത്തിയതിനാൽ പ്രൊജക്റ്റുകളിൽ അധിക തുക ചെലവഴിക്കാനിടയായിട്ടുണ്ട്. പ്രൊജക്റ്റ് നം. 28/25 പ്രകാരം അധികമായി വാങ്ങിയ 371 തൈകൾക്ക് 371*150 =55650/- രൂപയും (തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ വിഹിതമായി 75% തുകയായ 150 രൂപ) പ്രൊജക്റ്റ് നം. 29/25 പ്രകാരം അധികമായി വാങ്ങിയ 349 തൈകൾക്ക് 349*150 =52350/- രൂപയും (തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ വിഹിതമായി 75% തുകയായ 150 രൂപ) പ്രൊജക്റ്റ് നം. 31/25 പ്രകാരം അധികമായി വാങ്ങിയ 195 തൈകൾക്ക് 195*82 =15990/- രൂപയും (തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ വിഹിതമായി 75% തുകയായ 82 രൂപ) അധികമായി ചെലവഴിക്കുന്ന സാഹചര്യമുണ്ടായി. മൂന്നു പ്രൊജക്റ്റുകൾക്കും അധികമായി വാങ്ങൽ നടത്തുകയും എന്നാൽ പോട്ടുകളും തൈകളും വിതരണം ചെയ്യാതിരിക്കുകയും ചെയ്ത സാഹചര്യം വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (13/11.6.25) മേൽ പ്രൊജക്റ്റുകളിൽ സാമ്പത്തിക വർഷം അവസാനസമയത്ത് അധികതുക അനുവദിക്കുകയും ആയതിന് ഗുണഭോക്താക്കളുടെ അഡീഷണൽ ലിസ്റ്റ് നൽകുകയും ചെയ്തെന്നും എന്നാൽ ഗുണഭോക്താക്കൾ മുഴുവൻ ഗുണഭോക്തൃ വിഹിതം അടച്ച് തൈകൾ കൈപ്പറ്റാൻ എത്താതിരുന്നതിനാൽ ബിൽ പ്രകാരം ലഭ്യമായ തൈകളും പോട്ടുകളും

പൂർണ്ണമായും വിതരണം ചെയ്യാൻ സാധിച്ചില്ലെന്നും മറുപടി നൽകി. കൂടാതെ ഇപ്രകാരം വിതരണം ചെയ്യാതിരുന്ന തൈകൾ കാവേരി ഫെർട്ടിലൈസേഴ്സ്, KAICO എന്നീ സ്ഥാപനങ്ങൾക്ക് തിരികെ നൽകി അധിക തുകയായ 123990 (52350+55650+15990) തിരികെ വാങ്ങി ട്രഷറിയിൽ 3604-00-911-99-00-Recovery Of Over Payment എന്ന ഹെഡിൽ അടവാക്കിയിട്ടുണ്ടെന്ന് രേഖാമൂലം മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുക തിരികെ അടവാക്കിയ നടപടി അംഗീകരിക്കുന്നു. എന്നാൽ യഥാർത്ഥത്തിൽ ആനുകൂല്യം ആവശ്യമുള്ളവരുടെ കൃത്യമായ ലിസ്റ്റ് തയ്യാറാക്കാതെയും ഗുണഭോക്തൃവിഹിതം ഉറപ്പാക്കാതെയും തൈകളും Hdpe പോട്ടുകളും വാങ്ങിയതിനാലാണ് വിതരണം പൂർണ്ണമായും നടത്താനാകാതെ ചെലവഴിച്ച തുക സർക്കാരിലേക്ക് തിരികെ അടവാക്കാൻ സാഹചര്യമുണ്ടായത്. മറ്റ് പ്രൊജക്ടുകളിൽ ചെലവഴിക്കാമായിരുന്ന വികസന ഫണ്ടിനത്തിലെ തുകയാണ് ഇത്തരത്തിൽ നഷ്ടപ്പെടുന്ന സാഹചര്യമുണ്ടായത്. തുടർവർഷങ്ങളിൽ അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

**1-22 അനർഹമായി കൈപ്പറ്റിയ പെൻഷൻ തുക തിരികെ ഈടാക്കിയിട്ടില്ല**

ശ്രീ പി. എ കൊച്ചുമുഹമ്മദ്, കുഴിക്കളത്തിൽ, തലപ്പാറ, മിഠായിക്കുന്നം പി.ഒ എന്നയാൾ 2020 സെപ്റ്റംബർമാസം മുതൽ 2021 ജൂൺമാസം വരെയുള്ള പത്തുമാസക്കാലയളവിൽ വാർദ്ധക്യകാല പെൻഷൻ ഇനത്തിൽ അനർഹമായി കൈപ്പറ്റിയ ആകെതുക ( 14900/-രൂപ ) തിരികെ അടവാക്കുന്നതിന് നിരവധി തവണ മുന്നറിയിപ്പ് നൽകിയിട്ടും തുക അടവാക്കാത്ത സാഹചര്യം പരിഗണിച്ച് റവന്യൂ റക്കവറി നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശിച്ച് 9-12-24ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തിരുന്നു (അജണ്ട-2, തീരുമാനം-1). ഇതുമായി ബന്ധപ്പെട്ട തുടർനടപടികളുടെ വിവരം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം-3/9-6-25) ലഭ്യമാക്കിയ മറുപടിയിൽ ബഹു. ഡയറക്ടർ( റൂറൽ) ന്റെ 27-11-23ലെ LSGD/PD/10650 നമ്പർ കത്തിലെ നിർദ്ദേശാനുസരണം ടിയാളെ സേവനപോർട്ടലിൽനിന്നും നീക്കം ചെയ്തിട്ടുള്ളതായും തുക തിരികെ അടവാക്കണമെന്നറിയിച്ച് 03-01-2025 ൽ അറിയിപ്പ് നൽകിയെങ്കിലും നാളിതുവരെ തുക അടവാക്കിയിട്ടില്ലാത്തതാണെന്നും, മേൽ തുകയും പലിശയും ഉൾപ്പടെ 17582/- രൂപ ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ അടിയന്തിരമായി സ്വീകരിക്കുന്നതാണെന്നും വ്യക്തമാക്കുകയുണ്ടായി.

പെൻഷൻ ഇനത്തിൽ ഗുണഭോക്താവ് അനർഹമായി കൈപ്പറ്റിയ 14900/-രൂപ പലിശ സഹിതം തിരികെ ഈടാക്കി നിശ്ചിത ശീർഷകത്തിൽ സർക്കാരിലേക്ക് അടവാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

**1-23 എം.സിഎഫ് നിർമ്മാണം - കെട്ടിടത്തിന് സ്ഥലപരിമിതിയും അടിസ്ഥാനസൗകര്യങ്ങളുടെ അഭാവവും നിലനിൽക്കുന്നു., പ്രോജക്ട് ലക്ഷ്യം കൈവരിച്ചിട്ടില്ല.**

| | |
|---|---|
| പ്രോജക്ട് | 172/25 എം.സി.എഫ് നിർമ്മാണം വാർഡ്-2 |
| വകയിരുത്തൽ | 3,56,500/- ( സിഎഫ് സി -ടൈഡ് ഫണ്ട്)<br>368820/-( കേന്ദ്രാവിഷ്കൃത ഫണ്ട്)<br>7,25,370/- |
| ചെലവ്, ബിൽനമ്പർ | 251910/-, 184/16-1-25 ( സിഎഫ് സി -ടൈഡ് ഫണ്ട്) |

മാലിന്യനിർമ്മാർജ്ജനത്തിന്റെ ഭാഗമായി പ്ലാസ്റ്റിക് മാലിന്യങ്ങൾ തരംതിരിച്ച്സൂക്ഷിക്കുന്നതിനായി എംസിഎഫ് കെട്ടിടം നിർമ്മിക്കുന്നതിന് 2022-23 വർഷത്തിൽ 11,88,500/- വകയിരുത്തി ആവിഷ്ക്കരിച്ചതാണ് പ്രോജക്ട്. 2022-23 മുതൽ ഓഡിറ്റ് വർഷം വരെ ആകെ 7,15040/-രൂപ ചെലവഴിച്ചിട്ടുള്ളതാണ്.

| വർഷം | ചെലവഴിച്ച തുക | ഫണ്ട് |
|---|---|---|
| 2022-23 | ഇല്ല | |
| 2023-24 | 4,63,130/- | കേന്ദ്രാവിഷ്കൃതഫണ്ട് |
| 2024-25 | 251910/- | സിഎഫ് സി -ടൈഡ് |
| ആകെ | 7,15040/- | |

മത്സ്യമാർക്കറ്റും കശാപ്പുശാലയും, പച്ചക്കറിമാർക്കറ്റും ഉൾപ്പെടെ നിരവധി വ്യാപാരസ്ഥാനങ്ങൾ പ്രവർത്തിക്കുന്ന വളരെ പുരാതനമായ മാർക്കറ്റാണ് പഞ്ചായത്ത് പരിധിയിലുള്ളത്. ആയതിനാൽ വ്യാപാരസ്ഥാപഎംനങ്ങളിൽനിന്നുൾപ്പെടെ വലിയ അളവിൽ പ്ലാസ്റ്റിക് മാലിന്യം ഉണ്ടാകാവുന്ന സാഹചര്യംനിലനിൽക്കുന്നു. എന്നാൽ നിലവിൽ കേവലം 500സ്ക്വയർഫീറ്റ് അളവിൽമാത്രം നിർമ്മിച്ചിട്ടുള്ള എം.സി.എഫ് കെട്ടിടം മാലിന്യ സംഭരണത്തിന് പര്യാപ്തമായതരത്തിൽ വേണ്ടത്ര വലിപ്പം ഇല്ലാത്തതാണ്. മാത്രമല്ല കെട്ടിടത്തിന്റെ സ്ട്രക്ചർ മാത്രമാണ് നിലവിൽ പൂർത്തിയായിട്ടുള്ളത്.





കെട്ടിടത്തിന്റെ ഇലക്ട്രിഫിക്കേഷനായി സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി പ്രോജക്ട് നമ്പർ 211/25പ്രകാരം 40864/-രൂപവകയിരുത്തിയിരുന്നെങ്കിലും തൻവർഷം പ്രോജക്ട് നടപ്പാക്കിയിട്ടില്ല. കെട്ടിടത്തിൽ ജലലഭ്യതയ്ക്കുള്ള സംവിധാനവും സജ്ജമായിട്ടില്ല. നിലവിലെ കെട്ടിട നിർമ്മാണം പൂർത്തിയാക്കി അടിസ്ഥാനസൗകര്യങ്ങൾ സജ്ജമാക്കി എം.സി.എഫ് പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ശാസ്ത്രീയമായി മാലിന്യം ശേഖരിക്കുന്നതിനും സൂക്ഷിക്കുന്നതിനുമായി നാളിതുവരെ സ്ഥിരവും സൗകര്യപ്രദവുമായ ഒരു എം.സി.എഫ് ഇല്ലാത്തത് മാലിന്യനിർമ്മാർജ്ജനമേഖലയിൽ ഗ്രാമപഞ്ചായത്ത് നേരിടുന്ന വെല്ലുവിളിയാണ്. ശേഖരിക്കുന്ന മാലിന്യം തരം തിരിയ്ക്കാൻ ആവാത്ത പക്ഷം പുനരുപയോഗിക്കാനാവുന്ന മാലിന്യത്തിന് വില ലഭിക്കില്ല എന്നു മാത്രമല്ല, അവ പോലും റിജക്റ്റഡ് വേസ്റ്റ് എന്ന നിലയിൽ വൻ തുക നൽകി കയ്യൊഴിയേണ്ടിയും വരും. ഇത് ഗ്രാമപഞ്ചായത്തിന് വലിയ സാമ്പത്തിക ബാധ്യത വരുത്തിവയ്ക്കുന്നതാണ്. ആയതിനാൽ അനുയോജ്യമായ സ്ഥലം കണ്ടെത്തി ഹരിതകർമ്മ സേന ശേഖരിക്കുന്ന മാലിന്യം സംഭരിക്കുന്നതിനും, തരം തിരിക്കുന്നതിനുമുള്ള എല്ലാ വിധ സൗകര്യങ്ങളോടും കൂടിയ ഒരു സ്ഥിരം മെറ്റീരിയൽ കലക്ഷൻ ഫെസിലിറ്റി സെന്റർ (എം.സി.എഫ്) നിർമ്മിക്കുന്നതിനുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

## 1-24 പ്രോജക്ട്പ്രകാരം പഞ്ചായത്ത് വാങ്ങിയ സ്കൂൾ വാഹനം കത്തിനശിച്ചത് - നഷ്ടപരിഹാരം ലഭ്യമായിട്ടില്ല

2015-16 വാർഷികപദ്ധതിയിൽ സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി തലയോലപ്പറമ്പ് ഗവ. എൽപി എസിന് വാങ്ങിനൽകിയിരുന്ന വാഹനം (MAXIMO MINI VAN )അറ്റകുറ്റപ്പണികൾക്കായി ഗവ.അംഗീകൃത വർക്ഷോപ്പ് ആയ മൈ മെക്കാനിക്, അതിരമ്പുഴ എന്ന സ്ഥാപനത്തിൽ ഏൽപ്പിച്ചിരുന്നു. എന്നാൽ സ്ഥാപനത്തിൽ വച്ചുണ്ടായ അഗ്നിബാധയിൽ വാഹനം കത്തിനശിച്ചുപോയിരുന്നു. തുടർന്ന് സംഭവത്തിൽ നഷ്ടപരിഹാരം ലഭിക്കുന്നതുമായി ബന്ധപ്പെട്ട് , വാഹനത്തിന് PWD മെക്കാനിക്കൽ എൻജിനീയറിംഗ് വിഭാഗം പരിശോധിച്ച് നിശ്ചയിക്കുന്ന വില പരിഗണിച്ചതിനുശേഷം ടി വിഷയത്തിൽ തീരുമാനം എടുക്കുന്നതിനും വാഹനം പരിശോധിച്ച് വിലനിർണ്ണയം നടത്തിത്തരുന്നതിന് അസി.എക്സിക്യൂട്ടീവ് എൻജിനീയർ, പി ഡബ്ല്യു ഡി

മെക്കാനിക്കൽ എൻജിനീയറിംഗ് ഡിവിഷൻ, മാവേലിക്കര അവർകളോട് അഭ്യർത്ഥിക്കുന്നതിനും പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തിരുന്നു ( 7-6-24 അജണ്ട-2,തീരുമാനം-1) തുടർനടപടികളുടെ വിവരം ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി ( നം 3/9-6-25) നൽകിയതിന് വാഹനത്തിന്റെ മതിപ്പുവില നിശ്ചയിക്കുന്നതിനായി പിഡബ്ലിയുഡി മെക്കാനിക്കൽ വിഭാഗം അസി.എക്സി.എൻജിനീയർക്ക് വാഹനത്തിന്റെ വിശദാംശങ്ങൾ സഹിതം കത്ത് നൽകിയിരുന്നതായി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ വിലനിർണ്ണയം നടത്തി ലഭിച്ചിട്ടുള്ളതായി ഫയലിൽ രേഖകളില്ല. മാത്രമല്ല വാഹനത്തിന് സ്ഥാപനത്തിൽനിന്നും നഷ്ടപരിഹാരം ലഭ്യമാകുന്നത് സംബന്ധിച്ച് ലഭിച്ച അറിയിപ്പിന്റെ അടിസ്ഥാനത്തിൽ വിഷയം ചർച്ചചെയ്ത് സ്ഥാപനവുമായി ഏതെങ്കിലും തരത്തിൽ ധാരണയായിട്ടുള്ളതായോ കാണുന്നില്ല.

സ്ഥാപനത്തിൽ വച്ചുതന്നെയാണ് സ്കൂൾവാഹനം ഉപയോഗിക്കാൻ കഴിയാത്തവിധം കത്തിനശിച്ചുപോയിട്ടുള്ളത്. വാഹനത്തിന് നിശ്ചയിക്കുന്ന വിലയോ അഥവാ ആ വിലയ്ക്കുള്ള പുതിയവാഹനം വാങ്ങിനൽകുന്നതിനോ സ്ഥാപനം രേഖാമൂലം സമ്മതം അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ വിലനിർണ്ണയവുമായി ബന്ധപ്പെട്ട നടപടികൾ ത്വരിതപ്പെടുത്തി പിഡബ്ലിയുഡി മെക്കാനിക്കൽ വിഭാഗം അസി.എക്സി.എൻജിനീയറുടെ കാര്യാലയത്തിൽ നിന്നും ഇതുസംബന്ധിച്ച റിപ്പോർട്ട് ലഭ്യമാകുന്നതിനും കമ്പനിയിൽനിന്നും വാഹനത്തിന്റെ നഷ്ടപരിഹാരം ലഭ്യമാകുന്നതിനും ഉള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിൽ പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്ത് തുടർനടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

**1-25 അഗതിരഹിതകേരളം പദ്ധതി- സി.ഡി.എസ് അക്കൗണ്ടിൽ 42 ലക്ഷത്തിലധികം രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നു**

അഗതിരഹിതകേരളം പദ്ധതിയ്ക്കായി സി.ഡി.എസിന്റെ പേരിൽ ഗ്രാമീണ ബാങ്ക് തലയോലപ്പറമ്പ് ശാഖയിൽ ആരംഭിച്ചിട്ടുള്ള 40541101027660 നമ്പർ അക്കൗണ്ടിൽ പ്രോജക്ടുകൾക്കായി കൈമാറിയ തുകകൾ ഉൾപ്പെടെ 31.03.2024 ൽ 4604646/- രൂപ നീക്കിയിരിപ്പുണ്ടായിരുന്നു. 2024-25 വർഷം 5 ഗുണഭോക്താക്കൾക്കായി 100000/- രൂപ വീതം ആകെ 500000/- രൂപ ഭവനപുനരുദ്ധാരണത്തിനായി പ്രസ്തുത അക്കൗണ്ടിൽ നിന്നും നൽകിയിട്ടുണ്ട്. 2024-25 വർഷത്തിൽ വികസനഫണ്ട് വിഹിതം ഗ്രാമപഞ്ചായത്തിൽ നിന്നും നൽകിയിട്ടില്ല. മേൽ അക്കൗണ്ടിൽ ക്രഡിറ്റായ പലിശയുൾപ്പെടെ 31.03.2025 ലെ നീക്കിയിരിപ്പ് 4231577/- രൂപയാണ്. സമൂഹത്തിൽ അവശത അനുഭവിക്കുന്ന ദുർബലരും പാവപ്പെട്ടവരുമായ ഒരു വിഭാഗം ഗുണഭോക്താക്കളുടെ അടിസ്ഥാനാവശ്യങ്ങൾ നിറവേറ്റുന്നതിനുവേണ്ടി വകയിരുത്തി നൽകുന്ന സർക്കാർ ഗ്രാന്റ് ഇവർക്കായി സമയബന്ധിതമായി ചെലവഴിക്കപ്പെടാതെ അക്കൗണ്ടിൽ നിലനിർത്തിയിരിക്കുന്ന നടപടി ക്രമപ്രകാരമല്ല. അപാകത സംബന്ധിച്ചും തുക ചെലവഴിക്കാത്ത പക്ഷം സർക്കാരിലേയ്ക്ക് തിരികെ അടയ്ക്കേണ്ടതാണെന്നും മുൻ വർഷങ്ങളിലെ റിപ്പോർട്ടുകളിൽ പരാമർശിച്ചിരുന്നുവെങ്കിലും നാളിതുവരെ കൃത്യമായ തുടർനടപടികൾ സ്വീകരിച്ചിട്ടുമില്ല. മേൽ സാഹചര്യത്തിൽ പ്രോജക്ടുകൾ നടപ്പാക്കി അക്കൗണ്ടിൽ നീക്കിയിരിപ്പുള്ള തുക പൂർണ്ണമായും ചെലവഴിക്കാത്തത് സംബന്ധിച്ച വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.12/10.06.25) അനുമതി ലഭിച്ച പട്ടിക പ്രകാരം ധനസഹായം വരും വർഷങ്ങളിലും ഗുണഭോക്താക്കൾക്കായി അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി.

പ്രസ്തുത തുക മുൻ വർഷങ്ങളിൽ നൽകിയ വികസനഫണ്ട് വിഹിതവും ആയതിന് ലഭിച്ച പലിശയും ചേർന്നുള്ള തുകയാണെന്ന് മുൻ റിപ്പോർട്ടിലും പരാമർശിച്ചിട്ടുള്ള സാഹചര്യത്തിൽ അർഹരായ ഗുണഭോക്താക്കൾക്കു വേണ്ടി നിയമാനുസൃതനടപടിക്രമങ്ങൾ പാലിച്ച് അടിയന്തിരമായി തുക പൂർണ്ണമായും വിനിയോഗിക്കേണ്ടതാണ്. അർഹരായ ഗുണഭോക്താക്കൾ ഇല്ലാത്ത സാഹചര്യത്തിൽ തുക പലിശ സഹിതം സർക്കാരിലേക്ക് തിരിച്ചടച്ച് വിവരം അറിയിക്കേണ്ടതാണ്. മേൽ വിഷയത്തിലേക്ക് ഭരണസമിതിയുടേയും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടേയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

**1-26 പൊതുടാപ്പുകളുടെ വെള്ളക്കരമടവാക്കൽ – രേഖകൾ പൂർണമല്ല-കൃത്യമായ കുടിശ്ശികകണക്ക് ലഭ്യമല്ല-**

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി തൻവർഷം പൊതു ടാപ്പുകളുടെ വെള്ളക്കരം അടവാക്കലിനായി മൂന്ന് പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്. പ്രോജക്ടുകളും അവയുടെ ചെലവ് വിശദാംശങ്ങളും ചുവടെ ചേർക്കുന്നു.

പ്രോജക്ട് നം 15/25

| ഫണ്ടിനം | അടങ്കൽ | ചെലവ് | വൌച്ചർ നം/ ബിൽ നം |
|---|---|---|---|
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 628604/- | 64303/- | 55/22-07-24 |
| | | 64303/- | 95/04-10-24 |
| | | 64302/- | 105/28-10-24 |
| | | 64302/- | 121/20-11-24 |
| | | 242790/- | 135/25-11-24 |
| | | 128604/- | 360/24-03-25 |
| ആകെ | 628604/- | 628604/- | |

പ്രോജക്റ്റ് നം . 153/25

| ഫണ്ടിനം | അടങ്കൽ | ചെലവ് | വൌച്ചർ നം/ ബിൽ നം |
|---|---|---|---|
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 780689/- | 422680/- | 134/29-11-24 |
| ആകെ | 780689/- | 422680/- | |

പ്രോജക്റ്റ് നം. 163/25

| ഫണ്ടിനം | അടങ്കൽ | ചെലവ് | വൌച്ചർ നം/ ബിൽ നം |
|---|---|---|---|
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 307091/- | 14422/- | 128/25-11-24 |
| | | 220350/- | 135/29-11-24 |
| | | 72319/- | 361/24-03-25 |
| ആകെ | 307091/- | 307091/- | |

ലഭ്യമാക്കിയ പ്രോജക്റ്റ് ഫയലുകളും സംയുക്തപരിശോധനാറിപ്പോർട്ടുൾപ്പെടെയുള്ള മറ്റ് രേഖകളും പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. പൊതു ടാപ്പുകളുടെ വെള്ളക്കരമടവാക്കൽ ( പ്രോജക്റ്റ് നമ്പർ15/25)- പ്രോജക്റ്റ് പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും വിവിധ ബില്ലുകൾ പ്രകാരം ആകെ 628604/- രൂപ വെള്ളക്കരമിനത്തിൽ ചെലവഴിച്ചിട്ടുണ്ട്. പ്രോജക്റ്റ് ഫയലിൽ വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് നോട്ടീസ് സൂക്ഷിച്ചിട്ടില്ല. തുക മാറിയതിന്റെ ബിൽ കോപ്പികൾ മാത്രമേയുള്ളൂ. ആകെ ചെലവഴിച്ച തുകയിൽ 371394/-രൂപ ( 242790 + 128604 ) പ്രോജക്റ്റ് അംഗീകാരത്തിനു മുമ്പ് തനതു ഫണ്ടിൽ നിന്നും ചെലവഴിച്ചതായതിനാൽ തനത് ഫണ്ടിലേക്ക് ( അക്കൌണ്ട് നം. 33306163760. എസ്ബിഐ തലയോലപ്പറമ്പ്) റീ കൂപ്പ് ചെയ്തിട്ടുള്ളതാണ് . ഏതു മാസത്തെ തുകയാണ് തനത് ഫണ്ടിലേയ്ക്ക് റികൂപ്പ് ചെയ്തതെന്ന് വ്യക്തമല്ല .

2. പൊതു ടാപ്പുകളുടെ വെള്ളക്കരമടവാക്കൽ ( പ്രോജക്റ്റ് നമ്പർ 153/25)- എന്ന സ്പിൽ ഓവർ പ്രോജക്റ്റ് പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റിൽനിന്നും 422680/- രൂപ കേരള വാട്ടർ അതോറിറ്റി, പി എച്ച് ഡിവിഷൻ, കടുത്തുരുത്തിയിലേക്ക് അടവാക്കിയിട്ടുണ്ട്. പ്രോജക്റ്റ് പ്രൊഫോമയും ബിൽ കോപ്പിയും മാത്രമേ ലഭ്യമാക്കിയ പ്രോജക്റ്റ് ഫയലിൽ ഉള്ളൂ. ഏത് കാലയളവിലെ തുകയാണ് അടവാക്കിയതെന്ന് വ്യക്തമാക്കുന്ന വാട്ടർ അതോറിറ്റിയുടെ ഡിമാൻഡ് നോട്ടീസുകൾ ലഭ്യമാക്കിയ ഫയലില്ല.

3. പൊതു ടാപ്പുകളുടെ വെള്ളക്കരം അടവാക്കൽ (163/25)- പ്രോജക്ട് പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാൻറിൽ നിന്നും വിവിധ ബില്ലുകൾ പ്രകാരം 307091/- രൂപ ചെലവഴിച്ചിട്ടുണ്ട്. ആകെ ചെലവഴിച്ച തുകയിൽ 220350/- രൂപ മാത്രമാണ് വാട്ടർ അതോറിറ്റിയിലേയ്ക്ക് അടവാക്കിയിട്ടുള്ളത് . ബാക്കി 86741/- രൂപ ( 14422 + 72319 ) തനതുഫണ്ടിലേയ്ക്ക് റീകൂപ്പ് ചെയ്തിട്ടുള്ളതായാണ് ബിൽ കോപ്പി പ്രകാരം വ്യക്തമാകുന്നത്. വാട്ടർ അതോറിറ്റിയുടെ ചില മാസങ്ങളിലെ ഡിമാൻഡ് നോട്ടീസുകൾ ഉണ്ടെങ്കിലും ഏതൊക്കെ മാസങ്ങളിലെ തുകയാണ് അടവാക്കിയത് എന്ന് വ്യക്തമല്ല. വാട്ടർ അതോറിറ്റിയുടെ 12/23 വരെയുള്ള മാസങ്ങളിലെ ഡിമാൻഡ് നോട്ടീസുകളിൽ 295 ടാപ്പുകളുടെ വെള്ളക്കരമാണ് ഡിമാൻഡ് ചെയ്തിരിക്കുന്നത് . 9/24 ലെ ഡിമാൻഡ് നോട്ടീസിനൊപ്പം ഉള്ള സ്റ്റേറ്റ്മെൻറിൽ 4/23 മുതൽ ടാപ്പുകളുടെ എണ്ണം 53 ആയി പുനർനിർണിച്ചതായി കാണിച്ചിരിക്കുന്നു. 12/23 വരെ 295 ടാപ്പുകളുടെ തുക അടച്ചിരുന്നുവോ എന്നതും അടച്ചിട്ടുണ്ടെങ്കിൽ ആയത് പിന്നീട് ക്രമീകരിച്ചിട്ടുണ്ടോയെന്നും വ്യക്തമല്ല. പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണം ക്രമീകരിച്ചപ്പോൾ കുടിശ്ശിക തുകയും പുനർനിർണയിച്ചിട്ടുണ്ടോയെന്നതും വ്യക്തമല്ല.

4. വാട്ടർ അതോറിറ്റിയുടെ 25-03-23 ലെ നിർദ്ദേശാനുസരണം പ്രവർത്തനക്ഷമമല്ലാത്ത 242 പൊതുടാപ്പുകളുടെ കണക്ഷൻ വിഛേദിയ്ക്കുന്നതിന് വാട്ടർ അതോറിറ്റിയിൽ അടവാക്കിയ 244900/- രൂപയിൽ 200000/- രൂപ വാട്ടർ അതോറിറ്റിയുടെ മറ്റൊരു അക്കൌണ്ടിലേയ്ക്ക് തെറ്റായി ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തത് ക്രമീകരിച്ച് ലഭിയ്ക്കുന്നതിന് 29-03-23 ൽ വാട്ടർ അതോറിറ്റിയ്ക്ക് കത്ത് നൽകിയിട്ടുണ്ടെങ്കിലും ഫയലിൽ തുടർനടപടി വിശദാംശങ്ങളില്ല.

5. കണക്ഷൻ വിഛേദിച്ച് കുടിശ്ശിക എന്നുമുതലായി പുനർ നിർണയിച്ചുവെന്നതിൻറെ വിശദാംശങ്ങൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

വാട്ടർ അതോറിറ്റിയിലേക്കടവാക്കാനുള്ള കുടിശ്ശിക തുകയുടെ കൃത്യമായ കണക്കും, പ്രോജക്ട് ചെലവുകളുടെ മുഴുവൻ രേഖകളും സഹിതം വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് (നം. 18/11.06.2025 ) മറുപടി ലഭ്യമാക്കിയെങ്കിലും തനതുഫണ്ടിൽ നിന്നും വാട്ടർ അതോറിറ്റിയ്ക്ക് അടവാക്കിയ തുകയുടെ വിശദാംശങ്ങളോ കുടിശ്ശിക പുനനിർണയിച്ചതിൻറെ വിശദാംശങ്ങളോ ലഭ്യമാക്കിയില്ല. രേഖകൾ സഹിതമുള്ള വിശദമായ മറുപടി ലഭ്യമാക്കുന്നതുവരെ വെള്ളക്കരമിനത്തിൽ ആകെ ചെലവഴിച്ച 1358375/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-27 തെരുവ് വിളക്ക് പരിപാലനം- രേഖകൾ കൃത്യമായി സൂക്ഷിയ്ക്കുന്നില്ല-

| ഫണ്ടിനം | അടങ്കൽ | ചെലവ് | വൌച്ചർ നം/ ബിൽ നം |
|---|---|---|---|
| തനതുഫണ്ട് | 360000/- | 110740/- | 79/03-09-24 |
| | | 95690/- | 282/11-03-25 |
| | | 79800/- | 324/21-03-25 |
| | 360000/- | 286230/- | |

തെരുവ് വിളക്കുകൾ പരിപാലിക്കൽ -കൂലി ചെലവ് നൽകൽ ( പ്രോജക്ട് നമ്പർ152/25)- എന്ന സ്പിൽ ഓവർ പ്രോജക്ട് പ്രകാരം തെരുവ് വിളക്ക് മെയിൻറനൻസിനായി തനത് ഫണ്ടിൽ നിന്നും 286230/- രൂപ ചെലവഴിച്ചിട്ടുണ്ട്. ടെൻഡർ ക്ഷണിച്ചു പോസ്റ്റ് ഒന്നിന് 70/- രൂപ എന്ന കുറഞ്ഞ നിരക്ക് കാട്ട് ചെയ്ത വിനോദ്.ടി.കെ, പനച്ചിക്കാട് പി ഓ എന്ന വ്യക്തിക്കാണ് തുക നൽകിയിരിക്കുന്നത്. ഇൻവോയ്സുകൾ പ്രകാരം 30 വാട്ടിൻറെ ആകെ 4089 ( 1582 +1367 + 1140 ) വിളക്കുകളുടെ കൂലിച്ചെലവാണ് നൽകിയിട്ടുള്ളത്. പ്രോജക്ട് ഫയലിൽ 15 വാർഡിലെയും പോസ്റ്റുകളുടെ വിശദാംശങ്ങളും, വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രവും ഉൾപ്പെടുത്തിയിട്ടുണ്ട്. വാർഡ് തിരിച്ചുള്ള പോസ്റ്റുകളുടെ വിവരം രേഖപ്പെടുത്തിയ സ്ട്രീറ്റ് ലൈറ്റ് മെയിൻറനൻസ് രജിസ്റ്ററും സൂക്ഷിയ്ക്കുന്നുണ്ട് . പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1). തെരുവുവിളക്കുകളുടെ വാങ്ങൽ സംബന്ധിച്ച് പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ മുൻവർഷങ്ങളിൽ വാങ്ങിയ തെരുവുവിളക്കുകളുടെ വിശദാംശങ്ങളോ അവയിൽ ശേഷിയ്ക്കുന്നവ സംബന്ധിച്ചോ വ്യക്തമല്ല.

2). പ്രോജക്ടിനായി പഞ്ചായത്തിൽ സ്റ്റോക്കിലുള്ള ലൈറ്റുകളും അനുബന്ധ ഉപകരണങ്ങളും ഉപയോഗിച്ചാണോ മെയിൻറനൻസ് നടത്തിയതെന്ന് വ്യക്തമല്ല. കരാറുകാരൻ തന്നെ വാങ്ങി മാറ്റിയിടുകയാണ് ചെയ്തതെങ്കിൽ ആയതിൻറെ ഇൻവോയ്സ് ലഭ്യമാക്കിയിട്ടില്ല. കൂലിച്ചെലവ് സംബന്ധിച്ച ഇൻവോയ്സുകൾ മാത്രമേ ലഭ്യമാക്കിയ ഫയലിലുള്ളു.

3). തകരാറിലായ വിളക്കുകൾ മാറ്റി സ്ഥാപിച്ചപ്പോൾ പഴയവ തിരികെ പഞ്ചായത്തിൽ ഏൽപ്പിച്ചതിൻറെ വിശദാംശങ്ങളില്ല.

രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം.19/11.06.25) മുൻവർഷം വാങ്ങിയ ബൾബുകളും അനുബന്ധസാമഗ്രികളും വാർഡ് അംഗങ്ങൾ മുഖേന പ്രോജക്ടിനായി ഉപയോഗിച്ചുവെന്നാണ് മറുപടി ലഭ്യമാക്കിയത്. എന്നാൽ ജനറൽ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിയ്ക്കുന്ന തെരുവുവിളക്കുകളുടെ സ്റ്റോക്കിൽ ലൈറ്റുകളുടെ വിതരണവിവരമോ നീക്കിയിരിപ്പുവിശദാംശങ്ങളോ രേഖപ്പെടുത്തിയിട്ടില്ല. മാത്രമല്ല സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 30 വാട്ടിന്റെ 1042 ബൾബുകളും അനുബന്ധ ഉപകരണങ്ങളും മാത്രമാണുള്ളത്. ആയതിനാൽ മറുപടിയുടെ കൃത്യത വ്യക്തമല്ല. തെരുവ് വിളക്കുകളുടെ സ്റ്റോക്ക് ,വിതരണ – നീക്കിയിരിപ്പു വിശദാംശമുൾപ്പെടെ പ്രത്യേക രജിസ്ററിൽ രേഖപ്പെടുത്തി സൂക്ഷിയേക്കണ്ടതാണ്. ഉപയോഗശൂന്യമായ ഉപകരണങ്ങൾ തിരികെ ലഭ്യമാക്കുമ്പോൾ ആയതിന്റെ വിശദാംശങ്ങളും മെയിന്റനൻസ് രജിസ്റ്ററിൽ ചേർത്ത് തുടർനടപടികൾ കൈക്കൊള്ളേണ്ടതാണ്.

**1-28 ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്ന് വാങ്ങൽ-85485/-രൂപയുടെ മരുന്ന് ലഭ്യമായിട്ടില്ല**

| | |
|---|---|
| പ്രോജക്ട് | ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്ന് വാങ്ങൽ |
| പ്രോജക്ട് നം. | 59/25 |
| അടങ്കൽ | 3,00,000/- |
| ചെലവ് | 3,00,000/- |
| ബിൽ നം &തീയതി | 108/06.11.24 |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ) |

മെഡിക്കൽ ഓഫീസർ (ഹോമിയോ) നിർവ്വഹണം നടത്തിയ മേൽ പ്രോജക്ടിൽ മരുന്ന് വാങ്ങുന്നതിന് ഹോംകോ, ആലപ്പുഴയ്ക്ക് 3,00,000/-രൂപ നൽകിയിട്ടുണ്ട് (കൈപ്പറ്റ് രസീത് നം.9699 തീ.09/12/24) അതിൽ 2,14,515/-(78004+136511) രൂപയുടെ മരുന്ന് ലഭ്യമായിട്ടുണ്ട്. 85,485/രൂപയുടെ മരുന്ന് ലഭിക്കാനുള്ളതായി കാണുന്നു. പ്രസ്തുത മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് ആയതിന്റെ ഒറിജിനൽ ടാക്സ് ഇൻവോയ്സ്, സ്റ്റോക്ക് എൻട്രി എന്നീ രേഖകൾ സഹിതം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ബാക്കി മരുന്ന് ലഭ്യമാക്കി അനുബന്ധ രേഖകൾ ഹാജരാക്കുന്നതുവരെ 85,485/ രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-29 പാലിന് സബ്സിഡി- ഗുണഭോക്താവിന് ആനുകൂല്യം ലഭ്യമാകുന്നതിന് തുടർനടപടികൾ സ്വീകരിച്ചില്ല**

ഗ്രാമ പഞ്ചായത്തിലെ 2023-24 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ക്ഷീര വികസന ഓഫീസർ നിർവ്വഹണം നടത്തിയ പ്രൊജക്ട് നം 96/24 - പാലിനു സബ്സിഡി എന്ന പദ്ധതിയിൽ ഗുണഭോക്താവായി തിരഞ്ഞെടുക്കപ്പെട്ടിരുന്ന ശ്രീ.സോണി എസ് സോമൻ എന്നയാൾക്ക് നൽകേണ്ടിയിരുന്ന ധനസഹായതുകയായ 40000/- രൂപ സാംഖ്യയുമായി മാപ്പ് ചെയ്തിരുന്ന പഴയ അക്കൗണ്ടിലേക്ക് പാസ്സാക്കി എങ്കിലും അക്കൗണ്ട് പ്രവർത്തക്ഷമമല്ലാതിരുന്നതിനാൽ ടി തുക ഗുണഭോക്താവിനു ലഭിച്ചില്ല. ശ്രീ സോണി എസ് സോമന് തുക അക്കൗണ്ടിൽ ലഭിക്കാതിരുന്നതുമൂലം തുക15.04.2024 ൽ നിശ്ചിത ശീർഷകത്തിൽ സർക്കാരിലേക്ക് തിരികെ നൽകിയിട്ടുള്ളതാണ് എന്ന് കടുത്തുരുത്തി സബ് ട്രഷറി ഓഫീസർ അറിയിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ, ടി ഗുണഭോക്താവിന് ലഭ്യമാകേണ്ടിയിരുന്ന 40000/- രൂപ ടിയാൾക്ക് നൽകുന്നതിനുവേണ്ടി സെക്രട്ടറിയുടെ പേരിൽ റീ അലോട്ട് ചെയ്തു തരണമെന്ന് ബഹു.ധനകാര്യവകുപ്പിനോട് അഭ്യർത്ഥിക്കുന്നതിന് 27.06.2024 ലെ ജനറൽ കമ്മിറ്റിയി തീരുമാനമെടുത്തിട്ടുണ്ട്( അജണ്ട 19 തീരുമാനം 16 ) . പ്രസ്തുത തീരുമാനത്തിന് സ്വീകരിച്ച തുടർ നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കണെമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.29/12.06.25) മറുപടി ലഭ്യമാക്കിയില്ല.പ്രസ്തുത കമ്മിറ്റി തീരുമാനത്തിന്മേൽ തുടർനടപടികൾ സ്വീകരിച്ച് ഗുണഭോക്താവിന് ആനുകൂല്യം ലഭ്യമാകുവാൻ സാഹചര്യമൊരുക്കേണ്ടതാണ്.

**1-30 ലൈഫ് ഭവനപദ്ധതി- അഡ്വാൻസ് കൈപ്പറ്റിയ ഗുണഭോക്താക്കൾ നാളിതുവരെ ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ല**

ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി മുൻ വർഷങ്ങളിൽ കരാർ വെച്ച് അഡ്വാൻസ് തുകയായ 40000/- രൂപ കൈപ്പറ്റിയിട്ടുള്ള ഏതാനും ഗുണഭോക്താക്കൾ നാളിതുവരെ വീട് നിർമ്മാണം ആരംഭിച്ചിട്ടില്ലായെന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ വിവരം | വാർഡ് | അഡ്വാൻസ് തുക നൽകിയ തീയതി | വിഭാഗം |
|---|---|---|---|---|
| 1 | നളിനി ഷാജി, കീഴ്പ്പാടം, മിഠായിക്കുന്നം | 4 | 30.12.21 | പട്ടികജാതി |
| 2 | ഉഷസുരേന്ദ്രൻ, കുന്നുംപുറത്ത്, വെട്ടിക്കാട്ട്മുക്ക് | 3 | 06.02.23 | ജനറൽ |
| 3 | അപ്പു, കോരിക്കൽ, വടയാർ | 13 | 06.02.23 | പട്ടകജാതി |
| 4 | തിലകമ്മ അശോകൻ, മുണ്ടോടിയിൽ, വടയാർ | 13 | 11.05.23 | പട്ടികജാതി |
| 5 | സാബു.കെ.കെ, വടക്കേകാലായിൽ, മിഠായിക്കുന്നം | 4 | 11.05.23 | പട്ടികജാതി |
| 6 | അജിത തങ്കച്ചൻ, വളവേലിൽ, വടയാർ | 14 | 11.05.23 | പട്ടികജാതി |
| 7 | ശോഭ പ്രസാദ്, അങ്ങാണിമറ്റം, തലയോലപ്പറമ്പ് | 11 | 11.05.23 | പട്ടികജാതി |
| 8 | ചെല്ലമ്മ, വാളവേലിൽ, വടയാർ | 14 | 11.05.23 | പട്ടികജാതി |
| 9 | പെണ്ണമ്മ, മാമലശ്ശേരിൽ, വടയാർ | 13 | 11.05.23 | പട്ടികജാതി |
| 10 | ലീലാമ്മ, കട്ടത്തറയിൽ, തലയോലപ്പറമ്പ് | 11 | 11.05.23 | ജനറൽ |
| 11 | എത്സമ്മ മാത്യൂസ്,പോത്തനാംതടത്തിൽ, മിഠായിക്കുന്നം | 6 | 11.05.23 | ജനറൽ |
| 12 | ജയമണിഷാജി, മാലിയിൽ, വടയാർ | 13 | 11.05.23 | ജനറൽ |
| 13 | മത്തായി, വള്ളപ്പുരക്കൽ,വടയാർ | 13 | 11.05.23 | ജനറൽ |

പ്രസ്തുത ഗുണഭോക്താക്കൾ നാളിതുവരെ വീട് നിർമ്മാണം ആരംഭിക്കാത്തത് സംബന്ധിച്ചും വീട് നിർമ്മാണം പൂർത്തിയാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള തുടർ നടപടികൾ സംബന്ധിച്ചും വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.24/12.06.24) ക്രമ നം.3, 9, 13 എന്നീ മരണപ്പെട്ടിട്ടുള്ള ഗുണഭോക്താക്കൾക്ക് അനന്തരാവകാശികളുള്ളതാണെന്നും മറ്റ് ഗുണഭോക്താക്കൾ ആരോഗ്യ പ്രശ്നങ്ങളും സാമ്പത്തിക പ്രശ്നങ്ങളും കാരണമാണ് ഭവനനിർമ്മാണം ആരംഭിക്കാത്തതെന്നും വി.ഇ.ഒ മറുപടി ലഭ്യമാക്കി. മേൽ ഗുണഭോക്താക്കൾക്ക്, ഭവനനിർമ്മാണം പൂർത്തീകരിക്കണമെന്നും അല്ലാത്ത പക്ഷം കൈപ്പറ്റിയ തുക പലിശയടക്കം തിരികെ അടവാക്കണമെന്നും കാണിച്ച് നോട്ടീസ് നൽകുന്നതാണെന്നും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്.

ആദ്യ ഗഡു കൈപ്പറ്റി വർഷങ്ങൾ കഴിഞ്ഞിട്ടും വീട് പണി ആരംഭിക്കാത്ത നടപടി അംഗീകരിക്കാവുന്നതല്ല. ആയതിനാൽ മേൽ ഗുണഭോക്താക്കളുടെ വീട് പണി കൃത്യമായി നിരീക്ഷിക്കേണ്ടതും ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിന് ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. നിർമ്മാണം പൂർത്തിയാക്കുവാൻ ഉദ്ദേശിക്കുന്നില്ലെങ്കിൽ തുക തിരിച്ചടപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. തുടർനടപടികളുടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-31 ലൈഫ് ഭവന പദ്ധതി- വിവിധ ഘട്ടങ്ങളിലുള്ള വീടുകളുടെ നിർമ്മാണം പൂർത്തിയാക്കുവാൻ അവശേഷിക്കുന്നു

ഗ്രാമ പഞ്ചായത്തിലെ ലൈഫ് ഭവന പദ്ധതിയുടെ രജിസ്റ്ററും അനുബന്ധ രേഖകളും പരിശോധിച്ചതിൽ നാളിതുവരെ വിവിധ ഘട്ടങ്ങളിൽ തുക കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ലായെന്ന് കാണുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ വിവരം | വാർഡ് | നാളിതു വരെ | നിലവിലെ ഘട്ടം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | | കൈപ്പറ്റിയ തുക | |
| 1 | തങ്കമ്മ ബേബി,കൊച്ചനാപ്പറമ്പിൽ, മിഠായിക്കുന്നം | 7 | 360000/- | ലിന്റൽ |
| 2 | ലീല .ഒ.എസ്,കൈതക്കലോടിയിൽ, വടയാർ | 13 | 200000/- | ബേസ് മെന്റ് |
| 3 | ശരത് ലാൽ,ശരത് ഭവൻ, തലയോലപ്പറമ്പ് | 12 | 200000/- | ബേസ് മെന്റ് |
| 4 | തമ്പി.റ്റി.വി,താമരശ്ശേരിൽ, മിഠായിക്കുന്നം | 4 | 300000/- | ലിന്റൽ |
| 5 | യമുന കൃഷ്ണൻകുട്ടി, മുണ്ടംപ്രായിൽ | 11 | 140000/- | ബേസ് മെന്റ് |
| 6 | മോഹനൻ.സി.സി പടിഞ്ഞാറെ തൈപ്പടവിൽ | 12 | 300000/- | ലിന്റൽ |
| 7 | കെ.വി സോമൻ, പടിഞ്ഞാറെചാഴൂരത്തിൽ, വടയാർ | 13 | 300000/- | ലിന്റൽ |
| 8 | കമലാക്ഷി,താമരശ്ശേരിൽ, മിഠായിക്കുന്നം | 4 | 300000/- | ലിന്റൽ |
| 9 | രമ്യ പ്രസാദ്,പത്തിയിൽ | 4 | 300000/- | ലിന്റൽ |
| 10 | പ്രസാദ് ചാണ്ടിക്കാലായിൽ, തലയോലപ്പറമ്പ് | 10 | 200000/- | ബേസ് മെന്റ് |
| 11 | ലീല ഭാസ്ക്കരൻ, ചാണ്ടിക്കാലായിൽ, തലയോലപ്പറമ്പ് | 10 | 200000/- | ബേസ് മെന്റ് |
| 12 | അജികുമാർ.വി.പി, വിരുത്തിപ്പറമ്പിൽ,വടയാർ | 15 | 300000/- | ലിന്റൽ |
| 13 | തങ്കമ്മ,കിഴക്കേമൊത്താനം, തലയോലപ്പറമ്പ് | 11 | 300000/- | ലിന്റൽ |
| 14 | ശാരദ,കുഴികണ്ടത്തിൽ, തലയോലപ്പറമ്പ് | 11 | 200000/- | ബേസ് മെന്റ് |
| 15 | ശോഭന സുരേന്ദ്രൻ,അമ്പഴത്തിനാൽ, വടയാർ | 14 | 200000/- | ബേസ് മെന്റ് |
| 16 | പൊന്നമ്മ,തറേപ്പറമ്പിൽ,വടയാർ | 13 | 300000/- | ലിന്റൽ |
| 17 | ശുഭ,കുറുന്തറ വീട് | 10 | 300000/- | ലിന്റൽ |
| 18 | സുൽബത്ത് സെയ്ത്,ഓലോത്തുമാലിൽ, മിഠായിക്കുന്നം | 3 | 300000/- | ലിന്റൽ |
| 19 | ഷൈനി ബിജു അമ്പലത്തുംകാലായിൽ, തലയോലപ്പറമ്പ് | 7 | 40000/- | ഫൗണ്ടേഷൻ |
| 20 | കുഞ്ഞുകുഞ്ഞമ്മ,മുളക്കുളം കാലായിൽ,തലയോലപ്പറമ്പ് | 7 | 200000/- | ബേസ് മെന്റ് |
| 21 | തങ്കമണി,തൂമ്പുങ്കൽ,വടയാർ | 13 | 40000/- | ഫൗണ്ടേഷൻ |
| 22 | റംല ബഷീർ,മഞ്ഞക്കണ്ടത്തിൽ, വടയാർ | 14 | 200000/- | ബേസ് മെന്റ് |
| 23 | സുമംഗലി,മൂത്തേടത്ത്, മിഠായിക്കന്നം | 3 | 300000/- | ലിന്റൽ |
| 24 | മീന കുഞ്ഞുമോൻ,മറ്റത്തിൽ, തലയോലപ്പറമ്പ് | 4 | 40000/- | ഫൗണ്ടേഷൻ |

| | | | | |
|---|---|---|---|---|
| 25 | രജി എ നായർ,നടുവിലേടത്ത്, വടയാർ | 13 | 200000/- | ബേസ് മെന്റ് |
| 26 | കലേഷ് മോൻ, കലേഷ് ഭവൻ,തലയോലപ്പറമ്പ് | 10 | 200000/- | ബേസ് മെന്റ് |
| 27 | മുനീർ എം.എം,മഠത്തിക്കാലായിൽ, മിഠായിക്കുന്നം | 3 | 40000/- | ഫൗണ്ടേഷൻ |
| 28 | വനജമുരളി,തേനേത്ത്,വടയാർ | 15 | 40000/- | ഫൗണ്ടേഷൻ |
| 29 | തിലകമ്മ,നാല്പതിൽ,വടയാർ | 12 | 40000/- | ഫൗണ്ടേഷൻ |
| 30 | സ്മിത .ഇ.പി,ശ്രീനന്ദനം,വടയാർ | 12 | 40000/- | ഫൗണ്ടേഷൻ |
| 31 | അഭിജിത്ത്,അത്തിക്കാട്, മിഠായിക്കുന്നം | 3 | 40000/- | ഫൗണ്ടേഷൻ |
| 32 | യമുന ഷാജി,വഴമ്പട്ടിയിൽ, വടയാർ | 12 | 40000/- | ഫൗണ്ടേഷൻ |
| 33 | ജയേഷ് ഗോപാലൻ,പൂത്തലച്ചിറ, വടയാർ | 12 | 40000/- | ഫൗണ്ടേഷൻ |
| 34 | ഷീല ദിലീപ്,തച്ചേരിൽ | 2 | 40000/- | ഫൗണ്ടേഷൻ |

മേൽ ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തിയാക്കുന്നതിന് തുടർ നടപകൾ സ്വീകരിക്കേണ്ടതും പൂർത്തീകരിച്ച വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

**1-32 തനതുഫണ്ട് ചെലവുകൾ- അനുബന്ധ രേഖകൾ / ക്രമീകരണവിവരം ലഭ്യമാക്കിയില്ല-**

2024-25 വർഷത്തെ ചുവടെ കൊടുത്തിരിയ്ക്കുന്ന തനതുഫണ്ട് ചെലവുകളുടെ അനുബന്ധരേഖകൾ/ ക്രമീകരണവിവരങ്ങൾ ലഭ്യമാക്കാത്തതിനാൽ 205000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| ക്രമ നം | വൌച്ചർ നം/ ചെക്ക് നം | ചെലവിനം | തുക | റിമാർക്ക് |
|---|---|---|---|---|
| 1 | 01-09-24 മുതൽ 05-03-25 വരെയുള്ള വിവിധ വൌച്ചറുകൾ (22400520/3-9-24, 598/8-10-24, 734/11-11-24, 813/4-12-24, 22401057/4-2-25, 1131/20-2-25, 1213/5-3-25) | നോഡൽ പ്രേരക് ശ്രീമതി ബിന്ദുമോൾ.എ.എസ് ന് അനുവദിയ്ക്കപ്പെട്ട പ്രതിമാസ ഹോണറേറിയത്തിൽ സാക്ഷരതാമിഷൻ വിഹിതം ഇനത്തിൽ ക്രമീകരിയ്ക്കാനുള്ള തുക | 42000/- | 8/24 മുതൽ 2/25 വരെ ആകെ 105000/- ( 15000*7) നൽകി. പ്രതിമാസതുകയുടെ 60:40അനുപാതത്തിൽ സാക്ഷരതാമിഷനിൽ നിന്നും ലഭ്യമാകേണ്ട തുകയാണ് 42000/- ( 6000*7) . സാക്ഷരതാമിഷനിൽ നിന്നും തുക ലഭിയ്ക്കാത്തതിനാൽ ക്രമീകരിച്ചിട്ടില്ലെന്ന് അന്വേഷണകുറിപ്പിന് (നം.28) മറുപടി നൽകി. |
| 2 | 22400069/ 22-04-24 | ഗുണഭോക്തൃവിഹിതം തിരികെ നൽകിയത് | 3000/- | പ്രോജക്ട് വിശദാംശങ്ങൾ, തുക തിരികെ നൽകാനുള്ള കാരണം എന്നിവ വ്യക്തമാക്കാനാ വശ്യപ്പെട്ട് നൽകിയ അന്വേഷണ കുറിപ്പിന് (നം.28) മറുപടി ലഭ്യമാക്കിയില്ല. |

| | | | | |
|---|---|---|---|---|
| 3 | 22401408/ 26-03-25 | ജില്ലാ യുവജനോത്സവം- AJJM Govt HS ന് നൽകിയ മുൻകൂർ | 10000/- | തുകയുടെ ക്രമീകരണ വിവരം ലഭ്യമാക്കാനാ വശ്യപ്പെട്ട് നൽകിയ അന്വേ ഷണ കുറിപ്പിന് (നം.28) കമ്മിറ്റി തീരുമാനപ്രകാരം തുക നൽകിയെന്ന മറുപടിയാണ് ലഭ്യമാക്കിയത്. ചെലവ് രേഖകൾ ലഭ്യമാക്കിയില്ല. |
| 4 | 22401396/ 26-03-25 | മഴക്കാലപൂർവ്വ ശുചീകരണം- | 150000/- | 10000/- വീതം 15 വാർഡ് ശുചിത്വ സമിതികളുടെ അക്കൌണ്ടിലേയ്ക്ക് നൽകിയത്. ചെലവ് വിശദാംശങ്ങൾ ലഭ്യമാക്കാനാ വശ്യപ്പെട്ട് നൽകിയ അന്വേഷണ കുറിപ്പിന് (നം.28) ചെലവ് വൌച്ചറുകൾ ലഭ്യമാക്കുന്നതാ ണെന്ന് മറുപടി നൽകി. |
| | | ആകെ | 205000/- | |

## 1-33 വനിതാവസ്ത്രനിർമ്മാണയൂണിറ്റ്- മിച്ചതുക തിരിച്ചടച്ചിട്ടില്ല

ജില്ലാപഞ്ചായത്തിലെ ദാരിദ്രലഘൂകരണവിഭാഗത്തിൽ (ഡി.ആർ.ഡി.എ) നിന്നും 2012-13 സാമ്പത്തികവർഷം ലഭിച്ച 1544215 രൂപയിൽ 1200000 രൂപ ചെലവഴിച്ച് നിർമ്മിച്ചതാണ് വനിതാവസ്ത്രനിർമ്മാണയൂണിറ്റ്. വസ്ത്രനിർമ്മാണയൂണിറ്റിനായി സെക്രട്ടറിയുടെയും പ്രസിഡന്ററിന്റെയും പേരിൽ നോർത്ത് മലബാർ ഗ്രാമീൺ ബാങ്കിൽ (A/C No.866) ആരംഭിച്ച അക്കൗണ്ടിൽ 404513 രൂപ അവശേഷിയ്ക്കുന്നത് സംബന്ധിച്ച് 2015-16 ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്നതും തുക യൂണിറ്റിന്റെ തുടർപ്രവർത്തനങ്ങൾക്കായി വിനിയോഗിയ്ക്കുകയോ ഡി.ആർ.ഡി.എ പി.എ.യു വിലേയ്ക്ക് തിരികെ ഒടുക്കുകയോ ചെയ്യേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നതുമാണ് .എന്നാൽ തുക തിരിച്ചടച്ചിട്ടില്ലാത്തതും നിലവിൽ പലിശയുൾപ്പെടെ അക്കൗണ്ടിലവശേഷിക്കുന്ന 5,21,429/-രൂപ പദ്ധതിഭേദഗതി സമയത്ത് പുതിയ പദ്ധതി രൂപീകരിക്കുന്നതിന് 18-7-24-ലെ പഞ്ചായത്ത് കമ്മിറ്റിയിൽ തീരുമാനമെടുത്തിട്ടുള്ളതുമാണ് (തീരുമാനം15(1)). പ്രസ്തുത തീരുമാനത്തിന്മേലുള്ള തുടർനടപടികളുടെ വിവരം ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി ( 3/9-6-23) നൽകിയിരുന്നതിന് ലഭ്യമാക്കിയ മറുപടിയിൽ 2025-26 പദ്ധതിയിൽ കെട്ടിടത്തിന്റെ മുകളിൽ ലൈബ്രറി നിർമ്മിക്കുന്നതിന് തുക വകയിരുത്തിയിട്ടുണ്ടെന്നും ആയതിനാൽ നിലവിലെ പദ്ധതിയിൽ കെട്ടിടത്തിന്റെ അറ്റകുറ്റപ്പണി നടത്തുന്നതിന് അവശേഷിക്കുന്ന തുക ചെലവഴിക്കുമെന്നും അറിയിച്ചു.

സ്ഥലപരിശോധനയിൽ വസ്ത്രനിർമ്മാണയൂണിറ്റിൽ കുടുംബശ്രീയുടെ തയ്യൽയൂണിറ്റ് പ്രവർത്തിക്കുന്നതായും കെട്ടിടത്തിന്റെ തറ കുറച്ചുഭാഗം ഇടിഞ്ഞുതാണിരിക്കുന്നതായും കാണുകയുണ്ടായി. മറുപടിയിൽ വ്യക്തമാക്കിയിട്ടുള്ളപ്രകാരം 24-25പദ്ധതിയിൽ കെട്ടിടത്തിന്റെ അറ്റകുറ്റപ്പണി നടത്തിയിട്ടില്ലാത്തതാണ്. മാത്രമല്ല 2025-26പദ്ധതിൽ ലൈബ്രറികെട്ടിടനിർമ്മാണത്തിന് പ്രോജക്ട് ഉൾപ്പെടുത്തിയിട്ടുള്ളതായും കാണുന്നില്ല.

നിശ്ചിത ലക്ഷ്യത്തിനായി അനുവദിക്കപ്പെട്ട തുക വകമാറ്റി മറ്റൊരുപദ്ധതിക്കായി ചെലവഴിക്കുന്നത് ക്രമപ്രകാരമല്ലാത്തതിനാൽ അപ്രകാരം ഇതരപദ്ധതിക്കായി തുക ചെലവഴിക്കുന്നതിന് ജില്ലാ കോ-ഓർഡിനേഷൻകമ്മിറ്റിയുടെ അനുമതി ആവശ്യമാണ്.

അനുമതിക്കുവിധേയമായി മറ്റ് പദ്ധതികൾക്ക് വേണ്ടി തുക ചെലവഴിക്കുന്നില്ലാത്തപക്ഷം നാളിതുവരെയുള്ള പലിശസഹിതം തുക പിഎയുവിലേക്ക് തിരിച്ചടവാക്കേണ്ടതും സ്വീകരിക്കുന്ന തുടർനടപടികളുടെ വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതുമാണ്.

**1-34 സുരക്ഷിതമല്ലാത്ത ലൈബ്രറികെട്ടിടത്തിന്റെ നവീകരണത്തിനായുള്ള പ്രോജക്ട് ഉപേക്ഷിച്ചു- പുതിയ പ്രോജക്ട് ആവിഷ്ക്കരിച്ചിട്ടില്ല.**

പഴയ പഞ്ചായത്ത് ഓഫീസ് സ്ഥിതിചെയ്യുന്ന കെട്ടിടത്തിൽ പ്രവത്തിച്ചിരുന്ന പഞ്ചായത്ത് ലൈബ്രറിയുടെ നവീകരണത്തിനായി സിഎഫ് സി ഗ്രാന്റ് 495000/-രൂപ വകയിരുത്തി 23-24 വർഷം പ്രോജക്ടിന് അംഗീകാരം ലഭിച്ചിരുന്നു . തൻവർഷം പ്രോജക്ട് നടപ്പാക്കിയിരുന്നില്ല. എന്നാൽ 24-25 വാർഷികപദ്ധതിയിൽ പ്രസ്തുതപ്രോജക്ട് സ്പിൽ ഓവറായി ഉൾപ്പെടുത്തി അംഗീകാരം വാങ്ങിയിട്ടില്ല. ആയതിന്റെ കാരണം വ്യക്തമാക്കുവാനും നിലവിൽ ലൈബ്രറിമെയിന്റനൻസിനായി പ്രോജക്ട് നിലവിലുണ്ടോയെന്നതും സംബന്ധിച്ച് മറുപടി ലഭ്യമാക്കാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം-3/9-6-25 ) ലഭ്യമാക്കിയ മറുപടിയിൽ ലൈബ്രറി നവീകരണത്തിനായുള്ള പ്രോജക്ട് ആരും ടെൻഡർ എടുക്കാതിരുന്നതിനാലാണ് പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനപ്രകാരം പ്രോജക്ട് ഉപേക്ഷിച്ചതെന്നും നിലവിൽ വനിതാവസ്ത്രനിർമ്മാണയൂണിറ്റ് പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ മുകളിൽ ലൈബ്രറി പ്രവർത്തിപ്പിക്കന്നതിനുള്ള സൗകര്യങ്ങൾ സജ്ജമാക്കുന്നതിനായി 25-26വർഷം പ്രോജക്ട് ഏറ്റെടുത്തിട്ടുണ്ടെന്നും വ്യക്തമാക്കുകയുണ്ടായി എന്നാൽ ലൈബ്രറിക്കായി 25-26വർഷത്തിലും പ്രോജക്ട് ഇല്ലായെന്ന് കാണുന്നു.

1937-ൽ സ്ഥാപിതമായ പഞ്ചായത്ത് ലൈബ്രറിയിൽ വിവിധ സാഹിത്യശാഖകളിലായി എണ്ണായിരത്തിലധികം പുസ്തകശേഖരവും, ഏകദേശം നാലായിരത്തിനടുത്ത് ആളുകൾക്ക് അംഗത്വമുള്ളതുമാണ്. എന്നാൽ കാലപ്പഴക്കംകാരണം മഴക്കാലത്ത് കെട്ടിടത്തിൽ ചോർച്ചയുള്ളതിനാൽ പുസ്തകങ്ങൾ സുരക്ഷിതമായി സൂക്ഷിക്കുന്നതിനുള്ള സാഹചര്യമില്ലായെന്ന് സ്ഥലപരിശോധനയിൽ ബോധ്യപ്പെട്ടു. ലൈബ്രറി പ്രവർത്തിക്കുന്ന കെട്ടിടവും ഒട്ടുംതന്നെ സുരക്ഷിതമല്ല. പഞ്ചായത്തിൽ ഫുൾടൈം ലൈബ്രേറിയൻ തസ്തികയാണ് നിലവിലുള്ളത് . പഴയകാലങ്ങളിൽ വളരെ നല്ലരീതിയിൽ പ്രവർത്തിച്ചുവന്നിരുന്ന ലൈബ്രറിക്ക് പശ്ചാത്തലസൗകര്യങ്ങളുടെ പരിമിതികൾമൂലം നിലവിൽ ആയതിന് സാധിക്കാത്ത സാഹചര്യമാണുള്ളത്.

മേൽസാഹചര്യങ്ങൾ കണക്കിലെടുത്ത് ലൈബ്രറിയിലെ പുസ്തകങ്ങൾ സംരക്ഷിക്കപ്പെടുന്നതിനും പഞ്ചായത്ത് ലൈബ്രറിക്ക് സുരക്ഷിതമായി പ്രവർത്തിക്കുന്നതിനും പര്യാപ്തമായതരത്തിൽ കെട്ടിട സൗകര്യമൊരുക്കേണ്ട വിഷയം ഏറെ പ്രാധാന്യത്തോടെ കാണേണ്ടതാണ്. നിലവിലുള്ള കെട്ടിടത്തിന്റെ നവീകരണം സാധ്യമല്ലാത്തപക്ഷം, ലൈബ്രറിക്കായി അനുയോജ്യമായ സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിനുള്ള പ്രോജക്ട് പുതിയതായി ആവിഷ്ക്കരിച്ച് നടപ്പാക്കാവുന്നതും ആയതുവരേയ്ക്കും വാടകയ്ക്കോ മറ്റ് തരത്തിലോ സുരക്ഷിതമായ കെട്ടിടം കണ്ടെത്തി ലൈബ്രറിയുടെ പ്രവർത്തനം താൽക്കാലികമായി അങ്ങോട്ടേക്ക് മാറ്റുന്ന കാര്യം ഗൗരവമായി പരിഗണിക്കേണ്ടതുമാണ്.

**1-35 അങ്കണവാടികൾക്കുവേണ്ടി 21-22-ൽ ആവിഷ്ക്കരിച്ച പ്രോജക്ടുകൾ 3 വാർഷികപദ്ധതികൾ കഴിഞ്ഞിട്ടും നടപ്പാക്കിയിട്ടില്ല**

1)തലയോലപ്പറമ്പ് ഗ്രാമ പഞ്ചായത്ത് വാർഡ് 4 ൽ ഉള്ള 142-ാം നമ്പർ അംഗൻവാടി ചുറ്റുമതിൽ നിർമ്മാണവുമായി ബന്ധപ്പെട്ട് പ്രവൃത്തി ആരംഭിച്ചപ്പോൾ പരിസരവാസികൾ പ്രവൃത്തി തടസപ്പെടുത്തിയ സാഹചര്യത്തിൽ പ്രവൃത്തി പൂർത്തീകരിക്കാൻ കഴിഞ്ഞിരുന്നില്ല. തുടർന്ന് ഓരോ വാർഷികപദ്ധതിയിലും പ്രോജക്ട് സ്പിൽഓവറായി ഉൾപ്പെടുത്തി അംഗീകാരം വാങ്ങിപ്പോന്നെങ്കിലും നടപ്പാക്കാനായിട്ടില്ല. മേൽസാഹചര്യത്തിൽ സ്ഥലം അളന്ന് തിട്ടപ്പെടുത്തി അതിർത്തി നിർണ്ണയിച്ച് നൽകണമെന്ന് ആവശ്യപ്പെട്ട് അസി.എൻജിനീയർ നൽകിയ കത്ത് 12-11-24ലെ പഞ്ചായത്ത് കമ്മിറ്റി ചർച്ചചെയ്യുകയും ആയതിലേയ്ക്ക് താലൂക്ക് സർവ്വേയർ/ വില്ലേജ് ഓഫീസർക്ക് കത്ത് നൽകുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനമെടുക്കുകയും ചെയ്തിരുന്നു. (അജണ്ട-7,തീരുമാനം-4). കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ താലൂക്ക് സർവ്വെയർക്ക് കത്ത് നൽകിയിട്ടുണ്ടെന്നും റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (3/9.6.25) മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഇതുസംബന്ധിച്ച രേഖകൾ ലഭ്യമാക്കിയില്ല. പ്രവൃത്തി പൂർത്തീകരിക്കുന്നതിന് തടസ്സമായിട്ടുള്ള പ്രശ്നങ്ങൾ എത്രയും പെട്ടെന്ന് പരിഹരിച്ച് ലഭിക്കുന്നതിനാവശ്യമായ അടിയന്തിരനടപടികൾ ഉണ്ടാകേണ്ടതും പ്രശ്നത്തിന് പരിഹാരം കാണാതെ വർഷങ്ങളായി പ്രവൃത്തി സ്പിൽഓവറായി തുടർന്നുപോരുകയും വകയിരുത്തുന്ന ഫണ്ട് ലാപ്സാവുകയും ചെയ്യുന്ന സാഹചര്യം ഒഴിവാക്കേണ്ടതാണ്.

2) ഗ്രാമപഞ്ചായത്ത് അങ്കണവാടി നം 140 (വാർഡ് 12) നിർമ്മാണത്തിന് എം ജി എൻ ആർ ഇ ജി എസ് വിഹിതം 5 ലക്ഷം രൂപയും കേന്ദ്രസംസ്ഥാന സർക്കാർ വിഹിതം 2 ലക്ഷം രൂപയും 60:40 അനുപാതത്തിലും ബാക്കി തുക (3 ലക്ഷം) പഞ്ചായത്ത് വകയിരുത്തേണ്ടതാണെന്നും അപ്രകാരം വകയിരുത്തി പഞ്ചായത്ത് തീരുമാനം നൽകണമെന്നും 28/12/2021ലെ ഐസിഡിഎസ്/ കെ.ഡി.വൈ/712/2021 നം കത്ത് മുഖേന സി ഡി പി ഒ അറിയിച്ചിരുന്നു. പ്രസ്തുത പദ്ധതിയ്ക്ക് എം ജി എൻ ആർ ഇ ജി എസ് വിഹിതം 5 ലക്ഷം രൂപയും കേന്ദ്രസംസ്ഥാന സർക്കാർ വിഹിതം 2 ലക്ഷം രൂപയും തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ വിഹിതമായി 3 ലക്ഷം രൂപയും കൂടി വകയിരുത്തി ആകെ അടങ്കൽ 10 ലക്ഷം രൂപ വരുന്ന പദ്ധതി തയ്യാറാക്കുന്നതിനും പദ്ധതിയിൽ കേന്ദ്ര/സംസ്ഥാന വിഹിതമായി വകയിരുത്തിയിരിക്കുന്ന തുക അനുവദിക്കുന്നതിന് ബഹു. വനിതാ ശിശുവികസന വകുപ്പ് ഡയറക്ടറോട് അഭ്യർത്ഥിച്ചും പഞ്ചായത്ത് കമ്മിറ്റി യോഗം അംഗീകരിച്ച് തീരുമാനിച്ചിരുന്നു. (12.01.2022) എന്നാൽ സൈറ്റുമായി ബന്ധപ്പെട്ട് ചില പ്രശ്നങ്ങൾ നില നിൽക്കുന്നതിനാൽ ടി തുക 138-ാം നമ്പർ അങ്കണവാടി നിർമ്മാണത്തിന് വിനിയോഗിയ്ക്കുന്നതിനും 140നമ്പർ അംഗൻ വാടി കൂടുതൽ ഫണ്ട് വകയിരുത്തി സ്മാർട്ട് അങ്കണവാടിയായി നിർമ്മിയ്ക്കുന്നതിനും തീരുമാനിച്ചിരുന്നു. 138ാം നമ്പർ അങ്കണവാടിക്ക് കെട്ടിടം നിർമ്മിച്ചെങ്കിലും 140-ാം നമ്പർ അങ്കനവാടി നിലവിലും വാടകകെട്ടിടത്തിലാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. അങ്കനവാടിക്ക് സ്വന്തമായുള്ളതും നിലവിൽ സംരക്ഷണഭിത്തി കെട്ടി സംരക്ഷിച്ചിട്ടുള്ളതുമായ സ്ഥലത്ത് കെട്ടിടംനിർമ്മിച്ച് സ്മാർട്ട് അങ്കനവാടി യാഥാർത്ഥ്യമാക്കേണ്ടതുമാണ്.

മേൽവിഷയത്തിലേക്ക് വികസനകാര്യ/ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റികളുടേയും പഞ്ചായത്ത് ജനറൽകമ്മിറ്റിയുടേയും ശ്രദ്ധയും ഇടപെടലും ഇക്കാര്യത്തിലുണ്ടാകേണ്ടതാണ്.

## 1-36 ജൽജീവൻമിഷൻ പദ്ധതി - അവലോകനം

എല്ലാ ഗ്രാമീണ വീടുകളിലും 2023-24 വർഷമാകുമ്പോഴേയ്ക്കും പൂർണമായും കുടിവെള്ളം എത്തിക്കുകയെന്ന ലക്ഷ്യത്തോടെ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുമായി ചേർന്ന് നടപ്പിലാക്കുന്ന സംയുക്ത പദ്ധതിയാണ് ജൽജീവൻ മിഷൻ. ഗാർഹിക കുടിവെള്ള കണക്ഷനുകൾ വഴി പ്രതിദിന ആളോഹരി ജലലഭ്യത 55 ലിറ്റർ എന്ന കണക്കിൽ കുടിവെള്ളം ഉറപ്പാക്കുക എന്നതാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. 20.63ചതുരശ്ര കി.മീ വിസ്തീർണ്ണമുള്ള തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്തിൽ ആകെ ജനസംഖ്യ 20856 ആണ്. തലയോലപ്പറമ്പ്, ചെമ്പ്, മറവൻതുരുത്ത്, ഉദയനാപുരം, വെള്ളൂർ പഞ്ചായത്തുകൾക്കായി തലയാഴം ARWSS( Area-Wide Rural Water Supply &Services ) എന്ന സ്കീമിൽ രൂപകൽപ്പന ചെയ്ത ഒരു മൾട്ടി പഞ്ചായത്ത് പദ്ധതിയായാണ് ജൽജീവൻ മിഷൻ പദ്ധതി നടപ്പാക്കുന്നത്. മേവെള്ളൂരിൽ സ്ഥിതി ചെയ്യുന്ന 45 MLD (Million Liters Per Day) ജലശുദ്ധീകരണപ്ലാന്റാണ് പദ്ധതിയ്ക്കായി ഉപയോഗിയ്ക്കുന്നത്. പദ്ധതിയുടെ ഗ്രാമപഞ്ചായത്ത് തലത്തിലുള്ള പദ്ധതി നിർവ്വഹണ സഹായ ഏജൻസിയായി ജവഹർലാൽ മെമ്മോറിയൽ സോഷ്യൽ വെൽഫെയർ ആൻഡ് പബ്ലിക് ഓപ്പറേഷൻ സെന്ററിനെ ആണ് ജില്ലാ കളക്ടർ അദ്ധ്യക്ഷനായുള്ള ജില്ലാ കുടിവെള്ള ശുചിത്വമിഷൻ നിയമിച്ചിരിക്കുന്നത്. പദ്ധതി നടപ്പാക്കുന്നതിന് മുന്നോടിയായി ഗ്രാമപഞ്ചായത്ത് സെക്രട്ടറി, ജില്ലാ കുടിവെള്ള ശുചിത്വമിഷൻ മെമ്പർ സെക്രട്ടറി , നിർവ്വഹണസഹായ ഏജൻസിയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ എന്നിവർ ഉൾപ്പെട്ട ഒരു ത്രികക്ഷികരാർ 6 -11- 21 ൽ ഒപ്പുവയ്ക്കുകയും നിർവ്വഹണ ഏജൻസി സമർപ്പിച്ച ഇൻസ്പെക്ഷൻ റിപ്പോർട്ട് 30- 04 -22 ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിൽ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. നിർവ്വഹണ ഏജൻസി സമർപ്പിച്ച 4.75 കോടിയുടെ ആക്ഷൻ പ്ലാൻ പ്രകാരം പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി, വിഹിതം കൈമാറൽ പ്രോജക്ടിൽപെടുത്തി ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 5,38,000/- രൂപ 2020-21 വർഷം അടവാക്കിയതല്ലാതെ തുടർ വർഷങ്ങളിൽ തുക ചെലവഴിച്ചിട്ടില്ല. 31-10-24 വരെയുള്ള കണക്കുകൾ പ്രകാരം ജൽജീവൻ മിഷൻ വഴി 2561 കുടിവെള്ള കണക്ഷനുകൾ നൽകിയിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റിയിൽ 2014 വർഷം മുതൽ 2021 വർഷം വരെ വിവിധ കുടിവെള്ളപദ്ധതികൾക്കായി ഡെപ്പോസിറ്റ് ചെയ്ത തുകയിൽ പദ്ധതി നിർവ്വഹണത്തിന് ശേഷം തിരികെ ലഭിച്ച 1424476/-രൂപ കേരള ബാങ്ക് തലയോലപ്പറമ്പ് ശാഖയിലെ 133212322000034 നമ്പർ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. 2023 -24, 2024-25 വർഷങ്ങളിൽ വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ നീട്ടൽ എന്ന പദ്ധതി രൂപീകരിച്ചിരുന്നുവെങ്കിലും പദ്ധതികൾ നടപ്പാക്കാത്തതിനാൽ ടി തുക ജൽ ജീവൻ മിഷൻ പദ്ധതിയ്ക്കായി വകയിരിത്തുന്നതാണെന്ന് ഗ്രാമപഞ്ചായത്ത് അറിയിച്ചിട്ടുണ്ട്. ആയതിനായി പ്രോജക്ട് ആവിഷ്കരിക്കേണ്ടതും പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിനുമുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-37 ഹെൽത്ത് ഗ്രാന്റ് - അവലോകനം

പതിനഞ്ചാം ധനകാര്യക്കമ്മീഷൻ പ്രാഥമികാരോഗ്യപരിരക്ഷാസൗകര്യങ്ങൾ മെച്ചപ്പെടുത്തുവാൻ കേരളത്തിലെ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് 2021- 2026 കാലയളവിലേക്ക് ആകെ 2968.28കോടി രൂപ അനുവദിച്ചിട്ടുണ്ട്. 2021-22- ൽ ആദ്യഗഡുവായി ലഭിക്കുന്ന തുകയുടെ

വിനിയോഗത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകിക്കൊണ്ട് സർക്കാർ ഉത്തരവും പുറപ്പെടുവിച്ചിരുന്നു.

**1)ഹെൽത്ത് ഗ്രാന്റ്- വിനിയോഗമാർഗ്ഗരേഖാ ഉത്തരവുകൾ**

ഗ്രാമ, ബ്ലോക്ക്പഞ്ചായത്തുകൾ ഉൾപ്പെടുന്ന പഞ്ചായത്തീരാജ് സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന ഹെൽത്ത് ഗ്രാന്റിന്റെ വിനിയോഗവുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണവകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള ചുവടെ ചേർക്കുന്ന സർക്കാർ ഉത്തരവുകൾ/ സർക്കുലറുകളുടെ അടിസ്ഥാനത്തിലാണ് ഗ്രാമപഞ്ചായത്തിലും ഇതിനായുള്ള വിവിധ സ്കീമുകൾപ്രകാരമുള്ള പ്രോജക്ടുകൾ ആവിഷ്ക്കരിച്ച് നടപ്പാക്കിപ്പോരുന്നത്.

| ക്രമ നമ്പർ | ഉത്തരവ് നമ്പർ, തീയതി |
|---|---|
| 1 | G.O(Rt) No. 2132/2022/LSGD Dated 31.08.2022 |
| 2 | G.O(Rt) No. 2156/2022/LSGD Dated 01.09.2022 |
| 3 | Circular No. FM3/138/2023/LSGD Dated 23.05.2023 |
| 4 | G.O(Rt) No. 1625/2023/LSGD Dated 09.08.2023 |

**2) വിവിധ സ്കീമുകൾ പ്രകാരം ഗ്രാമ പഞ്ചായത്തുകൾക്ക് നടപ്പാക്കാവുന്ന പ്രവർത്തനങ്ങൾ .**

1. സ്കീം 1- സ്കീം നമ്പർ-KL-280- കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന്.

ഉത്തരവനുസരിച്ച് ഓരോ ഉപകേന്ദ്രത്തിനും 50ലക്ഷം രൂപ വീതം ലഭ്യമാക്കുന്നതാണ്. ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണോദ്യോഗസ്ഥനായിരിക്കണമെന്നും ഉത്തരവിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്.

2. സ്കീം 3-സ്കീം നമ്പർ-KL-278- ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ.

പ്രാഥമികാരോഗ്യപരിരക്ഷ നൽകുന്ന എല്ലാ ആരോഗ്യ സ്ഥാപനങ്ങളിലും രോഗനിർണ്ണയസൗകര്യങ്ങൾ ഏർപ്പെടുത്തുകയാണ് ഈ സ്കീമിന്റെ ലക്ഷ്യം. ഉപകേന്ദ്രങ്ങളിൽ രോഗനിർണ്ണയസൗകര്യങ്ങൾ ഏർപ്പെടുത്തുന്നതുകൂടാതെ കുടുംബാരോഗ്യകേന്ദ്രങ്ങളിലും പ്രാഥമികാരോഗ്യപരിരക്ഷ നൽകുന്ന മറ്റ് ആരോഗ്യസ്ഥാപനങ്ങളിലും രോഗനിർണ്ണയസൗകര്യങ്ങൾ ഏർപ്പെടുത്തുക എന്നിങ്ങനെ രണ്ട് ഘടകങ്ങൾ ഈ സ്കീമിനുണ്ട്.

3. സ്കീം 4- ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ.

സ്കീം-4പ്രകാരം ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ, കുടുംബാരോഗ്യകേന്ദ്രങ്ങൾ, ഗ്രാമപഞ്ചായത്ത്പരിധിയിൽ പ്രവർത്തിക്കുന്ന സാമൂഹ്യാരോഗ്യകേന്ദ്രങ്ങൾ, ഉപകേന്ദ്രങ്ങൾ എന്നിവിടങ്ങളിലെല്ലാം ചുവടെചേർക്കുന്ന ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ മെഡിക്കൽ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി ഏറ്റെടുത്ത് നടപ്പിലാക്കാവുന്നതാണെന്ന് ഉത്തരവിൽ വ്യക്തമാക്കുന്നു.

I) വിവരസാങ്കേതികവിദ്യ ഉപയോഗപ്പെടുത്തുന്നതിനുള്ള ചെലവ്, ഇന്റർനെറ്റ്ചാർജ് മുതലായവ- ഒരു സ്ഥാപനത്തിലെ ചെലവ് വർഷം 5000/-രൂപയിൽ കവിയാൻ പാടില്ല എന്ന നിബന്ധനയോടെ

Ii)ആരോഗ്യസ്ഥാപനത്തിൽനിന്നും നൽകുവാൻ ഉദ്ദേശിച്ചിട്ടുള്ള സേവനങ്ങളുമായി ബന്ധപ്പെട്ട് പൊതുജനങ്ങളുടെ ഇടയിൽ വിവിധ രീതിയിലുള്ള ബോധവൽകരണപ്രവർത്തനങ്ങൾ

Iii) തുക ബാക്കിയുള്ളപക്ഷം ആരോഗ്യസ്ഥാപനങ്ങളിലെ ദൈനംദിനപ്രവർത്തനങ്ങൾക്കാവശ്യമായ ഉപകരണങ്ങളും സാമഗ്രികളും വാങ്ങൽ

വിവിധ സ്കീമുകൾപ്രകാരം ഗ്രാമപഞ്ചായത്ത് ആവിഷ്ക്കരിച്ച പ്രോജക്ടുകളുടെയും പ്രസ്തുത പ്രോജക്ടുകൾപ്രകാരം നടപ്പാക്കിയ പ്രവർത്തനങ്ങളുടേയും വിവരങ്ങൾ ഉപഖണ്ഡിക 6-ൽ പരാമർശിച്ചിട്ടുണ്ട്.

**3) ധനവിനിമയത്തിനായി പഞ്ചായത്ത് ആരംഭിച്ചിട്ടുള്ള ബാങ്ക് അക്കൗണ്ടുകളും, അക്കൗണ്ടുകളിൽ ലഭ്യമായ തുകകളും**

ഹെൽത്ത് ഗ്രാന്റിന്റെ വിവിധ സ്കീമുകൾക്കായി അനുവദിക്കുന്ന തുകയുടെ ധന വിനിമയത്തിനായി സർക്കാർനിർദ്ദേശാനുസരണം ഗ്രാമപഞ്ചായത്ത് അക്കൗണ്ട്

ആരംഭിച്ചിട്ടുള്ളത് കാനറാബാങ്കിന്റെ തലയോലപ്പറമ്പ് ശാഖയിലാണ് . അക്കൗണ്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| സ്കീം നമ്പർ | അക്കൗണ്ട് നമ്പർ | A/Cലേക്ക് നാളിതുവരെ അനുവദിച്ച് ലഭിച്ച തുക | നാളിതുവരെ ചെലവഴിച്ചതുക | 31-3-25ലെ നീക്കിയിരിപ്പ് (പലിശയുൾപ്പെടെ) |
|---|---|---|---|---|
| KL-278 | 110042545661 | 15,73,428/- | 12,22,354/- | 3,72,009.82 |
| KL-280 | 110042545791 | 55,50000/- | 44,76,515/- | 13,19,579/- |
| Kl-281 | 110042545503 | 11,44,872/- | 5,70,872/- | 5,86,170/- |

**4)<u>ഹെൽത്ത് ഗ്രാന്റ് - ഗ്രാമപഞ്ചായത്തിന് ലഭ്യമായ വിഹിതത്തിന്റെ വർഷം തിരിച്ചുള്ള വിവരങ്ങൾ</u>**

തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് അനുവദിച്ച ആരോഗ്യമേഖലാഗ്രാന്റ് 21-22 വർഷവും 22-23വർഷവും ഗ്രാമപഞ്ചായത്തിന് ലഭിച്ചിരുന്നു. ആരോഗ്യമേഖലയിൽ പ്രസ്തുത ഗ്രാന്റ് വിനിയോഗിക്കേണ്ട വ്യത്യസ്തങ്ങളായ 13 സ്കീമുകളാണുള്ളത്. പ്രസ്തുത സ്കീമുകളിൽപ്പെടുന്ന വിവിധ പ്രോജക്ടുകൾക്കായി 21-22വർഷം അലോട്ട് ചെയ്ത തുക ഗ്രാമപഞ്ചായത്തിന് ലഭ്യമായത് 22-23 സാമ്പത്തികവർഷത്തിലാണ്. സമാനമായതരത്തിൽ 2022-23വർഷം അലോട്ട് ചെയ്ത തുക 2023-24വർഷമാണ് പഞ്ചായത്തിന് ലഭ്യമായിട്ടുള്ളത്. ഗ്രാമപഞ്ചായത്തുകൾക്ക് ബാധകമായ വിവിധ സ്കീമുകളുടെയും ആയതുപ്രകാരം തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്തിന് അനുവദിച്ച് ലഭിച്ച തുകകളുടെയും വർഷം തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സ്കീം നമ്പർ | സ്കീമിന്റെ പേര് | ഗ്രാമപഞ്ചായത്തിന് 21-22 വർഷം അനുവദിച്ച് ലഭിച്ച തുക | അനുവദിച്ച തുക 2022-23 | അനുവദിച്ച തുക 2023-24 |
|---|---|---|---|---|
| KL -280 | കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കുവാൻ ധനസഹായം | - | 55,50000/- | - |
| KL_278 | ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | 367397/- | 851000/- | 3,55000/- |
| KL-281 | ഗ്രാമപ്രദേശങ്ങളിലെ പ്രാഥമികാരോഗ്യകേന്ദ്രങ്ങളും ഉപകേന്ദ്രങ്ങളും ഹെൽത്ത് &വെൽനസ് സെന്ററുകളാക്കി മാറ്റുക | 209903 | 3,61000/- | 574000/- |
| | **ആകെ** | 577300/- | 59,11000/- | 929000/- |

മേൽപ്പറഞ്ഞപ്രകാരം ആകെ 82,68,300/-രൂപയാണ് ( 5773000+ 5911000+ 929000) ആരോഗ്യമേഖലാഗ്രാന്റിനത്തിൽ ഗ്രാമപഞ്ചായത്തിന് അനുവദിച്ച് ലഭിച്ചിട്ടുള്ള തുക.

**5)<u>ഹെൽത്ത് ഗ്രാന്റ് ചെലവുവിവരങ്ങൾ</u>**

ഹെൽത്ത് ഗ്രാന്റിനത്തിൽ 2021-22, 2022-23 വർഷങ്ങളിൽ അനുവദിച്ചതും യഥാക്രമം 2022-23, 23-24 ലഭ്യമായതുമായ തുക വകയിരുത്തി വിവിധ സ്കീമുകൾ പ്രകാരം 14 പ്രോജക്ടുകൾ ആവിഷ്ക്കരിച്ച് അംഗീകാരം ലഭിച്ചിരുന്നു. ഓരോ സ്കീമിലും ഉൾപ്പെടുത്തി മെഡിക്കൽ ഓഫീസർ, അസിസ്റ്റന്റ് എൻജിനീയർ ,സെക്രട്ടറി എന്നിവർ നിർവ്വഹണോദ്യോഗസ്ഥരായി അംഗീകാരം ലഭിച്ച വിവിധ പ്രോജക്ടുകൾ പ്രകാരം ആകെ 62,69,741/-രൂപയാണ് ഈയിനത്തിൽ ചെലവഴിച്ചിട്ടുള്ളത് .

**<u>6) പ്രോജക്ട് വിശദാംശങ്ങൾ</u>**

ഹെൽത്ത് ഗ്രാന്റ് വിനിയോഗിച്ച് ഓഡിറ്റ് വർഷംവരെ നടപ്പാക്കിയ പ്രോജക്ടുകളുടെയും പ്രസ്തുത പ്രോജക്ടുകൾക്കുവേണ്ടി വകയിരുത്തിരുന്നതും ചെലവഴിച്ചതുമായ തുകകളുടേയും വിശദാംങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | പ്രോജക്ട് | നിർവ്വഹണോദ്യോഗസ്ഥൻ | വകയിരുത്തിയ തുക | ചെലവഴിച്ച തുക | തുക ചെലവഴിച്ച വർഷം |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | 157/22<br>ആരോഗ്യ സ്ഥാപനങ്ങളിൽ രോഗനിർണ്ണയ സംവിധാനങ്ങൾ ഏർപ്പെടുത്തൽ | മെഡിക്കൽ ഓഫീസർ സിഎച്ച് സി | 2,34,733/- | 234733 | 2022-23 |
| 2 | 179/23<br>ആരോഗ്യ സ്ഥാപനങ്ങളിൽ രോഗനിർണ്ണയ സംവിധാനങ്ങൾ ഏർപ്പെടുത്തൽ- രണ്ടാംഘട്ടം | ,, | 1,36,772/- | 1,36,772/- | 2022-23 |
| 3 | 158/22<br>ഹെൽത് ആന്റ് വെൽനസ് സെന്റർ നടപ്പാക്കൽ | ,, | 1,35000/- | 1,27594 | 2022-23 |
| 4 | 172/23 (So)<br>ഹെൽത് ആന്റ് വെൽനസ് സെന്റർ നടപ്പാക്കൽ | ,, | 7406/- | 7406/- | 2023-24 |
| 5 | 180/23<br>ഹെൽത് ആന്റ് വെൽനസ് സെന്റർ നടപ്പാക്കൽ- രണ്ടാംഘട്ടം | ,, | 84,719/- | 74,872/- | 2023-24 |
| 6 | 193/23<br>ഹെൽത് ആന്റ് വെൽനസ് സെന്റർ നടപ്പാക്കൽ | ,, | 3,61000/- | 3,61000/- | 2023-24 |
| 7 | 192/2023<br>ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയ സംവിധാനങ്ങൾ ഏർപ്പെടുത്തൽ | | 8,51000/- | 8,50849/- | 2023-24 |
| 8 | 237/25<br>എഫ് ഡബ്ലിയു സി മെയിൻ സെന്റർനിർമ്മാണം- സിഎച്ച്സി തലയോലപ്പറമ്പ് | അസിസ്റ്റന്റ് എൻജിനീയർ | 27,75000/- | 19,29,773/- | 2024-25 |
| 9 | 238/25<br>വടയാർ സബ്സെന്റർ - കെട്ടിടനിർമ്മാണം | അസിസ്റ്റന്റ് എൻജിനീയർ | 27,75000/- | 25,46,742/- | 2024-25 |
| 10 | 259/25<br>പോഷകാഹാരം, പകർച്ചവ്യാധി ബോധവൽക്കരണം, പ്രതിരോധ പ്രവർത്തനങ്ങൾക്ക് ആവശ്യമായ സാധനസാമഗ്രികൾ ,Deputy Director (H. G.) Kerala State Audit Department ഉപകരണങ്ങൾ- | മെഡിക്കൽ ഓഫീസർ, സിഎച്ച്സി | 2,60000/- | ഇല്ല | 2024-25 |

| | | | | | |
|---|---|---|---|---|---|
| | ജീവിതശൈലീരോഗ നിയന്ത്രണം | | | | |
| 11 | 261/25<br>കിടപ്പുരോഗികൾക്ക് പരിചരണ പ്രവർത്തനങ്ങൾ | ,, | 150000Deputy Director (H. G.) Kerala State Audit Department/- | ഇല്ല | 2024-25 |
| 12 | 262/25<br>ഉപകേന്ദ്രങ്ങളിൽ ഹബ് സ്‌പോക്ക് ലാബ് നെറ്റ് വർക്ക് സംവിധാനം സജ്ജീകരിക്കുന്നതിന് ആവശ്യമായവിവര സാങ്കേതിക സംവിധാനങ്ങൾ ഏർപ്പെടുത്തുക | ,, | 1,25000/- | ഇല്ല | 2024-25 |
| 13 | 263/25<br>ശീതീകരണ സംവിധാനം നടപ്പിലാക്കല്, പരിശോധന റീഏജന്റ് വാങ്ങൽ,ടെസ്റ്റ് സാമ്പിൾ മുകൾത്തട്ടിലുള്ള ലാബിലേക്ക് കൊണ്ടുപോകുന്നതിന് വാഹനം | ,, | 2,30000/- | ഇല്ല | 2024-25 |
| | ആകെ | | 8118224/- | 6269741/- | |



**നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുന്ന കുടുംബക്ഷേമകേന്ദ്രം –തലയോലപ്പറമ്പ്**

**7).<u>ഗ്രാമപഞ്ചായത്തിൽനിലവിലുള്ള ആരോഗ്യപരിരക്ഷാസംവിധാനങ്ങൾ</u>**

കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന തലയോലപ്പറമ്പ് സാമൂഹ്യാരോഗ്യകേന്ദ്രം ഗ്രാമപഞ്ചായത്തിന്റെ 8-ാം വാർഡിലാണ് സ്ഥിതിചെയ്യുന്നത്. സിഎച്ച് സി-കോമ്പൗണ്ടിൽത്തന്നെ

കുടുംബക്ഷേമകേന്ദ്രവും പ്രവർത്തിക്കുന്നു. ഇതിനുപുറമെ വിവിധ വാർഡുകളിലായി 4 സബ്സെന്ററുകൾകൂടി പ്രവർത്തിക്കുന്നുണ്ട്. കൂടാതെ വടയാർ ജംഗ്ഷനിൽത്തന്നെ പ്രവർത്തിക്കുന്ന ഗവ.ഹോമിയോ ഡിസ്പെൻസറിയും 12-ാം വാർഡിൽ ഗവ.ആയുർവേദാശുപത്രിയും ഗ്രാമപഞ്ചായത്തിന്റെ കീഴിലുള്ള മറ്റ് ആരോഗ്യപരിരക്ഷാസ്ഥാപനങ്ങളാണ്.

|  |  |
|---|---|
| സർക്കാർ ഹോമിയോപ്പതി ഡിസ്പെൻസറി, വടയാർ | ഗവ. ആയുർവേദാശുപത്രി, വടയാർ |

| സബ്സെന്റർ സ്ഥിതിചെയ്യുന്ന സ്ഥലം | വാർഡ് | കെട്ടിടം |
|---|---|---|
| മിഠായിക്കുന്നം | 3 | സ്വന്തം കെട്ടിടം |
| വടയാർ | 13 | നിലവിൽ വാടകകെട്ടിടംത്തിൽ പ്രവർത്തിക്കുന്നു. |
| കോരിക്കൽ | 11 | സ്വന്തം |
| പൊതി | 6 | സ്വന്തം |

അസി.എൻജിനീയർ നിർവ്വഹണോദ്യോഗസ്ഥനായി വാർഡ് ഴ -ൽ തലയോലപ്പറമ്പ് സിഎച്ച് സി കോമ്പൗണ്ടിലെ കുടുംബക്ഷേമ പ്രധാനകേന്ദ്രത്തിന്റേയും, വാർഡ് 13-ൽ നിലവിൽ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന വടയാർ സബ്സെന്ററിന്റേയും കെട്ടിടനിർമ്മാണത്തിനുള്ള പ്രോജക്കുകൾ പൂർത്തീകരിച്ചിട്ടില്ലാത്തതാണ്. സ്ഥലപരിശോധനയിൽ തലയോലപ്പറമ്പ് കുടുംബക്ഷേമമെയിൻ കേന്ദ്രം കെട്ടിടത്തിന്റെ പണികൾ നിലവിൽ നടന്നുകൊണ്ടിരിക്കുന്നതായും സ്ട്രക്ച്ചർ നിർമ്മാണം പുരോഗമിച്ചുവരുന്നതായും നേരിൽ ബോധ്യപ്പെട്ടു. വടയാർ സബ്സെന്ററിന്റേയും സ്ട്രക്ച്ചർനിർമ്മാണം പൂർത്തീകരണഘട്ടത്തിലാണ്. ലഭ്യമായിട്ടുള്ള ഗ്രാന്റ് തുകയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നമുറയ്ക്ക് മാത്രമേ അടുത്ത അലോട്ട്മെന്റ് അനുവദിക്കുകയുള്ളൂ എന്നതിനാൽ നടപ്പുസാമ്പത്തികവർഷത്തിൽ ഹെൽത്ത് ഗ്രാന്റിനത്തിൽ തുകയൊന്നും അനുവദിച്ചിട്ടില്ലാത്തതാണ്. ആയതിനാൽ കെട്ടിടനിർമ്മാണത്തിനായി അനുവദിച്ചുലഭിച്ച ഫണ്ട് പൂർണ്ണമായും വിനിയോഗിച്ച് വിനിയോഗസാക്ഷ്യപത്രം ഹാജരാക്കുന്നതിനും ഹെൽത്ത് ഗ്രാന്റിനത്തിനത്തിലുള്ള അടുത്ത അലോട്ട്മെന്റ് ലഭ്യമാക്കി സബ്സെന്ററുകളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിനുമുള്ള നടപടികൾ ഉണ്ടാകേണ്ടതാണ്.

## ഭാഗം -2
## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3
## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

**4-1 മെഡിസെപ് പ്രീമിയം ഒടുക്ക്**

മെഡിസെപ് പ്രീമിയം ഒടുക്ക് (റഗുലർ ജീവനക്കാർ)

| ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം* | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്ക്സ് (മാസം) |
|---|---|---|---|---|
| 24 | 12000 | 12000 | 0 | 4/24 |
| 24 | 12000 | 12000 | 0 | 5/24 |
| 24 | 12000 | 12000 | 0 | 6/24 |
| 24 | 12000 | 12000 | 0 | 7/24 |
| 24 | 12000 | 12000 | 0 | 8/24 |
| 25 | 12500 | 12500 | 0 | 8/24 |
| 24 | 12000 | 12000 | 0 | 10/24 |
| 24 | 12000 | 12000 | 0 | 11/24 |
| 24 | 12000 | 12000 | 0 | 12/24 |
| 24 | 12000 | 12000 | 0 | 1/25 |
| 21 | 11000 | 11000 | 0 | 2/25 |
| 23 | 11500 | 11500 | 0 | 3/25 |
| ആകെ | 143000 | 143000 | 0 | |

*01-04-2024 മുതൽ 31-03-2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളവരുടേത് ഒഴികെ

മെഡിസെപ് പ്രീമിയം ഒടുക്ക് (01-04-2024 മുതൽ 30-06-2024 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2023 മുതലുള്ള കുടിശ്ശിക ഉൾപ്പടെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| ബാധകമല്ല | | | | | |

മെഡിസെപ് പ്രീമിയം ഒടുക്ക് (01-07-2024 ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതലുള്ള കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പടെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|
| ബാധകമല്ല | | | | |

മെഡിസെപ് പ്രീമിയം ഒടുക്ക് (01-08-2024 മുതൽ 31-03-2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | അല്ലെങ്കിൽ 07/2024 മുതലുള്ള കുടിശ്ശിക ഉൾപ്പടെ) | | | |
| ബാധകമല്ല | | | | | |

## 4-2 വാർഷിക ധനകാര്യ പത്രിക-ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2024-25 വാർഷിക ധനകാര്യപത്രിക പഞ്ചായത്ത് ഭരണസമിതി 13/05/2025-ലെ 1(1) നം. തീരുമാന പ്രകാരം അംഗീകരിച്ച് എയിംസ് സോഫ്റ്റ്‌വെയർ മുഖേന ഓൺലൈനായും സെക്രട്ടറിയുടെ 13.05.2025 ലെ AO-04/22 നം. കത്ത് മുഖേന ഓഡിറ്റ് സമയത്തും ഹാജരാക്കിയിരുന്നു. ധനകാര്യ പത്രിക ഓഡിറ്റ് സമയത്ത് 05.06.2025 തീയതിയിൽ പരിശോധിച്ച് വിശേഷണങ്ങളോട് കൂടിയ സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. സർക്കാർ ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു.

## 4-3 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര്(നം.) | ചെലവ് | ബാക്കി |
|---|---|---|---|---|
| കോട്ടയം ജില്ല പഞ്ചായത്ത് | 100000 | ഭിന്നശേഷിക്കാർക്കുള്ള സ്കോളർഷിപ്പും ബത്തയും (2/25) | 100000 | 0 |
| | 60627 | പാലിന് സബ്സിഡി (138/25) | 60627 | 0 |
| | 5175 | കന്നുകാലി ഇൻഷുറൻസ് (265/25) | 5175 | 0 |
| **ആകെ** | **165802/-** | **ജില്ല പഞ്ചായത്ത് വിഹിതം** | **165802/-** | |
| കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്ത് | 1000000 | ലൈഫ് ഭവന പദ്ധതി -ജനറൽ (37/25) | 1000000 | 0 |
| | 99707 | അങ്കണവാടി പൂരക പോഷകാഹാരം (1/25) | 99707 | 0 |
| | 217000 | ഭിന്നശേഷിക്കാർക്കുള്ള സ്കോളർഷിപ്പും ബത്തയും (2/25) | 217000 | 0 |
| | 168564 | പാലിന് സബ്സിഡി(72/25) | 168564 | 0 |
| **ആകെ** | **1485271/-** | **ബ്ലോക്ക് പഞ്ചായത്ത് വിഹിതം/-** | **1485271/-** | |

## 4-4 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകുകയും തുക ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെഎസ് സി ബി ഇലക്ട്രിക്കൽ സെക്ഷൻ, | സ്ട്രീറ്റ് മെയിൻ മാറ്റി സ്ഥാപിക്കൽ (250/25) | 25000-211/18.02.2025<br>5000-283/11.03.2025<br>1267-284/11.03.2025 | 31267/- | 31267/- | 0 |

## 4-5 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുകയൊന്നും നൽകിയിട്ടില്ല.

## 4-6 വായ്പ/വായ്പ തിരിച്ചടവ്

2024-25 വർഷം പഞ്ചായത്തിന് വായ്പ ലഭിച്ചതിന്റേയും തിരിച്ചടച്ചതിന്റേയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച തുക | 2024-25 ൽ തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കി തുക |
|---|---|---|---|---|---|
| ലൈഫ് ഭവന പദ്ധതി (KURDFC) | ജി ഓ (എം എസ് ) നം 100/2018/ തസ്വഭവ,30.07.2018 | 7390104/- | 6520987/- | 1588231/- | 12322860/- |

## 4-7 സ്ഥിരനിക്ഷേപം

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപ കണക്കുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 3896663/- * |
| തൻവർഷം നിക്ഷേപിച്ച തുക(പലിശ) | 285227/- |
| ആകെ | 4181890/- |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| 31/03/2025-ൽ അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 4181890/- |

| ക്രമ നമ്പർ | ബാങ്ക്,അക്കൗണ്ട് നം. | പ്രാരംഭ ബാക്കി | 2024-25 പലിശ | നീക്കിയിരിപ്പ് | കാലാവധി |
|---|---|---|---|---|---|
| 1 | വടയാർ എസ്.സി.ബി, 0121000029068 | 1789427/- | 154394/- (8.25%) | 1943821/- | 18.06.2025 |
| 2 | എസ്.ബി.ഐ, തലയോലപ്പറമ്പ്, 39209454473 | 1229928/- | 77188/- (6.8%) | 1307116/- | 09.03.2026 |
| 3 | സൗത്ത് ഇൻഡ്യൻ ബാങ്ക്, തലയോലപ്പറമ്പ്, 0802101000002253 | 877308/- | 53645/- (6.7%) | 930953/- | 31.05.2025 |
| | **ആകെ** | | | **4181890/-** | |

* ക്രമ നം.3 ലെ സ്ഥിരനിക്ഷേപം പുതുക്കിയപ്പോൾ ലഭിച്ച പലിശയിൽ നിന്ന് 2023-24 വർഷം ആദായനികുതിയിനത്തിൽ റ്റി.ഡി.എസ് ആയി കുറവ് ചെയ്ത 16823/- രൂപ 23-24 വാർഷികകണക്കിൽ പ്രതിഫലിച്ചിരുന്നില്ല. ഇപ്രകാരം 16823/- രൂപ കുറവ് ചെയ്ത തുകയാണ് 2024-25 വർഷത്തെ സ്ഥിരനിക്ഷേപത്തിന്റെ പ്രാരംഭബാക്കിയായി മുകളിൽ ചേർത്തിട്ടുള്ളത്. എന്നാൽ 2024-25 വർഷം പുതുക്കിയപ്പോൾ ആദായനികുതിയിനത്തിൽ കുറവ് ചെയ്ത 5304/- രൂപ വാർഷികകണക്കിൽ പ്രതിഫലിച്ചിട്ടുണ്ട് . 2023-24 വർഷത്തെ 16823/- രൂപയുടെ കുറവ് അക്കൗണ്ട് ചെയ്യാത്തതിനാൽ വാർഷികകണക്ക് പ്രകാരം 31.03.2025 ലെ ആകെ സ്ഥിരനിക്ഷേപ മൂല്യം 4198713/- രൂപയാണ്. സ്ഥിരനിക്ഷേപ രജിസ്റ്ററുമായി 16823/- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.

## 4-8 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് വർഷം ഓഡിറ്റ് റിക്കവറി ഇനത്തിൽ വരവില്ല.

## 4-9 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത ഓഡിറ്റ് | ഖണ്ഡിക | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | നിലവിലെ അവസ്ഥ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | റിപ്പോർട്ട് വർഷം | | ഖണ്ഡികയിലെ വിഷയം | |
| 2000-01 | 3-9 | 2007-08 | 3-32-1 | വസ്ത്രനിർമ്മാണ യൂണിറ്റ് അനുവദിക്കപ്പെട്ട ധനസഹായം വിനിയോഗിച്ചിട്ടില്ല | നിയമസഭാസമിതി(2014-16) യുടെ 52-ാമത് റിപ്പോർട്ട് ഖ.22 പ്രകാരം സംയുക്ത അക്കൗണ്ട് തുടങ്ങിയതുമായി ബന്ധപ്പെട്ട അപാകത മാത്രം ഒഴിവാക്കി. |
| 2002-03 | ഭാഗം 2 ഖ-19 | 2005-06 | 2-27-1 | SGRYപദ്ധതി നടത്തിപ്പിലെ അപാകതകൾ | നിയമസഭാ സമിതി(14-16) 52-ാംമത് റിപ്പോർട്ട് ഖ 14, 15 പ്രകാരം അധികം നൽകിയ ധാന്യത്തിന്റെ മൂല്യം പണത്തിൽ കുറവ് ചെയ്യിട്ടില്ലെങ്കിൽ തുക ഈടാക്കണം |
| 1999-00 | 25(ബി), 33 | 2003-04 | പേജ് 63 | 1.എർത്ത് ഫില്ലിങ്ങിന് അധിക നിരക്ക് നൽകിയത് - 10,554/- 2.കർഷകർക്ക് വളം വിതരണം -അധിക സബ്സിഡി- 15,608/- | നിയമസഭാ സമിതിയുടെ (16-19) 11-ാംമത് റിപ്പോർട്ട് ഖ.35, 36 എന്നിവ പ്രകാരം ഉദ്യോഗസ്ഥരിൽ നിന്നും തുക ഈടാക്കണം |
| 11-12 | പ്രവർത്തന ക്ഷമതാ റിപ്പോർട്ട് | 2013-14 | പ്രവർത്തന ക്ഷമതാ റിപ്പോർട്ടുകൾ ഖ 5-1 പേജ് 57, 65, 76 | ജലസ്രോതസ്സുകളുടെ സംരക്ഷണവും കുടിവെള്ള പദ്ധതികളും | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |
| 2014-15 | 2-1, 2-2, 2-3, 2-4 | 2016-17 | അനുബന്ധം 3 | വസ്തുനികുതി പരിഷ്കരണ നടപടികൾക്ക് ആധികാരിക സ്ഥിരീകരണമില്ല | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |
| 2014-15 | 2-7 | 2016-17 | അനുബന്ധം 4 | തൊഴിൽ നികുതി സംബന്ധിച്ച് | നിയമസഭാ സമിതിയുടെ പരിഗണന യിലാണ് |
| 2015-16 | 2-5 | 2016-17 | അനുബന്ധം 5 | തൊഴിൽ നികുതി സംബന്ധിച്ച് | നിയമസഭാ സമിതിയുടെ പരിഗണന യിലാണ് |
| 2020-21 | 1-15 | 2021-22 | അനുബന്ധം 1 | വാണിജ്യാവശ്യ ത്തിനുള്ള കെട്ടിടങ്ങളെ വിഭജിച്ച് വസ്തുനികുതി നിർണ്ണയം നടത്തുന്നത് | നിയമസഭാ സമിതി പരിഗണിച്ചിട്ടില്ല |

## 4-10 ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം

ചാർജ്/സർചാർജ് നടപടികളിലൂടെ തൻവർഷം തുക ഈടാക്കിയിട്ടില്ല.

## 4-11 ഓഡിറ്റ് പ്രത്യവലോകനം

### എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പുൾപ്പെടെ) (റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം) | : | 6,03,81,076/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം) | : | 5,80,04,642/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1648860/- |

(ബി) <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-26 | 64303/- | ശ്രീമതി ഷാലിനി വർഗ്ഗീസ്, സെക്രട്ടറി |
| | 1294072/- | ശ്രീ രാജേഷ് ജോസ്. സെക്രട്ടറി |
| 1-28 | 85485/- | ഡോ ഹേമ ജി നായർ, മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| 1-32 ക്രമനം1 | 6000/- | ശ്രീമതി ഷാലിനി വർഗ്ഗീസ്, സെക്രട്ടറി |
| | 36000/- | ശ്രീ രാജേഷ് ജോസ്. സെക്രട്ടറി |
| 1-32ക്രമനം2 | 3000/- | ശ്രീമതി ഷാലിനി വർഗ്ഗീസ്, സെക്രട്ടറി |
| 1-32 ക്രമനം3 | 10000/- | ശ്രീ രാജേഷ് ജോസ്. സെക്രട്ടറി |
| 1-32ക്രമനം4 | 150000/- | ശ്രീ രാജേഷ് ജോസ്. സെക്രട്ടറി |
| ആകെ | 1648860/- | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

(ഇ)<u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>

ഇല്ല

## <u>4-12 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ</u>

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നു പുറപ്പെടുവിച്ച എറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| 1997-98 വരവ് | എൽ.എഫ്.കെ.പി5/1062/07/30.06.09/6.10.09 | - |
| 1999-00 ചെലവ് | കെഎസ് എ കെടിഎം പി8/ അദാ.22/1142(1)/1.8.22 | 5 |
| 1998-99 വരവ് | എൽ.എഫ്.കെ.പി5/1096/07/30.06.09/6.10.09 | - |
| 1999-00 വരവ് | എൽ.എഫ്.കെ.പി5/1097/07/1.07.09/6.10.09 | - |
| പ്ലാൻ 2000-01, 01-02 | കെഎസ് എ കെടിഎം പി8/ അദാ.22/1142(5)/22/1.8.22 | - |
| 2002-03, ചെലവ് | എൽ.എഫ്.കെ.പി5/678/05/30.03.18 | - |
| 2000-01 വരവ് | എൽ.എഫ്.കെ.പി5/1098/07/30.06.09/14.9.09 | - |
| 2001-02 | എൽ.എഫ്.കെ.പി5/1082/08/30.03.10 | - |
| 2003-04 | കെഎസ് എ കെടിഎം പി8/ അദാ.22/1142(4)/1.8.22 | 13 |
| 2004-05 | കെഎസ് എ കെടിഎം പി8/ അദാ.22/1142(5)/1.8.22 | 6 |
| 2005-06 | കെ.എസ്.എ-കെ.ടി.എം.പി8(അദാ.)2018-31(4)/2018/16.02.18/14.03.18 | 2 |
| 2006-07 | കെഎസ് എ കെടിഎം പി8/ അദാ.22/1142(6)/1.8.22 | 8 |
| 2007-08 | കെ.എസ്.എ-കെ.ടി.എം.പി8(അദാ.)22/1142(7)/22/01.08.2022 | 12 |
| 2008-09 | കെഎസ് എ കെടിഎം പി8/ അദാ.22/1142(8)/22/1.8.22 | 4 |
| 2009-10 | കെഎസ് എ കെടിഎം പി8/ അദാ.22/1142(9)/22/1.8.22 | 12 |
| 2010-11 & 2011-12 | കെഎസ് എ കെടിഎം പി8/ അദാ.22/1142(9)/22/1.8.22 | 11 |
| 2012-13 | കെഎസ് എ കെടിഎം പി8/ അദാ.22/1142(11)/22/1.8.22 | 4 |
| 2013-14 | കെഎസ് എ കെടിഎം പി8/ അദാ.22/1142(13)/22/1.8.22 | 5 |
| 2014-15 | കെഎസ് എ കെടിഎം പി8/ അദാ.22/860(1)/22/1.8.22 | 10 |
| 2015-16 | കെഎസ് എ കെടിഎം പി8/ അദാ.22/860(2)/22/1.8.22 | 11 |
| 2016-17 | കെഎസ് എ കെടിഎം പി8/ അദാ.22/142/22/1.8.22 | 17 |
| 2017-18 | കെഎസ് എ കെടിഎം പി8/ അദാ.22/860(3)/22/1.8.22 | 14 |
| 2018-19 | കെഎസ് എ കെടിഎം പി8/ അദാ.22/860(4)/22/1.8.22 | 19 |
| 2019-20 | കെഎസ് എ കെടിഎം പി8/100/22/8.6.22 | 20 |
| 2020-21 | കെഎസ് എ കെടിഎം പി8/1016/22/9.6.22 | 34 |
| 2021-22 | കെഎസ്എ കെടിഎം/പി8/363/23 /31.03.23 | 17 |
| 2022-23 | കെഎസ്എ കെടിഎം/പി8/350/25/10.03.25 | 38 |
| 2023-24 | കെഎസ്എ കെടിഎം/പി8/1801/24/04.03.25 | 33 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ ഖണ്ഡികകൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**Annexure-1**
**Audit Certificate**

i. I have audited the attached Financial statements approved vide resolution number 01 dated 01(1) dated 13-05-2025 and submitted on 13-05-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the Thalayolaparambu Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Thalayolaparambu Grama Panchayat as on 31-03-2025

**Date: 11/09/2025** **Deputy Director**

**Kerala State Audit Department**

**Audit Report appended to the Audit Certificate of Thalayolaparambu Grama Panchayat for the Year 2024-2025.**

**1.Major Observations**

1. General Fund Details not maintained. Opening Balance Receipt Payment (OBRP) data of asset and liability as on 01/04/2011 is not available. Full source data not available for the value of total general fund as on 31-03-2025.
2. Non Disclosure of Capital Contribution-Capital Contribution opening balance details as on 01-04-2024 is not provided by authorised register or document.
3. Non Disclosure of Assets-Assets not classified and valuated and accounted-Asset Database is not updated upto 31-03-2025.

**2.Other Observations**

1. Balance amount of Fixed Deposit in bank not tally with AFS balance sheet on 31-03-2025
2. Accumulated depreciation value of vehicles exceeds its net asset value as on 31-03-2025
3. All expenditures due upto 31-03-2025 has not accounted as payable during the financial year.
4. NREGA- Administrative Expenditure accounted in I-14 (F) Schedule is not correct
5. Government and other dues register not maintained.

Deputy Director
District Audit Office, Kottayam
Kerala State Audit Department

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്